# ദൈവത്തിന്റെ ആശ്ചര്യകൃപ

വില്യം മക്ഡൊണാൾഡ്

പരിഭാഷ: എൽ. സാം

Authentic

HYDERABAD

*Daivthinte Ascharya Krupa*
(Malayalam)

God's Amazing Grace
by William MacDonald

First Malayalam edition 2014
ISBN: 978-93-83691-01-2

All rights reserved.
No part of this publication may be reproduced in any form or by any means, electronic, or mechanical, including photocopying, recording, or any information storage and retrieval system, without permission in writing from the publisher.

Published by
Authentic Books
Logos Bhavan, Suchitra Junction, Secunderabad 500 067, Andhra Pradesh.
www.authenticindia.in

Authentic Books is an imprint of Authentic Media, the publishing division of OM Books Foundation.

Printed and bound in India by
Authentic Media, Secunderabad 500 067

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| | *ആശ്ചര്യമാം ദൈവകൃപ* | *7* |
| 1. | അത്ഭുതകരമായ പ്രശ്നം | 9 |
| 2. | നിസ്തുലമായ പരിഹാരം | 13 |
| 3. | ഇതാ, സദ്വാർത്ത! | 21 |
| 4. | ദൈവത്തിന്റെ അന്ധാളിപ്പിക്കുന്ന കൃപ | 25 |
| 5. | കൃപ ആസ്വദിക്കുന്നതെങ്ങനെ? | 31 |
| 6. | സദ്വാർത്തയല്ലാത്ത ഒരു "സുവിശേഷം" | 51 |
| 7. | ഒരു യഥാർത്ഥ വിശ്വാസിയോട് സംസാരിക്കുന്നത് എളുപ്പമാണ് | 63 |
| 8. | നിങ്ങളുടെ സംഭാഷണം നിങ്ങളെ വെളിപ്പെടുത്തുന്നു | 67 |
| 9. | പ്രവൃത്തികൾക്കുള്ള ദോഷമെന്ത്? | 71 |
| 10. | ഈ ചോദ്യങ്ങൾക്ക് ഉത്തരംപറയുക | 75 |
| 11. | കൃപയെ ദുരുപയോഗം ചെയ്യുന്നു... | 83 |
| 12. | ദൈവം വിശുദ്ധി നൽകുന്നത് എങ്ങനെ? | 87 |
| 13. | കൃപ, കൃപ മാത്രം | 95 |
| 14. | പുനരവലോകനം | 101 |
| | *റഫറൻസുകൾ* | *107* |

# ആശ്ചര്യമാം ദൈവകൃപ

ജോൺ ന്യൂട്ടൺ, അരിഷ്ടമായ ബാല്യത്തിനും അസ്വസ്ഥമായ യൗവനത്തിനും ശേഷം, തന്റെ പിതാവിന്റെ മെഡിറ്ററേനിയൻ വ്യാപാരക്കപ്പലിൽ ചേർന്നു. അവിശ്വസ്തതയുടെയും അസാന്മാർഗികതയുടെയും നീർച്ചുഴികളിൽ അവൻ മുങ്ങിത്താണു. ഒരു വാക്കുപോലും ആവർത്തിച്ചു പറയാതെ രണ്ടു മണിക്കൂർ സമയം തുടർച്ചയായി ശപിക്കുന്നതിനും ആണയിടുന്നതിനും തനിക്കു കഴിഞ്ഞിരുന്നുവത്രേ. പിതാവ് അവനെ ജോലിയിൽ നിന്നു പിരിച്ചുവിട്ടശേഷം അവൻ അടിമക്കപ്പലുകളിൽ ജോലിചെയ്തു. അവിടെ അവൻ തന്റെ മേധാവിയുടെ ആഫ്രിക്കൻഭാര്യയുടെ അടിമയായിത്തീർന്നു. അക്ഷരാർഥത്തിൽ തന്നെ.

സമുദ്രത്തിലുണ്ടായ അതിഭയങ്കരമയൊരു കൊടുങ്കാറ്റിൽ പ്രാണനാശത്തിന്റെ വക്കിലെത്തിയപ്പോൾ, അവൻ കർത്താവിങ്കലേക്കു തിരിഞ്ഞു. അതിനുശേഷം താൻ മുമ്പ് വെറുത്തിരുന്ന സുവിശേഷത്തിന്റെ ശുശ്രൂഷകനായിത്തീർന്നു.

ജോൺ ന്യൂട്ടന്റെ രക്ഷയുടെ വ്യക്തിപരമായ അനുഭവം ഈ വിശ്വപ്രിയ ഗാനത്തിൽ വെളിപ്പെടുത്തിയിരിക്കുന്നു. ദൈവത്തിന്റെ മഹാ കൃപയാണ് "ആശ്ചര്യമാം ദിവ്യകൃപ...."(Amazing grace/ How sweet the sound/That saved a wretch like me...) എന്ന ഈ ഗാനം പ്രശസ്ത ഗാനങ്ങളുടെ ഇടയിൽ കൃപ കണ്ടെത്തിയിട്ടില്ലാത്തവർ പോലും നിരന്തരം കുതൂഹലത്തോടെ ആലപിച്ചു പോരുവാൻ കാരണം:

*ആശ്ചര്യമാം ദിവ്യകൃപ*
*കേൾവിക്കിൻപ സ്വരം*
*നീച പാപിയാമെന്നെയും*
*രക്ഷിച്ച വൻകൃപ!*
*അന്ധൻ ഞാൻ നഷ്ടപ്പെട്ടോനായ്*
*എന്നാൽ കാണുന്നിപ്പോൾ*
*കൃപയാൽ, കണ്ടെടുത്തോനായ്*
*വീണ്ടെടുക്കപ്പെട്ടോൻ*
*കർത്തൻ എനിക്കായ് നന്മകൾ*
*വാഗ്ദത്തം ചെയ്തു താൻ*
*തൻ വാക്കെൻ ബലം പ്രത്യാശ*
*ആയതെൻ കൃപയാം*
*എൻ ഓഹരി എൻ സങ്കേതം*
*കർത്തൻ എന്നേശുതാൻ*
*എൻ ജീവകാലം സർവവും*
*നിൽക്കും തൻ കൃപയിൽ*
*അനേകം ആപത്തനർഥം*
*കഷ്ടം ശോധനകൾ*
*മുറ്റിലും എന്നെ ചുറ്റിലും*
*കൃപ മനോഹരം!*
*ഇന്നയോളം കൃപയത്രേ*
*എന്നെ സംരക്ഷിച്ചു*
*അന്ത്യത്തോളം കൃപ തന്നെ*
*പാലിച്ചീടും എന്നും!*

—ജോൺ ന്യൂട്ടൺ.

# 1

# അത്ഭുതകരമായ പ്രശ്നം

ദൈവത്തിന് ഒരു പ്രശ്നം ഉണ്ടായി. വാസ്തവത്തിൽ അതു പ്രശ്നം ആയിരുന്നില്ല. മഹാദൈവം തനിക്കു പ്രശ്നങ്ങൾ ഉണ്ടാകാത്തവിധം അതിശക്തനും ജ്ഞാനിയും ആണല്ലോ. ദൈവം പ്രശ്നങ്ങൾ *പരിഹരിക്കുക* മാത്രമാണു ചെയ്യുന്നത്. എന്നാൽ മനുഷ്യവർഗത്തിന് ഒരു രക്ഷാപദ്ധതി ഉണ്ടാക്കുന്നതിൽ ദൈവത്തിനു പ്രശ്നമുണ്ടായി എന്നു നമുക്കു തോന്നും. ദൈവത്തിന് ഒരു പ്രശ്നം ഉണ്ടായി എന്നു നാം പറയുമ്പോൾ, നാം കേവലം *മാനുഷിക ഭാഷ ഉപയോഗിക്കുന്നു* എന്നേയുള്ളൂ.

ശരി, പ്രശ്നം എന്തായിരുന്നു? വാസ്തവത്തിൽ ദൈവത്തിന്റെ ഏറ്റവും മഹത്തായ രണ്ടു സ്വഭാവവിശേഷങ്ങൾ—ദൈവത്തിന്റെ സ്നേഹവും ദൈവത്തിന്റെ നീതിയും തമ്മിലുള്ള ഏറ്റുമുട്ടലിൽ നിന്നുള്ളതായിരുന്നു ആ പ്രശ്നം.

ഒരു ഭാഗത്ത്, ദൈവം വികാരോഷ്മളമായി മനുഷ്യരെ സ്നേഹിക്കുന്നു. മനുഷ്യർ ദൈവത്തിന്റെ സൃഷ്ടികളുടെ മകുടമാണ്. സൃഷ്ടിയുടെ സകല അത്ഭുതങ്ങളുടെയും മധ്യത്തിൽ, ദൈവം ഒരു പ്രത്യേക വാത്സല്യത്തോടെ മനുഷ്യവർഗത്തിൽ ആനന്ദിക്കുന്നു. സകല നിത്യതയിലും എല്ലാ സ്ത്രീ പുരു

ഷന്മാരോടും ബാലികാ ബാലന്മാരോടുമുള്ള സഖിത്വവും കൂട്ടായ്മയും ദൈവം ആഗ്രഹിക്കുന്നു.

എന്നാൽ നാമെല്ലാവരും പാപികളും ദൈവം നീതിമാനുമാകുന്നു എന്ന യാഥാർഥ്യത്തിൽനിന്ന് ഉയരുന്നതാണ് ഈ പ്രശ്നം. പാപത്തെ അംഗീകാരദൃഷ്ടിയോടെ കാണുവാൻ ദൈവത്തിനു സാധ്യമല്ല. പാപത്തിനു നേരെ കണ്ണടയ്ക്കുന്നതിനോ കണ്ടില്ലെന്നു കരുതുന്നതിനോ എഴുതിത്തള്ളുന്നതിനോ ദൈവത്തിനു സാധ്യമല്ല. പാപം ശിക്ഷിക്കപ്പെടണം. പാപത്തിന്റെ ശമ്പളം മരണമത്രേ. പാപികൾക്ക് എന്നെങ്കിലും ദൈവത്തോടുകൂടെ സ്വർഗത്തിൽ വസിക്കാൻ കഴിയണമെങ്കിൽ, അവരുടെ പാപങ്ങൾ ഏതെങ്കിലും വിധത്തിൽ പരിഹരിക്കപ്പെടണം. അതിനുള്ള പിഴ കൊടുക്കണം. ദൈവത്തോടുകൂടെ വസിക്കുന്നതിനു മനുഷ്യർ ശുദ്ധരും പാപരഹിതരും ആയിത്തീരണം.

വിസ്മയിപ്പിക്കുന്ന പ്രശ്നം ഇവിടെയാണ്. ഒരു ഭാഗത്ത്, ദൈവം സ്നേഹമാണ്, ആരും നശിച്ചുപോകുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. മനുഷ്യന്റെ നിത്യനാശം ദൈവം ആഗ്രഹിക്കുന്നില്ല. സകല മനുഷ്യരും സ്വർഗത്തിന്റെ മഹിമകളും ആനന്ദവും അനന്തകാലവും അനുഭവിച്ചാസ്വദിക്കണം എന്നതാണ് ദൈവത്തിന്റെ ആഗ്രഹം.

എന്നാൽ ദൈവം വെളിച്ചമാണ്. പാപിയുടെ പാപത്തിനു പ്രായശ്ചിത്തം ഉണ്ടാകണമെന്നു ദൈവത്തിന്റെ നീതി ആവശ്യപ്പെടുന്നു. എല്ലാ ദുഷ്ടചിന്തകൾക്കും വാക്കുകൾക്കും ദുഷ്പ്രവൃത്തികൾക്കും സമ്പൂർണപരിഹാരം ദൈവം ആവശ്യപ്പെടുന്നു. പാപക്ഷമ ലഭിച്ചിട്ടില്ലാത്ത ഒരു പാപിയും ഒരിക്കലും സ്വർഗത്തിൽ പ്രവേശിക്കുകയില്ല.

തന്റെ സ്നേഹത്തെ സംതൃപ്തമാക്കുന്നതും, അതേസമയം തന്റെ നീതിക്കു വിട്ടുവീഴ്ച ഉണ്ടാകാത്തതുമായ ഒരു രക്ഷാപദ്ധതി ഉണ്ടാക്കുവാൻ ദൈവത്തിന് എങ്ങനെ കഴിയും? ഒരേസമയം ദൈവത്തിനു നീതിയുള്ള ദൈവമായും രക്ഷകനായും വർത്തിക്കാൻ കഴിയുമോ? നീതിമാനായ ദൈവമായിരി

ക്കുന്നതിനും നീതികെട്ട പാപികളോടു ക്ഷമിക്കുന്നതിനും ദൈവത്തിന് എങ്ങനെ കഴിയും? ബുദ്ധിമുട്ട് അവിടെയാണ്.

സുപ്രസിദ്ധ ഗ്രീക്കു തത്വചിന്തകൻ സോക്രട്ടീസ് ഒരിക്കൽ സ്വശിഷ്യൻ പ്ലേറ്റോയോടു പറഞ്ഞു: "ദൈവം പാപങ്ങൾ ക്ഷമിച്ചേക്കാം പക്ഷേ, അത് എങ്ങനെ എന്നു കാണുവാൻ എനിക്കു കഴിയുന്നില്ല."

## ഏതൊരു രക്ഷാപദ്ധതിക്കും അവശ്യം വേണ്ടുന്ന ഏഴുകാര്യങ്ങൾ

വീണുപോയ മനുഷ്യനെ വീണ്ടെടുക്കുവാൻ ദൈവം തീരുമാനിച്ചപ്പോൾ അത് വിവരിക്കാനാവാത്ത കാരുണ്യപ്രവൃത്തിയായിരുന്നു. എന്നാൽ ദൈവം അങ്ങനെയൊരു തീരുമാനം കൈക്കൊണ്ടപ്പോൾ, തന്റെ സ്നേഹത്തെയും വിശുദ്ധിയെയും സമ്പൂർണമായി സംതൃപ്തമാക്കുന്ന ഒരു രക്ഷാപദ്ധതി ദൈവം സംവിധാനം ചെയ്യേണ്ടതായി വന്നു. ദൈവം എല്ലാവരേയും സ്നേഹിക്കുന്നതിനാൽ ദൈവത്തിന്റെ രക്ഷയിൽ താഴെ പറയുന്ന കാര്യങ്ങൾ നിർവഹിക്കപ്പെടണം:

- രക്ഷ എല്ലാവർക്കും വാഗ്ദത്തം ചെയ്തിരിക്കുന്നു. ആരെയും ഒഴിവാക്കുവാൻ ദൈവം ആഗ്രഹിക്കുന്നില്ല.
- രക്ഷ എല്ലാവർക്കും മതിയായതായിരിക്കണം. സകല മനുഷ്യരുടെയും ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നതായിരിക്കണം.
- രക്ഷയ്ക്ക് എല്ലാ മനുഷ്യരും യോഗ്യരാകണം. രക്ഷയുടെ പങ്കാളിത്തത്തിൽനിന്നു യാതൊരു ദോഷവും ആരേയും ഒഴിവാക്കരുത്.
- ഏതൊരു മനുഷ്യനും ഗ്രഹിപ്പാൻ തക്കവണ്ണം ഈ രക്ഷാമാർഗം ലളിതമായിരിക്കണം. ദുർഗ്രഹമായൊരു വാഗ്ദത്തം നൽകുന്നതിൽ അർഥമില്ല.
- ഏതൊരു മനുഷ്യനും സ്വീകരിക്കുവാൻ (പ്രാപിക്കുവാൻ) കഴിയുന്നതായിരിക്കണം രക്ഷ. ഒരു വ്യക്തിക്കുപോലും സ്വീകാര്യമല്ലാത്ത, നിവർത്തിക്കുവാൻ കഴിയാത്ത യാതൊരു വ്യവസ്ഥയും അതിൽ ഉണ്ടാകരുത്.

- മനുഷ്യനു പ്രശംസിക്കുവാൻ യാതൊരു സാധ്യതയും അതിൽ ഉണ്ടാകരുത്. നിഗളമാണ് മാതൃപാപം. സ്വർഗത്തിൽ നിഗളം ഉണ്ടാകയില്ല. മാനുഷിക പ്രശംസ ഒഴിവാക്കേണ്ട തിനു സ്വർഗത്തിൽ എത്തുന്നതിന് എല്ലാവർക്കും യോഗ്യത ഒന്നു തന്നെ.
- ഒരു മനുഷ്യന്റെ ഇച്ഛെക്കു വിരോധമായി ദൈവം നിർബ ന്ധിക്കുന്ന ഒന്നാകരുത് ഈ രക്ഷാമാർഗം.

# 2

# നിസ്തുലമായ പരിഹാരം

ദൈവത്തിന്റെ ഈ വൈഷമ്യത്തിന് ഒരു പരിഹാരമേയുള്ളൂ. അത് പകരക്കാരൻ എന്ന പദത്തിലാണ്. അനുയോജ്യനായ ഒരു പകരക്കാരൻ ജനത്തിന്റെ പാപങ്ങളുടെ പിഴകൊടുക്കണം. പകരക്കാരൻ എന്ന ആശയം, നമുക്കു പരിചിതമാണല്ലോ. ചില കളികളിൽ കോച്ച് ഒരു കളിക്കാരനുപകരം മറ്റൊരാളെ കളിക്കളത്തിലേക്കു നിയോഗിക്കും. പഴയനിയമ കാലത്തെ ഒരു സാധാരണ യെഹൂദൻപോലും പകരക്കാരൻ എന്ന ആശയം ഗ്രഹിച്ചിരുന്നു. അവൻ ഒരു മൃഗത്തെ യാഗപീഠത്തിൽ കൊണ്ടുവന്ന് ആ മൃഗത്തിന്റെ തലയിൽ തന്റെ കരങ്ങൾ വെക്കുമ്പോൾ, തന്റെ സ്ഥാനത്തു കൊല്ലപ്പെടുവാൻ പോകുന്ന ഒരു മൃഗത്തിന്മേൽ തന്റെ പാപങ്ങൾ ചുമത്തപ്പെടുന്നതായി അവൻ മനസ്സിലാക്കിയിരുന്നു.

അതെ, പാപികളായ മനുഷ്യവർഗത്തിന്റെ സ്ഥാനത്ത് മരിക്കുന്നതിന് ഒരു പകരക്കാരനെ കണ്ടെത്തുക എന്നതായിരുന്നു ധർമസങ്കടത്തിനു നിസ്തുലമായൊരു പരിഹാരം. ഇവിടെയും ഈ പകരക്കാരൻ താഴെപ്പറയുന്ന വ്യവസ്ഥകൾ പൂർത്തീകരിക്കണം:

## പകരക്കാരൻ അഞ്ചു പരിശോധനകളിൽ ജയിക്കണം

- പകരക്കാരൻ മനുഷ്യൻ ആയിരിക്കണം. അല്ലാത്തപക്ഷം, ആ കൈമാറ്റം ന്യായയുക്തമോ തുല്യമോ ആയിരിക്കുകയില്ല.
- പകരക്കാരൻ പാപമില്ലാത്തവൻ ആയിരിക്കണം. അല്ലാത്ത പക്ഷം, അവൻ സ്വന്തപാപങ്ങൾക്കുവേണ്ടി മരിക്കേണ്ടി വരും.
- പകരക്കാരൻ ദൈവമായിരിക്കണം. അസംഖ്യം മനുഷ്യരുടെ അസംഖ്യം പാപങ്ങൾക്കും ഭൂത-വർത്തമാന-ഭാവികാല പാപങ്ങൾക്കും പ്രായശ്ചിത്തം വരുത്തുവാൻ അനാദ്യനായ ഒരുവനു മാത്രമേ സാധിക്കുകയുള്ളൂ.
- പകരക്കാരൻ തന്റെ രക്തം ചൊരിയണം. രക്തം ചൊരിഞ്ഞിട്ടല്ലാതെ പാപക്ഷമയില്ല എന്ന് ദൈവിക പ്രമാണം പറഞ്ഞിരിക്കുന്നു. ജീവൻ രക്തത്തിലാണ്; ജീവനു പകരം ജീവൻ.
- പകരക്കാരൻ മരിക്കുന്നതിനു മനസ്സുള്ളവനായിരിക്കണം. അല്ലാത്തപക്ഷം, അധർമികളായ പാപികൾക്കുവേണ്ടി മരിക്കുന്നതിനു സ്വമേധയാ മനസ്സുവെക്കാത്ത ഒരു മനുഷ്യനെ, അനീതിയായി ദൈവം നിർബന്ധിച്ചു എന്നു സാത്താൻ കുറ്റപ്പെടുത്തും.

## യേശു എല്ലാ വ്യവസ്ഥകളിലും അനുയോജ്യനായി

യേശു ക്രിസ്തു മാത്രമാണ് ഈ എല്ലാ വ്യവസ്ഥകളെയും തൃപ്തിപ്പെടുത്തുന്ന പ്രപഞ്ചത്തിലെ ഏക വ്യക്തി.

- യേശു ബെത്ത്ലെഹെമിൽ മനുഷ്യനായി. കന്യകമറിയയിൽ അവൻ ജനിച്ചു. അവൻ സമ്പൂർണമനുഷ്യനാണ്.[1] “നമ്മുടെ ദൈവം ചെറുതായി; അപ്രമേയമാംവിധം മനുഷ്യനായി ത്തീർന്നു” എന്നു സുപ്രസിദ്ധ ക്രിസ്തീയ ഗാനരചയിതാവ് ചാൾസ് വെസ്ലി പറഞ്ഞിരിക്കുന്നു.
- അവൻ ദൈവമാകുന്നു.[2] അവനു ദൈവത്തിന്റെ സകല

സ്വഭാവഗുണങ്ങളും ഉണ്ട്. ദൈവത്തിന്റെ എല്ലാ നാമങ്ങളും അവനുണ്ട്. അവൻ പിതാവായ ദൈവത്തോട് സമത്വമുള്ളവനാണ്.

- അവൻ പാപമില്ലാത്തവൻ ആണ്. അതിന് അനിഷേധ്യമായ രേഖകളുണ്ട്. അവൻ പാപം അറിയാത്തവൻ; പാപം ചെയ്യാത്തവൻ, അവനിൽ പാപം ഇല്ല.[3]
- പാപികൾക്കു പകരക്കാരനായി കാൽവരിക്രൂശിൽ യേശു സ്വന്തരക്തം ചൊരിഞ്ഞു. സകല പാപവും പോക്കി ശുദ്ധീകരിക്കുന്ന ദൈവത്തിന്റെ പുത്രനായ യേശുക്രിസ്തുവിന്റെ രക്തത്തെ ജനകോടികൾ തങ്ങളുടേതായി സ്വീകരിച്ചിരിക്കുന്നു.[4]
- പാപികൾ രക്ഷിക്കപ്പെടുവാൻ തക്കവണ്ണം അവൻ സ്വമനസ്സാലെ അത് ചെയ്തു. അവൻ വൈമനസ്യം കാണിച്ചില്ല. മാറി നിന്നില്ല. യേശു ദൈവഹിതത്തിനു സന്തോഷത്തോടെ സമർപ്പിച്ചു.[5]

ക്രിസ്തു നമ്മുടെ പകരക്കാരൻ എന്ന സത്യം വേദപുസ്തകത്തിലുടനീളം കാണുവാൻ കഴിയും. “സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു. നമ്മുടെ വേദനകളെ അവൻ ചുമന്നു: അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു. നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെമേൽ ആയി. അവന്റെ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം വന്നുമിരിക്കുന്നു. യഹോവ നമ്മുടെ എല്ലാവരുടെയും അകൃത്യം അവന്റെമേൽ ചുമത്തി.”[6]

യോഹന്നാൻസ്നാപകൻ വിളിച്ചുപറഞ്ഞു: “ഇതാ, ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്.”[7] അത്ഭുതപരതന്ത്രനായി പൗലൊസ് എഴുതി: “എന്നെ സ്നേഹിച്ചു എനി ക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രൻ.”[8] പത്രൊസ് സാക്ഷ്യം തുടരുന്നു: “അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ടു മരത്തിന്മേൽ കയറി.”[9] സ്നേഹത്തിന്റെ അപ്പൊസ്തലൻ അത് ഉറപ്പിച്ചുപറയുന്നു: “അവൻ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തം ആകുന്നു.

നമ്മുടേതിനു മാത്രമല്ല, സർവലോകത്തിന്റേയും പാപത്തിനു തന്നേ."[10]

## ദൈവത്തിന്റെ രക്ഷാപദ്ധതി എല്ലാ വ്യവസ്ഥകൾക്കും അനുയോജ്യം

കർത്താവായ യേശു ഒരു പ്രതിപുരുഷയാഗത്തിന്റെ എല്ലാ വ്യവസ്ഥകൾക്കും അനുയോജ്യനാകയാൽ, ദൈവം തന്റെ അതിശയകരമായ രക്ഷാമാർഗം പ്രഖ്യാപിക്കുന്നു. അത് തന്റെ കൃപയുടെ സദ്വാർത്തയാണ്. തങ്ങളുടെ പാപങ്ങളെക്കുറിച്ച് അനുതപിച്ചു, കർത്താവും രക്ഷിതാവുമായി ദൈവത്തിന്റെ പുത്രനെ വിശ്വാസത്താൽ കൈക്കൊള്ളുന്ന ഏതൊരു വ്യക്തിക്കും സൗജന്യദാനമായി ദൈവം രക്ഷ വാഗ്ദാനം ചെയ്യുന്നു.

- രക്ഷ സകല മനുഷ്യർക്കും ലഭ്യമാകുന്നു. "വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്"[11] എന്നാണ് സുവിശേഷം പറയുന്നത്. ഇതിനു പണം കൊടുക്കണമായിരുന്നെങ്കിൽ ദരിദ്രർ തള്ളപ്പെട്ടുപോകുമായിരുന്നു.
- അത് എല്ലാവർക്കും മതിയായതാണ്.[12] ഈ അനാദ്യനായ രക്ഷകന്റെ മരണത്തിനു സർവലോകത്തിന്റെയും പാപത്തിനു പ്രായശ്ചിത്തം വരുത്തുവാൻ ശക്തിയുണ്ട്. ഇത് മതിയായതു തന്നെ.
- എല്ലാവരും പാപികളായതിനാൽ എല്ലാവരും രക്ഷെക്ക് അർഹരായവരാണ്.[13] ഏതൊരു മനുഷ്യന്റെയും അയോഗ്യത തന്നെയാണ് അവനെ ദൈവത്തിന്റെ രക്ഷെക്കു യോഗ്യനാക്കുന്നത്. നിത്യജീവൻ എന്ന ദാനം ബുദ്ധിജീവികൾക്കും സുമുഖന്മാർക്കും പ്രശസ്തർക്കും ധനികർക്കും മാത്രമുള്ളതല്ല എന്നത് എത്രയോ ശ്രേഷ്ഠം. അങ്ങനെയായിരുന്നങ്കിൽ നമ്മിൽ ചിലർ ഒരിക്കലും അതിനു യോഗ്യരാകുമായിരുന്നില്ല. എഴുത്തും വായനയും അറിയുന്നവർക്കും, സംസാരിക്കാനും കാണാനും കഴിയുന്നവർക്കും, ഓടിക്കയറാൻ സാധിക്കുന്നവർക്കും മാത്രമായിരുന്നു എങ്കിൽ നമ്മിൽ ചിലർ

തള്ളപ്പെടുമായിരുന്നു. സുവിശേഷം മാത്രമാണ് സർവലോകത്തിനും ചേരുന്ന സദ്വാർത്ത.

- ഏതൊരു മനുഷ്യനും സുഗ്രാഹ്യമാകുംവിധം ഇത് ലളിതമാണ്. ആരും തന്നേ അത്രേക്ക് ആദിവാസിയോ നിരക്ഷരരോ ആയിരിക്കുന്നില്ല. വരിക എന്നു കർത്താവായ യേശു സുവിശേഷത്തിൽ പറയുന്നു.[14] അതിൽ സങ്കീർണതയൊന്നുമില്ല. വില്യം കൂപ്പർ പറഞ്ഞിരിക്കുന്നതുപോലെ, "മനുഷ്യന്റെ സങ്കീർണമായ പ്രവൃത്തികൾ പോലെയല്ല, ദൈവത്തിന്റെ രക്ഷാപദ്ധതി ലളിതവും സങ്കീർണതകൾ ഇല്ലാത്തതുമാകുന്നു."
- ഏതൊരാൾക്കും ഇത് പ്രാപിക്കാം.[15] രക്ഷ അനുതപിക്കുന്നതിലാണ്. ഏതൊരാൾക്കും അതു ചെയ്യാം. വിശ്വാസത്താലാണ്. ഏതൊരു മനുഷ്യനും കർത്താവായ യേശു ക്രിസ്തുവിൽ വിശ്വസിക്കാം. യേശുവിനെക്കാൾ വിശ്വാസയോഗ്യനായി മറ്റാരുമില്ല. സൃഷ്ടി തന്റെ സ്രഷ്ടാവിനെ വിശ്വസിച്ചാശ്രയിക്കുന്നത് തികെച്ചും യുക്തിസഹമത്രെ.
- കൃപ പ്രശംസയെ തള്ളിക്കളയുന്നു. "സകല പാപവും ഞാൻ ചെയ്തു. രക്ഷാപ്രവൃത്തി എല്ലാം യേശു ചെയ്തു. ഞാൻ യേശുവിന്റെ യോഗ്യതകൾ അവകാശമാക്കുന്നു. എന്തെങ്കിലും ആകുന്നതുകൊണ്ടോ ഞാൻ എന്തെങ്കിലും ചെയ്തതുകൊണ്ടോ എനിക്കു സ്വർഗത്തിൽ പ്രവേശിക്കാൻ യാതൊരു അവകാശവും ഇല്ല. ക്രിസ്തു മാത്രമാണ് എന്റെ പാസ്പോർട്ട്" എന്ന് കൃപ പറയും. നമ്മുടെ സ്വഭാവവൈശിഷ്ട്യത്താലോ നമ്മുടെ മേൻമയേറിയ പ്രവൃത്തിയാലോ സ്വർഗം എങ്ങനെയും നേടുവാൻ കഴിഞ്ഞെങ്കിൽ നാം പ്രശംസിച്ചു നടക്കുമായിരുന്നു. പ്രശംസകൾ തന്നെ ഉന്നതവും അത്യുന്നതവുമായി കാണപ്പെടുമായിരുന്നു. ഒരുവൻ സ്വയം ഉയർത്തുന്നതിന്റെയും സ്പർധയുടെയും അസൂയയുടെയും വൈരാഗ്യത്തിന്റെയും രംഗമാകുമായിരുന്നു സ്വർഗം. ചക് സ്മിത്ത് അത് ഇങ്ങനെ വിവരിച്ചിരിക്കുന്നു: "നിങ്ങൾ

പറയുന്ന കഥയെല്ലാം കേട്ടുകൊണ്ട് ഞാൻ ഇരിക്കും. എന്നിട്ടു ഞാൻ ചിന്തിക്കുമായിരുന്നു, 'ഈ ബോറൻ സംസാരം ഒന്നു നിറുത്തിയിരുന്നെങ്കിൽ ഞാൻ എത്ര മഹാനാണെന്നു പറഞ്ഞുകേൾപ്പിക്കാമായിരുന്നു'."[16] എങ്കിൽ അത് സ്വർഗമേ ആകുകയില്ലല്ലോ.

- മനുഷ്യന്റെ രക്ഷ സ്വീകരിക്കുവാൻ മനുഷ്യനെ നിർബന്ധിക്കുന്നില്ല.[17] സ്രഷ്ട്രാവ്, മനുഷ്യനെ സ്വതന്ത്ര ഇച്ഛയുള്ളവനായി സൃഷ്ടിച്ചു. അസാധാരണമായി തോന്നാം, എല്ലാവരും രക്ഷിക്കപ്പെടുവാൻ ആഗ്രഹിക്കുന്നില്ല. ദൈവം സ്വർഗത്തെ ആരുടെമേലും അടിച്ചേല്പിക്കുന്നില്ല. സ്വന്ത ഇച്ഛെക്കു വിരോധമായി ഒരു പുരുഷനെയോ സ്ത്രീയെയോ ദൈവം സ്വർഗത്തിലേക്കു കൊണ്ടുപോകയില്ല. നിർബന്ധത്താലും അക്രമത്താലും ക്രൂരതയാലും വളരുന്ന ഒരു മതം സത്യമല്ല എന്നു മനസ്സിലാക്കുക.

ദൈവത്തിന്റെ രക്ഷാമാർഗം പൂർണതയുള്ളതാണ്. അത് ദൈവത്തിന്റെ എല്ലാ വ്യവസ്ഥകൾക്കും അനുയോജ്യമാണ്. സകല മനുഷ്യവർഗത്തിനും അതു ലഭ്യമാണ്. തന്റെ നീതിക്കു വിട്ടുവീഴ്ചചെയ്യാതെ സകല മനുഷ്യരോടുമുള്ള സ്നേഹം പ്രദർശിപ്പിക്കുവാൻ ക്രൂശിൽ ക്രിസ്തു നിവർത്തിച്ച വേല, ദൈവത്തെ പ്രാപ്തനാക്കി. സങ്കീർത്തനക്കാരൻ ഗാനമാലപിക്കുന്നു:

ദയയും വിശ്വസ്തതയും തമ്മിൽ എതിരേറ്റിരിക്കുന്നു
നീതിയും സമാധാനവും തമ്മിൽ ചുംബിച്ചിരിക്കുന്നു.[18]

ദൈവത്തിന്റെ സ്വഭാവവും മനുഷ്യന്റെ പാപപ്രകൃതിയും നോക്കുമ്പോൾ സാധ്യമായ ഒരേയൊരു രക്ഷാമാർഗം ഇതു മാത്രമാണ് എന്നു മനസ്സിലാകും. മറ്റൊരുവിധത്തിലും മനുഷ്യനു രക്ഷപ്രാപിപ്പാൻ സാധ്യമല്ല.

മാക്സ് ലൂക്കാഡോ ചൂണ്ടിക്കാണിക്കുന്നു:

ഇതര ലോകമതങ്ങളൊന്നും ഇതുപോലൊരു സന്ദേശം നൽകുന്നില്ല. കാഠിന്യമേറിയ അനുഷ്ഠാനങ്ങൾ, യാഗങ്ങൾ, മന്ത്രോച്ചാരണങ്ങൾ, ശരിയായ ആചാരങ്ങൾ, ശരിക്കുള്ള അനു

ഭവങ്ങൾ, ഇതൊക്കെയാണ് മറ്റു മതങ്ങൾ ആവശ്യപ്പെടുന്നത്. അവരുടേതെല്ലാം ക്രയവിക്രയത്തിന്റെയും വ്യാപാരത്തിന്റെയും രാജ്യമാണ്. നിങ്ങൾ ഇതു ചെയ്യൂ, ദൈവം നിങ്ങൾക്ക് ഇതു തരും.

ഫലമോ ധാർഷ്ട്യം അല്ലെങ്കിൽ ഭയം നിങ്ങൾ അതു നേടി എന്നു തോന്നിയാൽ ധാർഷ്ട്യം, നേടിയില്ല എന്നു തോന്നിയാൽ ഭയം.

ക്രിസ്തുവിന്റെ രാജ്യം നേരെ വിപരീതമാണ്. അത് ദരിദ്രർക്കു വേണ്ടിയുള്ള രാജ്യമാണ്. അതിലെ പൗരത്വം ദാനം ചെയ്യപ്പെടുന്നു. വിലെക്കു വാങ്ങുന്നില്ല. നിങ്ങളെ ദൈവത്തിന്റെ രാജ്യത്തിൽ ആക്കിവെച്ചിരിക്കുന്നു. നിങ്ങളെ "ദത്തെടുത്തിരിക്കുന്നു" നിങ്ങൾ മതിയായതെല്ലാം ചെയ്തു എന്നു പറയുമ്പോഴല്ല, മതിയായതു ചെയ്യുവാൻ എനിക്കു സാധ്യമല്ല എന്നു പറയുമ്പോൾ ആണ് അതു സംഭവിക്കുന്നത്. നിങ്ങൾക്കതു സമ്പാദിക്കുവാൻ സാധ്യമല്ല. നിങ്ങൾ അതു കൈക്കൊണ്ടാൽ മതി. തന്നിമിത്തം നിങ്ങൾ ശുശ്രൂഷിക്കുന്നു. ധാർഷ്ട്യത്താലോ ഭയത്താലോ അല്ല, നന്ദിയാൽ തന്നേ.[19]

രണ്ടു തരം മതങ്ങൾ മാത്രമേയുള്ളൂ എന്നു ജോൺ മക് ആർതർ വിലയിരുത്തുന്നു:

മനുഷ്യരോ സാത്താനോ സംവിധാനം ചെയ്തിട്ടുള്ള എല്ലാ മതങ്ങളും മാനുഷിക യോഗ്യതയുടെ മതങ്ങളാണ്. അപരിഷ്കൃത ജാതി, മതങ്ങൾ, മാനവികത, ആരാധന, വ്യാജ ക്രിസ്ത്യാനിത്വം ഇവയെല്ലാം ആ കൂട്ടത്തിൽ ഉൾപ്പെടും. നീതി പ്രാപിക്കുന്നതിനും ദേവമൂർത്തിയെ പ്രസാദിപ്പിക്കുന്നതിനും ജനം ചെയ്യേണ്ട കാര്യങ്ങളിലാണ് ഈ മതങ്ങൾ കേന്ദ്രീകരിക്കുന്നത്.

വേദപുസ്തക ക്രിസ്ത്യാനിത്വം മാത്രമാണ് ദൈവിക നേട്ടങ്ങളുടെ മതം. മറ്റു മതങ്ങൾ ഇത് ചെയ്യൂ എന്നു പറയും. ക്രിസ്ത്യാനിത്വം പറയുന്നു, അത് ചെയ്തു കഴിഞ്ഞു—"നിവൃത്തിയായി" (യോഹ. 19:30). സ്വന്തം പാപങ്ങളുടെ പ്രായശ്ചിത്തത്തിനായി ഭക്തിയുള്ള മനുഷ്യൻ എന്തെങ്കിലും നന്മകൾ

ചെയ്യണം, ദേവമൂർത്തിയെ പ്രസാദിപ്പിക്കണം. സ്വീകാര്യത നേടണം എന്നു പറയുന്നു. തിരുവെഴുത്തുകൾ, വിശ്വസിക്കുന്ന പാപിക്കു ക്രിസ്തുവിന്റെ യോഗ്യത നല്കപ്പെട്ടിരിക്കുന്നു എന്നു പറയുന്നു.[20]

സ്പർജൻ ചോദിക്കുന്നു:

നീതിമാനായ രാജാവ് അനീതിയുള്ള മത്സരിക്കുവേണ്ടി മരിക്കുമെന്ന് ആര് ചിന്തിക്കും? ആർക്കു ചിന്തിക്കാൻ കഴിയും? ഇതു കേവലം മാനുഷിക ഇതിഹാസപഠനമല്ല, സ്വപ്നമോ കവിതാസങ്കല്പമോ അല്ല. ഈ പ്രായശ്ചിത്തമരണം സത്യമായിരുന്നു. കെട്ടുകഥകൾക്ക് ഇത് കണ്ടുപിടിക്കാൻ കഴിയുമായിരുന്നില്ല. ദൈവം തന്നേ അത് നിശ്ചയിച്ചതും നിയമിച്ചതുമാകുന്നു. ഇതൊരിക്കലും ഒരു സങ്കല്പ സംഗതിയല്ല.[21]

# 3

# ഇതാ സദ്വാർത്ത!

പ്രവൃത്തികളാൽ അല്ല, കൃപയാൽ അത്രേ രക്ഷ എന്ന് ബൈബിളിൽ ഏറ്റവും വ്യക്തമായി പറയുന്നത് റോമർ 4:4,5–ൽ ആണ്:

> എന്നാൽ പ്രവർത്തിക്കുന്നവനു കൂലി കണക്കിടുന്നത് കൃപയായിട്ടല്ല, കടമായിട്ടത്രേ. പ്രവർത്തിക്കാത്തവൻ എങ്കിലും അഭക്തനെ നീതീകരിക്കുന്നവനിൽ വിശ്വസിക്കുന്നവനോ അവന്റെ വിശ്വാസം നീതിയായി കണക്കിടുന്നു.

ഈ വചനങ്ങളിലെ സത്യങ്ങൾ ശ്രദ്ധിക്കുക: ഒരു മനുഷ്യൻ ജോലിചെയ്തിട്ട് അവന്റെ കൂലി വാങ്ങുമ്പോൾ, ജോലിചെയ്യിച്ചവൻ അവനോടു കടപ്പെട്ടിരിക്കുന്നതാണ് താൻ വാങ്ങുന്നത്. അതു കടമാണ്, കൃപ അല്ല.

ദൈവത്തിന്റെ രക്ഷയെ സംബന്ധിച്ചുള്ള സത്യം ഇങ്ങനെയല്ല. ഞെട്ടലുണ്ടാക്കുന്നതാകും ഈ വസ്തുത, പ്രർത്തിക്കാത്തവനെ ദൈവം രക്ഷിക്കുന്നു! അതായത്, രക്ഷ സമ്പാദിക്കുന്നതിനോ അതിനുള്ള യോഗ്യത നേടുന്നതിനോ ശ്രമിക്കാത്തവൻ, സൗജന്യദാനമായി അത് പ്രാപിക്കുന്നു. പ്രവർത്തിക്കാതിരിക്കുന്നതിനാലാണ് ഒരുവൻ ദൈവത്തിന്റെ സ്വസ്ഥതയിൽ പ്രവേശിക്കുന്നത്.[22]

ഞെട്ടിപ്പിക്കുന്ന മറ്റൊരു വസ്തുത അഭക്തരായവരെ മാത്രമാണ് ദൈവം രക്ഷിക്കുന്നത് എന്നതാണ്. നല്ല ആളുകളെയല്ല, തങ്ങളാലാവതു ശ്രേഷ്ഠകാര്യങ്ങൾ ചെയ്യുന്നവരെയുമല്ല, പിന്നെയോ തങ്ങൾ അഭക്തരാകുന്നു എന്നു സമ്മതിക്കാൻ മനസ്സുള്ളവരെ ദൈവം രക്ഷിക്കുന്നു. അതായത്, അനുതപിക്കുന്ന മനുഷ്യരെ ദൈവം രക്ഷിക്കുന്നു.

"വിശ്വസിക്കുക" എന്ന പദം പ്രത്യേകം ശ്രദ്ധിക്കുക. സുപ്രധാനമായൊരു പദമാണത്. വിശ്വസിക്കുക എന്നു പറഞ്ഞാൽ യേശുക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കുക എന്നർഥം. മനുഷ്യന്റെ പാപത്തിന്റെ പിഴകൊടുക്കുന്ന ഒരുവൻ ആകുന്നു എന്ന നിലയിൽ യേശുവിനെ കൈക്കൊള്ളുക. സ്വർഗത്തിലേക്കുള്ള ഏക പ്രത്യാശയായി യേശുവിനെ സ്വീകരിക്കുക. തിരുവെഴുത്തുകളുടെ സുസ്ഥിരമായ സാക്ഷ്യം രക്ഷ ക്രിസ്തുവിലുള്ള വിശ്വാസത്താൽ എന്നതാണ്.[23]

ഒരു മനുഷ്യൻ യേശുവിൽ വിശ്വസിക്കുമ്പോൾ അവൻ രക്ഷപ്രാപിക്കുന്നു. അത് അവനു തിരിച്ചറിയാൻ കഴിയും തോന്നലുകളാൽ അല്ല, തെറ്റുപറ്റാത്ത ദൈവവചനത്താലത്രെ അവൻ തിരിച്ചറിയുന്നത്.

## ഒഴിഞ്ഞകരങ്ങളുമായി വരിക

സ്വയം രക്ഷിക്കാമെന്നോ സ്വന്തം രക്ഷെക്കുവേണ്ടി എന്തെങ്കിലും ചെയ്യാൻ കഴിയുമെന്നോ ഉള്ള സകല പ്രത്യാശയും ഉപേക്ഷിച്ചെങ്കിൽ മാത്രമേ രക്ഷപ്പെടുവാൻ കഴിയുകയുള്ളൂ. നിരവധി ഗാനരചയിതാക്കൾ വളരെ മനോഹരമായി ഈ വസ്തുത വിവരിച്ചിട്ടുണ്ട്. ടോപ്ലാഡിയുടെ ക്ലാസിക് ഗാനമായ "പിളർന്നോരു പാറയേ" എന്ന ഗാനം ശ്രദ്ധിക്കുക:

പിളർന്നോരു പാറയേ, നിന്നിൽ ഞാൻ മറയട്ടെ
തുറന്ന നിൻ ചങ്കിലെ രക്തനീർ എൻ പാപത്തെ
നീക്കി സുഖം നല്കട്ടെ മുറ്റും രക്ഷിക്ക എന്നെ
കല്പന കാത്തിടുവാൻ ഒട്ടും പ്രാപ്തനല്ല ഞാൻ
വൈരാഗ്യം ഏറിയാലും കണ്ണുനീർ ചൊരിഞ്ഞാലും

വന്നിടാ പാപനാശം നീ താൻ രക്ഷിക്കവേണം
വെറും കയ്യായ് ഞാൻ അങ്ങു ക്രൂശിൽ മാത്രം നമ്പുന്നു
നഗ്നൻ ഞാൻ നിൻ വസ്ത്രം താ ഹീനൻ ഞാൻ
മ്ലേച്ഛനായ് വരുന്നിതാ, നിൻ കൃപ താ-
സ്വച്ഛനാക്കൂ രക്ഷകാ
എന്നിലോടുന്നീ ശ്വാസം വിട്ടെൻ കൺമങ്ങുന്നേരം
സ്വർലോക ഭാഗ്യം ചേർന്നു നിന്നെ ഞാൻ കാണുന്നേരം
പിളർന്നോരു പാറയേ, നിന്നിൽ ഞാൻ മറയട്ടെ!

നമ്മുടെ വീണ്ടെടുപ്പിൻ വേല ക്രിസ്തു പൂർത്തിയാക്കിക്കഴിഞ്ഞു എന്നു ജെ. പ്രോക്ടർ പ്രസ്താവിക്കുന്നു:

ക്ഷീണിതൻ, അധ്വാനിക്കുന്നവൻ,
ഭാരം ചുമക്കുന്ന നീ
എന്തിനിങ്ങനെ കഷ്ടപ്പെടുന്നു?
നിന്റെ അധ്വാനം നിറുത്തൂ;
എല്ലാം പണ്ടുതന്നേ ചെയ്തു കഴിഞ്ഞു.
യേശുവിന്റെ പ്രവൃത്തി അതിൽ
വിശ്വാസത്താൽ മുറുകെപ്പിടിക്കുക, "പ്രവൃത്തി"
മരിക്കുന്ന കാര്യമാണു—"പ്രവൃത്തി" മരണത്തിൽ
അവസാനിക്കുന്നു.
നിങ്ങളുടെ മരണത്തിന്നേറ്റ "പ്രവൃത്തികൾ"
യേശുവിന്റെ പാദത്തിൽ താഴ്ത്തി സമർപ്പിക്കുക.
യേശുവിൽ മാത്രം, യേശുവിൽ മാത്രം
മഹത്വത്തോടെ നില്ക്കുക! "അത് നിവൃത്തിയായി!" അതെ,
നിശ്ചയമായും, സകലവും നിവൃത്തിയായി.
പാപിയേ, ഇതല്ലേ നിനക്കാവശ്യം?
പറയൂ, ഇതല്ലേ നിനക്കു വേണ്ടത്?

# 4

# ദൈവത്തിന്റെ അമ്പരിപ്പിക്കുന്ന കൃപ

അപ്രമേയവും ആശ്ചര്യകരവുമായ ദൈവകൃപ! നാം അതിനെക്കുറിച്ചു പാടുന്നു. പക്ഷേ, അതിന്റെ അർത്ഥം നാം അറിയുന്നുവോ?

ഒന്നാമതായി, എന്താണു കൃപ? ദൈവത്തിനു നമ്മോടുള്ള പ്രീതി എന്നു പറഞ്ഞുകൊണ്ടു നമുക്ക് ആരംഭിക്കാം. എന്നാൽ കൃപ അതിലും എത്രയോ അധികമാണ്. *അർഹിക്കാത്ത* പ്രീതിയാണു കൃപ. നമുക്ക് ഒരു ചുവടുകൂടെ നീങ്ങാം. അപ്രീതി മാത്രം അർഹിക്കുന്നവർക്കു ദൈവം നല്കുന്ന അർഹിക്കാത്ത പ്രീതിയാണു കൃപ! ദൈവത്തിന്റെ കരുണയുടെയും ഔദാര്യത്തിന്റെയും ആഴമളക്കാനാവാത്ത മഹാസമുദ്രമാണ് അത്.

കൃപ, ദാനം എന്നീ വാക്കുകൾക്ക് അടുത്ത ബന്ധമുണ്ട്. കൃപ ദാനമാണ്. അതുകൊണ്ടു തന്നെ അത് സമ്പാദിക്കുന്നതോ അർഹിക്കുന്നതോ അല്ല. കടപ്പാടിന്റെയോ യോഗ്യതയുടെയോ ഏതെങ്കിലുമൊരു ആശയം നിങ്ങൾക്ക് ഉണ്ടാകുന്നു എങ്കിൽ ആ നിമിഷം നിങ്ങൾ കൃപ ഒഴിവാക്കുകയാണ്. ദൈവത്തിന്റെ കൃപാദാനം എന്നതിന് അതിവിശാലമായ അർത്ഥവ്യാപ്തി

യുണ്ട്. അതിന്റെ വില മടക്കിക്കൊടുക്കുക എന്ന ചിന്ത തന്നേ തള്ളിക്കളയുക. അത് പറഞ്ഞു തീരാത്തതും അപ്രമേയവുമാകുന്നു.

സത്യസുവിശേഷം വിശ്വാസത്താൽ മാത്രം കൃപയാൽ രക്ഷ എന്നതാണ്.[24] കൃപയുടെ അർഥം നിങ്ങൾ അത് അർഹിക്കുന്നില്ല എന്നാണ്. നിങ്ങളുടെ ഇച്ഛയുടെ ഒരു നിശ്ചിത പ്രവൃത്തിയാൽ അത് കൈക്കൊള്ളുന്നതാണ് വിശ്വാസം. കൃപ എന്താണെന്നു യഥാർഥമായി ഗ്രഹിക്കാത്ത ഒരുവൻ സുവിശേഷം എന്തെന്നു ഗ്രഹിക്കുന്നില്ല.

ദൈവത്തിന്റെ കൃപ അത്ഭുതകരമാണ്. അനുതപിക്കുന്ന വേശ്യാസ്ത്രീയോടു ക്ഷമിക്കുന്നതിനും അവളെ ശുദ്ധീകരിക്കുന്നതിനും ഒരു പുതിയ സൃഷ്ടിയായി അവളെ കൈക്കൊള്ളുന്നതിനും കൃപെക്കു കഴിയും. നിത്യമഹത്വത്തിൽ യേശുവിന്റെ ഒരു സഹചാരിയാക്കുന്നതിനും കൃപെക്കു സാധിക്കും. മരിക്കുന്ന ഒരു കള്ളനെ, അവന്റെ ജീവശ്വാസം പോകുന്ന നിമിഷത്തിൽ രക്ഷിച്ചു അതേദിനം തന്നെ പറുദീസയിലേക്കു നയിക്കുവാൻ കൃപെക്കു കഴിയും!

മാനസാന്തരപ്പെട്ട കൊലപാതകികളെക്കൊണ്ടും രക്ഷിക്കപ്പെട്ട മദ്യപാനികളെക്കൊണ്ടും ലൈംഗിക കുറ്റവാളികളെക്കൊണ്ടും കള്ളന്മാരെക്കൊണ്ടും അധർമികളെക്കൊണ്ടും കൃപ സ്വർഗത്തെ നിറയ്ക്കുന്നു. കൃപയുടെ രക്ഷണ്യശക്തിയിൽനിന്ന് ഒരു പാപിപോലും അന്യനല്ല.

കൃപ ഭയാനക അന്ധകാര കുഴികളിൽനിന്നു ജനലക്ഷങ്ങളെ ഉയർത്തിയിട്ടുണ്ട്. കുഴഞ്ഞചേറ്റിൽനിന്നും അവരുടെ പാദങ്ങളെ ഉയർത്തി പാറമേൽ നിറുത്തിയിട്ടുണ്ട്. അവരുടെ വഴികളെ സ്ഥിരമാക്കി, വായിൽ പുതിയൊരു പാട്ടും നല്കിയിട്ടുണ്ട്. ദൈവത്തിനു സ്തുതി സ്തോത്രങ്ങൾ അർപ്പിക്കുന്ന അവരെ പിതാവിനുള്ള അനേക വാസസ്ഥലങ്ങളിലേക്കു—മഹത്വ മാളികകളിലേക്ക് അവരെ നയിക്കുകയും ചെയ്തിട്ടുണ്ട്.[25]

ഇംഗ്ലണ്ടിലെ സകലരിലും വെച്ച് മാനസാന്തരപ്പെടാൻ ഏറ്റവും വൈമനസ്യം കാട്ടിയ സി.എസ്. ലൂയിസ് എന്ന

ഓക്സ്ഫോർഡ്-കേംബ്രിഡ്ജ് പ്രൊഫസർ, അത്യുച്ചത്തിൽ പ്രതിഷേധിച്ചുകൊണ്ടിരുന്നപ്പോൾ ദൈവം തന്നെ കീഴടക്കിയതെങ്ങനെ എന്നു പറഞ്ഞിട്ടുണ്ട്: "ചവിട്ടുകയും കുതറുകയും പോരടിക്കുകയും ചെയ്തുകൊണ്ട് ഓടിപ്പോകാൻ വഴിയന്വേഷിച്ച് ചുറ്റുപാടും പരതിനോക്കിക്കൊണ്ടിരുന്ന എന്നെപ്പോലൊരു മുടിയൻപുത്രനുവേണ്ടി ഉന്നതകവാടങ്ങൾ വിശാലമായി തുറന്നുനല്കിയ മഹാകൃപയെ ആർക്കു വർണിക്കുവാൻ കഴിയും?"[26]

നമ്മുടെ അതിക്രമങ്ങളെക്കാൾ എത്രയോ വിശാലവും നമ്മുടെ സകല പാപങ്ങളെയും ലജ്ജയെക്കാളും എത്രയോ മഹത്തരവുമാണ് യേശുവിന്റെ അത്ഭുതകൃപ എന്നു പ്രശസ്ത ഗാനരചയിതാവ് ഹാൽഡർ ലില്ലെനാസ് എഴുതിയിരിക്കുന്നു.

ഓരോ സത്യവിശ്വാസിയും ഇങ്ങനെ പറയുവാൻ നിർബന്ധിതനാകും. ദൈവം എന്നോടു തന്റെ കൃപ കാണിച്ചത് എന്തുകൊണ്ടെന്ന് എനിക്കു മനസ്സിലാകുന്നില്ല. ദൈവത്തിന്റെ ഇത്ര മഹാപ്രീതിക്കു ഞാൻ നിശ്ചയമായും അർഹനല്ല. എനിക്കുവേണ്ടി ദൈവം നല്കിയ വില നിശ്ചയമായും വളരെ വലുതായിരുന്നു.

കൃപ യുക്തിയെയും ന്യായത്തെയും വെല്ലുന്നതാണ്. പക്ഷേ, അവയെ ലംഘിക്കുന്നില്ല. ആടിനുവേണ്ടി ഇടയൻ മരിക്കുന്നത് യുക്തി അംഗീകരിക്കുകയില്ല. ന്യായാധിപൻ വിധിക്കപ്പെട്ട കുറ്റവാളിക്കുവേണ്ടി മരിക്കുമോ? സ്രഷ്ടാവ് സൃഷ്ടിക്കുവേണ്ടി മരിക്കുന്നത് തികച്ചും അവിശ്വസനീയം. ന്യായം പറയും പാപി തന്റെ പാപങ്ങൾക്കു മരിക്കണം. നിയമം ലംഘിച്ചതിന്റെ പിഴ തീർക്കണം. ചിന്താതീതമായവയാണ് കൃപചെയ്യുന്നത്.

ദൈവകൃപയുടെ ആശ്ചര്യത്തെ ഒരാൾ ഇങ്ങനെ വർണിച്ചിട്ടുണ്ട്: തങ്ങൾക്കു സ്വീകാര്യരായ നല്ല ആളുകളെ അന്വേഷിക്കുന്നതല്ല കൃപ; അത് കൃപയല്ല, നല്ലവരോടുള്ള നീതിയാണ്. കൃപ അന്വേഷിക്കുന്നത് കുറ്റം വിധിക്കപ്പെട്ടവരെയും ശബ്ദമില്ലാത്തവരെയും നിസ്സഹായരെയും കുറ്റക്കാരെയും ആണ്. കൃപ അവരെ അന്വേഷിച്ചു കണ്ടെത്തി, രക്ഷിക്കുന്നു, വിശുദ്ധീകരിക്കുന്നു, മഹത്വീകരിക്കുന്നു.

## കൃപ കരുണയെക്കാൾ ശ്രേഷ്ഠം

ശിക്ഷ വിധിക്കപ്പെട്ട ഒരു കുറ്റക്കാരനു ശിക്ഷയിൽ ഇളവു ലഭിക്കുമ്പോൾ, ജഡ്ജി അവനോടു കരുണകാണിച്ചു എന്നു നാം പറയാറുണ്ട്. വധശിക്ഷ, ജീവപര്യന്തം തടവാകുമ്പോഴും അതൊരു കരുണ തന്നെയാണ്. കുറ്റക്കാരനു താൻ അർഹിച്ച പ്രതികാരം ഉണ്ടായില്ല.

കൃപ അതിലും ശ്രേഷ്ഠമാണ്. കുറ്റക്കാരനായ പാപിയെ കൃപ കുറ്റവിമുക്തനാക്കുന്നു. കൃപ അവനെ നീതിമാൻ എന്നു പ്രഖ്യാപിക്കുന്നു. കുറ്റം വിധിക്കുന്ന നിയമത്തിന്റെ ശബ്ദത്തെ അത് നിശബ്ദമാക്കുന്നു.

## കൃപ നീതിയെക്കാൾ ശ്രേഷ്ഠം

കൃപയും നീതിയും കടകവിപരീതമാണ്. ഞാൻ ഒരു നല്ല മനുഷ്യനാണ്; എനിക്ക് അർഹമായത് ഞാൻ ആവശ്യപ്പെടുന്നു എന്ന് ഒരുവൻ പറയുമ്പോൾ, അവൻ നീതി ചോദിക്കുകയാണ്. നരകമാണ് അവന് അർഹമായത്. ദൈവത്തോട് ആരും ഒരിക്കലും നീതി ചോദിക്കരുത്.

കൃപ പറയുന്നത്: ഞാൻ കുറ്റക്കാരനാണ്, എന്നാൽ ക്രിസ്തു എന്റെ പാപത്തിന്റെ പിഴ കൊടുത്തു തീർക്കുന്നതിനാണ് മരിച്ചത് എന്നു ഞാൻ വിശ്വസിക്കുന്നു. യേശുവിനെ ഞാൻ കർത്താവും രക്ഷിതാവുമായി സ്വീകരിക്കുന്നു. ഞാൻ നിത്യജീവന് അർഹനല്ല പക്ഷേ, ദൈവത്തിന്റെ സൗജന്യദാനമായി ഞാൻ അത് പ്രാപിക്കുന്നു.

കൃപെക്കും നീതിക്കും തമ്മിലുള്ള വ്യത്യാസം കാണിക്കുന്നതിനു യേശു ഒരു ഉപമ പറഞ്ഞു.[27] തന്റെ മുന്തിരിത്തോട്ടത്തിലേക്ക് വേലക്കാരെ അന്വേഷിക്കുന്ന ഒരു കൃഷിക്കാരൻ; രാവിലെ തന്നെ ചിലയാളുകൾ ഒരു വെള്ളിക്കാശിനു പകൽ മുഴുവൻ തോട്ടത്തിൽ ജോലിചെയ്യാം എന്നു സമ്മതിച്ചു. ആ തുകെക്ക് അവർ കർഷകനുമായി ഒരു കരാറിലെത്തി.

അന്നു പകൽ കർഷകൻ തങ്ങൾക്കു നല്കുന്ന ന്യായമായ കൂലിക്കു ജോലിചെയ്യാം എന്നു സമ്മതിച്ച വേറെ ചിലരെയും വിളിച്ചാക്കി.

അന്നു സന്ധ്യയായപ്പോൾ, ആദ്യം വന്ന കൂലിക്കാർ തങ്ങളുടെ വെള്ളിക്കാശ് വാങ്ങി. താമസിച്ചു വന്നവർക്കും അതേ തുക കിട്ടി. എന്നാൽ അത് മണിക്കൂറുകൾ കണക്കാക്കിയാൽ വളരെ കൂടുതൽ ആയിരുന്നു. ആദ്യം വന്നവർക്കു നീതി ലഭിച്ചു. ഒടുവിൽ വന്നവർക്ക് കൃപ ലഭിച്ചു. കൃപ നീതിയെക്കാൾ ശ്രേഷ്ഠം!

## കൃപ ന്യായപ്രമാണത്തെക്കാൾ ശ്രേഷ്ഠം

നീതിയുടെ നില കിട്ടേണ്ടതിന് ഒരുവൻ എന്തു ചെയ്യണമെന്ന് ന്യായപ്രമാണം പറയുന്നു. കൃപ അവനു ദൈവത്തിന്റെ മുമ്പിൽ നീതി നല്കുന്നു. ആ നീതിക്കു യോഗ്യനായി നടക്കുന്നതിന് അവനോടു പറയുന്നു.

“പ്രവർത്തിക്കുക, എന്നാൽ നീ ജീവിക്കും” എന്നു ന്യായപ്രമാണം പറയുന്നു. “ജീവിക്കുക, എന്നാൽ നീ പ്രവർത്തിക്കും” എന്ന് കൃപ പറയുന്നു.

“ശ്രമിക്കുക തുടർന്ന് അനുസരിക്കുക” എന്നു ന്യായപ്രമാണം പറയും, എന്നാൽ “ആശ്രയിക്കുക തുടർന്ന് അനുസരിക്കുക” എന്നതാണ് കൃപയുടെ ഭാഷ.

എന്തു ചെയ്യണം എന്ന് ന്യായപ്രമാണം നിങ്ങളോടു പറയും. പക്ഷേ, അതു ചെയ്യുന്നതിനുള്ള ശക്തി നിങ്ങൾക്കു നല്കുന്നില്ല, ചെയ്യാത്തപക്ഷം ന്യായപ്രമാണം നിങ്ങളെ ശപിക്കും. കൃപ നിങ്ങൾ ചെയ്യേണ്ടതെന്തെന്നു പഠിപ്പിക്കുന്നു; അത് ചെയ്യുമ്പോൾ നിങ്ങൾക്കു പ്രതിഫലം നല്കുന്നു. ന്യായപ്രമാണം ശിക്ഷയുടെ ഭീഷണി വഹിക്കുന്നു. അതേസമയം പ്രതിഫലത്തിന്റെ വാഗ്ദാനമാണ് കൃപ വഹിച്ചിരിക്കുന്നത്.

ന്യായപ്രമാണം ഉത്തമനെപ്പോലും കുറ്റം വിധിക്കുന്നു, കാരണം ഉത്തമനുപോലും പത്തുകല്പനകൾ പ്രമാണിക്കുവാൻ സാധ്യമല്ല. കൃപ കുറ്റക്കാരനെ നീതീകരിക്കുന്നു.

ന്യായപ്രമാണം പാപത്തെ വെളിപ്പെടുത്തുന്നു.

കൃപ പാപത്തെ എടുത്തുകളയുന്നു

ന്യായപ്രമാണം പ്രശംസിക്കുന്നു, കൃപ പ്രശംസയെ ഒഴിവാക്കുന്നു.

"നീ ചെയ്തേ മതിയാകൂ, നീ ചെയ്യുക, നീ ചെയ്യരുത്" എന്നു ന്യായപ്രമാണം പറയുന്നു. "നീ ചെയ്യണം, നീ ചെയ്യാൻ ബാധ്യസ്ഥനാണ്" എന്നു കൃപ പറയുന്നു.[28] ഞാൻ ചെയ്യേണ്ടതെ ന്തെന്നു ന്യായപ്രമാണം പറയുമ്പോൾ, പുതുസൃഷ്ടിയിൽ നിന്ന് എന്താണ് ആഗ്രഹിക്കുന്നതെന്ന് കൃപ പറയുന്നു.

ന്യായപ്രമാണത്താൽ പ്രവൃത്തിക്കു പൂർത്തീകരണം വന്നിട്ടില്ല. പ്രവൃത്തി നിവർത്തിച്ച ഒരുവനെക്കുറിച്ചു കൃപ പറയുന്നു. "നീ സ്നേഹിക്കേണം" എന്നു ന്യായപ്രമാണം പറയുമ്പോൾ "ദൈവം അത്രെക്കു സ്നേഹിച്ചു" എന്നു കൃപ പ്രഖ്യാപിക്കുന്നു.

ന്യായപ്രമാണം ജനത്തിന്മേൽ ഭാരമേറിയ ചുമട് വെക്കുന്നു; കൃപയുടെ ഭാരങ്ങൾ ലഘുവാണ്. ന്യായപ്രമാണം അടിമത്തത്തിന്റെ വ്യവസ്ഥയാണ്; കൃപ സ്വാതന്ത്ര്യമാണ്. അത് സമ്മർദത്തിനും പദവിക്കും തമ്മിലുള്ള വ്യത്യാസമാണ്.

ന്യായപ്രമാണത്തിൽ കരുണ ഇല്ല, അത് തണുത്തുറഞ്ഞതും കഠിനവും അയവില്ലാത്തതുമാകുന്നു; കരുണാസമ്പന്നനായ ഒരു ദൈവത്തെക്കുറിച്ചു കൃപ പ്രസ്താവിക്കുന്നു.

# 5

# കൃപ ആസ്വദിക്കുന്നതെങ്ങനെ

യേശു ആര്? യേശു എന്തു ചെയ്തു? യേശു ആർക്കു വേണ്ടിയാണ് അതു ചെയ്തത്? അത് സ്വീകരിക്കുന്നവന് അത് എന്ത് അർഥമാക്കുന്നു? എന്നീ നാലു സത്യങ്ങളും തിരിച്ചറിയുന്നതുവരെ കൃപയെ ആസ്വദിക്കുവാൻ ആർക്കും സാധ്യമല്ല.

## യേശു ആര്?

യേശു നമ്മെപ്പോലെ കേവലമൊരു മനുഷ്യനായിരുന്നില്ല, പിന്നെയോ അവർണനീയമായ അത്ഭുതങ്ങളാൽ പ്രപഞ്ചത്തെ അലങ്കരിച്ച സർവവല്ലഭനായ ദൈവമാണ്.

നമ്മുടെ ശരീരത്തിന്റെ ആയിരമായിരം ഭാഗങ്ങളെ സംവിധാനം ചെയ്ത് നമ്മുടെ ഉള്ളിൽ ജ്ഞാനം നല്കിയ സ്രഷ്ടാവാണ് യേശു. സകലവും അവൻ മുഖാന്തരം ഉളവായി, അവൻ മുഖാന്തരം നിലനില്ക്കുന്നു.

അവൻ സർവശക്തനും സർവജ്ഞാനിയും ഒരേസമയം സർവവ്യാപിയുമാണ്.

## പാപമേശാത്ത പരിശുദ്ധൻ

നിത്യത മുതൽ അവൻ മഹത്വ സമ്പന്നനും തേജസ്സണിഞ്ഞവനും ബഹുമാന്യനുമാകുന്നു. അവന്റെ സാന്നിധ്യത്തിൽ ദൂതന്മാർ മുഖം മറെക്കുന്നു. അവൻ സകല വെള്ളങ്ങളെയും കൈത്തലത്തിൽ വഹിക്കുന്നു. ഭൂമിയെ ചാണുകൊണ്ട് അളക്കുന്നു. ഭൂമിയിലെ പൊടിയെ നാഴിയിൽ കൊള്ളിക്കുന്നു. അവൻ പർവതങ്ങളെ തുലാസിൽ തൂക്കിനോക്കുന്നു. കുന്നുകളെ വെള്ളിക്കോലിനാൽ തൂക്കുന്നു.[29] അത്ര മഹാനായ ഒരുവൻ നമ്മിൽ താൽപ്പര്യം കാണിക്കുന്നതിനു നാം അർഹരല്ല.

## യേശു എന്തു ചെയ്തു?

യേശു യാതൊരു കാരണവുമില്ലാതെ നമ്മെ സ്നേഹിച്ചു. നാം എന്തു പ്രവർത്തിക്കും, നാം എന്ത് ആയിരിക്കും എന്നു നന്നായി അറിഞ്ഞുകൊണ്ടാണ് യേശു നമ്മെ സ്നേഹിച്ചത്.

എണ്ണമില്ലാത്ത ദൂതസഞ്ചയത്തിന്റെ ആരാധ്യനായിരുന്ന സ്ഥാനത്തുനിന്നും, സ്വർഗത്തിന്റെ മഹിമകളെ വെടിഞ്ഞ്, ഒരു കാലിത്തൊഴുത്തിൽ ജനിക്കുന്നതിന് അവൻ ഇറങ്ങിവന്നു. നക്ഷത്രശോഭിതമായ ആകാശങ്ങളെ സൃഷ്ടിച്ചവൻ, ഇതാ ഒരു കാലിത്തൊഴുത്തിൽ കിടക്കുന്നു!

മനുഷ്യവർഗത്തിന്റെ ചേറിലും അഴുക്കിലും ഇറങ്ങി വന്നവൻ, തന്റെ സൃഷ്ടികളുടെ നിന്ദയും പരിഹാസവും ഏൽക്കേണ്ടിവന്നു. മനുഷ്യരുടെ തുപ്പൽകൊണ്ട് തന്റെ മുഖം മൂടുന്നതിനു ദൈവത്തിന്റെ പുത്രൻ സ്വയം ഏല്പിച്ചുകൊടുത്തത് ഒന്നു സങ്കല്പിക്കുക. അവൻ മദ്യപന്മാർക്കു പാട്ടായിത്തീർന്നത് ഒന്നു സങ്കല്പിക്കുക.

മറ്റാരും ഒരിക്കലും കഷ്ടപ്പെട്ടിട്ടില്ലാത്തതുപോലെ അവൻ കഷ്ടപ്പെട്ടു. അവന്റെ മുതുകിൽ നിലം ഉഴുതുമറിക്കുന്നതുപോലെ അടിച്ചു. അവന്റെ മുഖം കണ്ടാൽ ആളല്ലാ എന്നു തോന്നുമാറ് തിരിച്ചറിയാൻ കഴിയാത്ത നിലയിലായി. പീഡിപ്പിച്ചവർ അവന്റെ മുഖത്തുനിന്നു രോമം പറിച്ചെടുത്തു. അവന്റെ അസ്ഥി എല്ലാം ബന്ധം വിട്ടു. ഗ്രഹാം കെൻഡ്രിക്ക്

എഴുതിയിരിക്കുന്നതുപോലെ "ആകാശമണ്ഡലത്തിൽ നക്ഷത്രങ്ങൾ തൂക്കിയ അവന്റെ കരങ്ങൾ ആണികൾക്കായി അവൻ വിരിച്ചു."

പിതാവിനാൽ കൈവിടപ്പെട്ട ദൈവപുത്രനെ സംബന്ധിച്ചിടത്തോളം മേൽപ്പറഞ്ഞതൊന്നും സാരമുള്ളതായിരുന്നില്ല. അവൻ പ്രാർഥിച്ചപ്പോൾ, സ്വർഗങ്ങൾ നിർജീവമായിപ്പോയിരുന്നു. നാം അതൊരിക്കലും ഗ്രഹിക്കുകയില്ല. നമ്മുടെ സകല പാപങ്ങളുടെയും കടം ദൈവം തന്റെ പ്രിയ പുത്രന്റെമേൽ ചുമത്തി. കർത്താവായ യേശു സകല കടവും കൊടുത്തുതീർക്കും വരെ ദൈവക്രോധം അവന്റെ മേൽ ചൊരിഞ്ഞു.

അവൻ പകരക്കാരനായി മരിച്ചു. മറ്റുള്ളവർ ചെയ്ത പാപങ്ങളുടെ പിഴ അവൻ തീർത്തു. പ്രതിഫലമായി ഒന്നും അവൻ പ്രതീക്ഷിച്ചില്ല. നഷ്ടപ്പെട്ട പാപികൾക്കുവേണ്ടി "ഏറ്റവും പ്രിയങ്കരനായവനും അത്യുന്നതനുമായവൻ ആ പഴയ പരുക്കൻ മരക്കുരിശിൽ മരിച്ചു."

അത്ഭുതങ്ങളിൽ മഹാത്ഭുതം!
എന്തൊരു ആശ്ചര്യം!
ഇതിനെക്കാൾ വലിയൊരു അത്ഭുതമുണ്ടോ?
നക്ഷത്രശോഭിതമായ ആകാശങ്ങളെ
സൃഷ്ടിച്ചവൻ എനിക്കായി രക്തമൊഴുക്കി മരിച്ചു
ആശ്ചര്യകരം, ഞെട്ടിപ്പിക്കുന്ന മഹായാഗം!
നമ്മുടെ സകല ചിന്തകളും
ഇവിടെ സമാപിക്കുന്നു;
എത്ര ഭയങ്കര വിലകൊടുത്താണ് അവൻ
നമ്മുടെ വീണ്ടെടുപ്പു വാങ്ങിയത്.

(അജ്ഞാത എഴുത്തുകാരൻ)

ജെ. ഒ. സാൻഡേഴ്സ് എഴുതി: "സകല ബുദ്ധിജീവികളും ക്രിസ്തുവിന്റെ ക്രൂശു മരണത്തിന്റെ ആന്തരിക അർഥത്തെക്കുറിച്ച് അതിസൂക്ഷ്മമായും ആഴമായും ആരാഞ്ഞന്വേഷിച്ചു; പക്ഷേ, അതിന്റെ അത്യഗാധതയെ അളന്നുകുറിക്കുവാൻ അവർക്കു കഴിഞ്ഞില്ല. അവരെല്ലാവരും, തങ്ങളുടെ പരിമിതികളെക്കുറിച്ചു പരിതപിച്ച് പൗലൊസിന്റെ വാക്കുകൾ ഉദ്ധരിച്ചു

കൊണ്ട് പിൻതിരിഞ്ഞതേയുള്ളൂ: "ഹാ, ദൈവത്തിന്റെ ധനം, ജ്ഞാനം, അറിവ് എന്നിവയുടെ ആഴമേ! അവന്റെ ന്യായവിധികൾ എത്ര അപ്രമേയവും അവന്റെ വഴികൾ എത്ര അഗോചരവും ആകുന്നു" (റോമർ 11:33).

ഹാരോൾഡ് സെന്റ് ജോൺ പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക: ക്രിസ്തുവിന്റെ ക്രൂശിൽ കാണുന്നതു പോലെ ദൈവത്തിന്റെ കൃപ, നമ്മുടെ ജീവിതത്തിലെ അതിശ്രേഷ്ഠമായതായിത്തീരുമ്പോൾ മാത്രമേ അതിന്റെ അർഥം നാം ഗ്രഹിക്കുകയുള്ളൂ.

അതിന്റെ മഹത്വം തന്നെ വീക്ഷിക്കുന്നതിനു സ്പർജൻ നമ്മെ ക്ഷണിക്കുന്നു. യേശു നമുക്കുവേണ്ടി മരണശിക്ഷ വഹിച്ചു. അവിടെയതാ, അവൻ ക്രൂശിൽ തൂങ്ങുന്നു! നിങ്ങൾക്കു കാണാൻ കഴിയുന്ന ശ്രേഷ്ഠമായ കാഴ്ച ഇതുതന്നെ ദൈവപുത്രനും മനുഷ്യപുത്രനും! അവർണനീയ വ്യഥയും വേദനയും അനുഭവിച്ചുകൊണ്ട് അവൻ അതാ തൂങ്ങുന്നു. നീതിമാൻ നീതികെട്ടവർക്കുവേണ്ടി! നമ്മെ ദൈവത്തിങ്കലേക്കു കൊണ്ടുവരുന്നതിന്".

ആ കാഴ്ചയുടെ മഹത്വം. പാപമില്ലാത്തവൻ കഷ്ടമനുഭവിക്കുന്നു. പരിശുദ്ധനായവൻ മരണത്തിന്നേല്പിക്കപ്പെടുന്നു. അനുഗൃഹീതൻ ഇതാ ശാപഗ്രസ്തനാകുന്നു. അനാദി മഹത്വമാർന്നവൻ ഇതാ ലജ്ജാകരമായ മരണത്തിന്നേല്പിക്കപ്പെടുന്നു!

ഈ ഹീനപെരുമാറ്റം രക്ഷകൻ അർഹിച്ചതല്ല, യേശു കൊടുത്ത ആ മഹത്തരമായതിനു നാം യോഗ്യരല്ല. അത് വളരെ അധികം തന്നെ. അതു നമുക്കു സമ്പൂർണമായി ഉൾക്കൊള്ളാൻ കഴിയുമെങ്കിൽ, "നാം നന്ദിയാൽ നമ്മുടെ ഹൃദയങ്ങളെ പകരുകയും, നമ്മുടെ കണ്ണുകളെ കണ്ണുനീരിനാൽ ഉരുക്കുകയും ചെയ്യും."[30]

ഇവിടെ നിറഹൃദയങ്ങൾക്കു കണ്ണീരൊഴുക്കാൻ
കൃപയുടെ ആഴങ്ങളിൽ മുങ്ങി മാത്രമേ കഴിയൂ.

ഇല്ല, യേശുവിന്റെ മരണം അവസാനമായിരുന്നില്ല. മൂന്നാം ദിനം അവൻ ഉയിർത്തെഴുന്നേറ്റു. മരിച്ചവരിൽനിന്ന് അവൻ

ഉയിർക്കാതിരുന്നു എങ്കിൽ, അവന്റെ മരണം മറ്റാരുടെയും മരണത്തിൽനിന്നു വ്യത്യസ്തമാകുമായിരുന്നില്ല. പക്ഷേ, അത് വ്യത്യസ്തമായിരുന്നു. അവൻ ആദ്യനായി ഉയിർത്തെഴുന്നേറ്റു; ഇനി അവൻ മരിക്കുകയില്ല. മഹത്വീകരിക്കപ്പെട്ട ശരീരത്തിൽ ആദ്യം ഉയിർത്തെഴുന്നേറ്റവൻ അവൻ തന്നേ. അവൻ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റതിലൂടെ താൻ ദൈവപുത്രനാകുന്നു എന്നു ശക്തിയോടെ നിർണയിക്കപ്പെട്ടിരിക്കുന്നു. ക്രൂശിൽ തന്റെ പ്രവൃത്തി ദൈവത്തിനു സ്വീകാര്യമായി എന്നതിന്റെ തെളിവായിരുന്നു അത്. അവന്റെ പുനരുത്ഥാനം, അവനിൽ വിശ്വസിക്കുന്ന ഏവരും, അവന്റെ പുനരുത്ഥാനശരീരത്തിന്റെ മഹിമയോടെ തേജസ്സിൻ ശരീരവുമായി ഉയിർത്തെഴുന്നേൽക്കുമെന്നതിന്റെ ഉറപ്പ് നല്കിയിരിക്കുന്നു.

## അവൻ ഈ ചെയ്തത് ആർക്കുവേണ്ടി?

നാം അഭക്തരായ പാപികളും നന്ദിയില്ലാത്ത അരിഷ്ടരും അയോഗ്യരായ പുഴുക്കളും ആയിരുന്നു.

നാം നഷ്ടപ്പെട്ടവരും നിസ്സഹായവരും പ്രത്യാശയില്ലാത്തവരും ആയിരുന്നു. നാം നരകയോഗ്യരായിരുന്നു. നമ്മെ സംബന്ധിച്ച് അഭികാമ്യമായി ഒന്നുമുണ്ടായിരുന്നില്ല. നമ്മുടെ കർത്താവുമായി ഒരു ബന്ധവുമില്ലായിരുന്നു. ഒരു സ്വർഗീയ ജ്യേഷ്ഠസഹോദരൻ നമ്മുടെ ജീവിതത്തെ നയിക്കുന്നതിനു നാം ആഗ്രഹിച്ചുമില്ല.

നമ്മുടെ നീതി, കറപുരണ്ട തുണിപോലെ മാത്രം, നാം എത്ര കഠിനന്മാരായി, നമ്മുടെ ദൈവത്തെ കൊല്ലുന്നവരായി. ഹൃദയം എല്ലാറ്റിനെക്കാളും കപടവും വിഷമവും ഉള്ളത്[31] എന്നു പ്രവാചകൻ പറഞ്ഞത് എത്രയോ ശരി. ഹൃദയത്തിന്റെ വഞ്ചനയുടെ ആഴം ആർക്കും കണ്ടെത്താനാവില്ല. ഇവിടെ നാം ഒരു നിമിഷം നില്ക്കുക; നാം നമ്മെത്തന്നെ കാണുന്നതും, ദൈവം നമ്മെ കാണുന്നതും തമ്മിലുള്ള വ്യത്യാസം ഒന്നു ഗ്രഹിക്കുക. വളരെയധികം ആളുകളും ദയയും നല്ല പെരുമാറ്റവും ഉള്ളവരാണ്. അവർ നല്ല അയൽക്കാരും ക്രമമായി സഭയിൽ സംബ

ന്ധിക്കുന്നവരുമാണ്. അവർ ദരിദ്രരെയും രോഗികളെയും അശരണരെയും കരുതുന്നു. അങ്ങനെയുള്ള ആളുകളെ നിങ്ങൾക്ക് അറിയാം, നിങ്ങൾ അതിലൊരാളായിരിക്കും. മാന്യമായും നിയമവിധേയമായും സൗഹൃദമുള്ളവനായും പുറമെ യോഗ്യമായും ജീവിക്കുന്ന ആളാണ്.

എന്നാൽ ദൈവത്തിന്റെ മാനദണ്ഡം പൂർണതയാണ് എന്ന വസ്തുത നാം മറക്കരുത്.[32] നാം എല്ലാവരും ആ പൂർണതയുടെ മാനദണ്ഡത്തിലെത്തുന്നില്ല, കുറവുള്ളവരാണ്. നമ്മിലാരും തന്നെ പാപം ചെയ്യാത്തവരായില്ല. നമ്മിലാരും നമ്മുടെ വികാരവിചാരങ്ങൾ പരസ്യമായി പറയുവാൻ ആഗ്രഹിക്കുകയില്ല. നാം ഒരുപക്ഷേ, പത്തുകല്പനകൾ എല്ലാം ലംഘിച്ചിട്ടില്ലായിരിക്കും. പക്ഷേ, നാം അത് ലംഘിക്കുവാൻ പ്രാപ്തിയുള്ളവരാണ്. നാം *ചെയ്തിട്ടുള്ളതിനെക്കാൾ*, നാം *ആയിരിക്കുന്ന* അവസ്ഥ മോശമാണ്. ചിലർ മറ്റുള്ളവരെക്കാൾ മെച്ചമായിരിക്കാം, എന്നാൽ നാശയോഗ്യരും ഉടൻ രക്ഷ ആവശ്യമുള്ള അരിഷ്ടപാപികളുമായിട്ടാണ് ദൈവം നമ്മെ കാണുന്നത്.

നാം അതിക്രമങ്ങളിലും പാപങ്ങളിലും മരിച്ചവരാണ്. നാം ഈ ലോകത്തിന്റെ കാലഗതിയെ അനുസരിച്ചു, പിശാചിനാൽ നടത്തപ്പെടുന്നു. നാം അനുസരണക്കേടിന്റെ മക്കളാണ്. ജഡമോഹങ്ങളിൽ നടക്കുന്നു. പ്രത്യാശയില്ലാത്തവരും ലോകത്തിൽ ദൈവമില്ലാത്തവരുമാകുന്നു.[33]

നമ്മെപ്പോലുള്ള മനുഷ്യർക്കുവേണ്ടിയാണ് ക്രിസ്തു മരിച്ചത്. അതിനെ സവിശേഷമാക്കുന്നത് നാം അശേഷം പ്രാധാന്യമുള്ളവരായിരുന്നില്ല എന്ന വസ്തുതയാണ്. 10,000 അടി ഉയരത്തിൽനിന്നു നോക്കിയാൽ നാം ദൃശ്യരാകയില്ല. അങ്ങനെയെങ്കിൽ കോടാനുകോടി പ്രകാശവർഷങ്ങൾക്കപ്പുറത്തുനിന്നു നോക്കിയാൽ, നമ്മെ ദർശിക്കാനേ കഴിയുമായിരുന്നില്ല. എങ്കിലും അവൻ നമ്മെ സ്നേഹിച്ചു! വെർന്നൻ സി. ഗ്രൗണ്ട്സ് പറയുന്നു: “നമ്മുടെ ഭൂമിയുടെ നിസ്സാരത ഓർത്താൽ, രണ്ടാം തരമൊരു സൗരയൂഥത്തിലെവിടെയോ ദൂരദർശനിയിൽ പെടാത്ത ഒരു

ഗ്രഹത്തിന്റെ ത്വക്കിലെ അർധദൃശ്യമായൊരു പോറൽപോലെ മാത്രമുള്ള മനുഷ്യവർഗത്തെ പ്രപഞ്ചസ്രഷ്ടാവ് കരുതുന്നു എന്നു വിചാരിക്കുന്നതു തന്നേ പ്രയാസമാണ്." ഗ്രൗണ്ട്സ് കൂട്ടിച്ചേർക്കുന്നു: "ഇതിലെ ആശ്ചര്യകരമായ സത്യം, ദൈവം കരുതുന്നു എന്നുള്ളതു തന്നേ."[34]

ക്രൂശിങ്കൽ എത്തി, "ഇതെല്ലാം ഞാൻ അവനോടു ചെയ്തു; അവൻ എനിക്ക് ഇതു ചെയ്തു"[35] എന്ന് ഒരുവൻ പറയുന്നതു വരെയും, ക്രിസ്തുവിന്റെ ആശ്ചര്യകൃപ ആസ്വദിക്കുവാൻ ആർക്കും കഴികയില്ല എന്നു ഡി.ടി. നൈൽസ് പറഞ്ഞിട്ടുണ്ട്.

## അത് ഒരു വിശ്വാസിക്ക് എന്ത് അർഥമാക്കുന്നു?

കൃപ വിശ്വാസികൾക്കു നല്കിയതിനെക്കാൾ *കുറെച്ചു* നല്കാമായിരുന്നു. ഉദാഹരണമായി, വാർധക്യത്തിന്റെ ക്ഷീണങ്ങളില്ലാതെ അനന്തമായ ജീവിതം ഈ ഭൂമിയിൽ നല്കാമായിരുന്നു. അതു തന്നേ അത്ഭുതകരമായിരുന്നേനെ. മനുഷ്യരെ നിത്യദഹനത്തിൽനിന്ന് അത് രക്ഷിക്കുമായിരുന്നു. അത് അതിനെക്കാൾ അത്ഭുതകരമാകുമായിരുന്നു.

എന്നാൽ ദൈവം ഏതെങ്കിലും അർധാനുഗ്രഹങ്ങൾകൊണ്ട് തൃപ്തനായില്ല. സ്വന്തം പുത്രനെ യാഗമർപ്പിച്ചതിൽ ദൈവം തന്റെ അത്യുന്നതമായതിനെ നല്കിക്കഴിഞ്ഞപ്പോൾ, തന്റെ മനസ്സിൽ നിരൂപിക്കുവാൻ കഴിയുന്ന അത്യന്തധനത്തെ മനുഷ്യനിൽനിന്നു മാറ്റിവെക്കരുതെന്ന് ദൈവം തീരുമാനിച്ചു.

കൃപയുടെ സുവിശേഷത്തിന്റെ അനുഗ്രഹങ്ങളിൽ ചിലത് ഇതാ:

*സന്തോഷം*: സാഹചര്യങ്ങളിൽനിന്നു തികച്ചും സ്വതന്ത്രമായ ആനന്ദത്തിന്റെ പ്രകൃത്യതീതമായ വികാരമാണ് ഇത്. ഇതിനു നേരെ വിപരീതമായത് പാപം അല്ല, ദു:ഖമാണ്. ദൈവത്തോടും കർത്താവായ യേശുവിനോടുമുള്ള ബന്ധത്തിൽനിന്ന് ഉള്ളവാകുന്നതാണ് ഇത്. ആ ബന്ധം പോലെ തന്നെ സന്തോഷവും സുദൃഢമാണ്.

*സമാധാനം*: വിശ്വാസത്താൽ നീതീകരിക്കപ്പെട്ടവർക്കു

ദൈവത്തോടു സമാധാനം ഉണ്ട്. അവർ കീഴടങ്ങലിന്റെ കൊടിയുയർത്തിയപ്പോൾ സർവശക്തനോടുള്ള അവരുടെ മത്സരപ്പോരാട്ടം അവസാനിച്ചു. കർത്താവിന്റെ നിയന്ത്രണത്തിലാകുന്നു എന്നു ഗ്രഹിക്കുമ്പോൾ, ഉയരത്തിലെ സമാധാനവും പ്രശാന്തതയും അവർ അനുഭവിക്കുന്നു.

*പ്രത്യാശ*: വിശ്വാസിക്കു സ്വർഗത്തിലെ ഭാവി എന്നാണ് പുതിയനിയമത്തിലെ പ്രത്യാശ എന്ന പദം അർഥമാക്കുന്നത്. സാധാരണ ഉപയോഗത്തിൽ ആ പദത്തിന്റെ അർഥത്തിൽനിന്നു വ്യത്യസ്തമായി അത് ദൈവത്തിന്റെ വാഗ്ദാനങ്ങളിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നതിനാൽ പ്രത്യാശെക്കു സംശയത്തിന്റെ ഒരു കണികപോലുമില്ല. താൻ സ്വർഗത്തിൽ ആയിരിക്കുന്നതുപോലുള്ള ഉറപ്പ് വിശ്വാസിക്കു സ്വർഗത്തെക്കുറിച്ചും ഉണ്ട്.

*വിശ്രമം*: "എന്റെ അടുക്കൽ വരുവിൻ...ഞാൻ നിങ്ങൾക്കു വിശ്രമം തരാം" എന്നു യേശു പറഞ്ഞത് രക്ഷയുടെ വിശ്രമത്തെക്കുറിച്ചായിരുന്നു. നിത്യജീവനുവേണ്ടിയുള്ള ഒരു മനുഷ്യന്റെ അധ്വാനത്തിന്റെ സമാപനമാണ് ആ വിശ്രമം; ക്രിസ്തുവിന്റെ പൂർത്തിയായ വേലയിൽ അവൻ വിശ്രമിക്കുന്നു. യേശു മറ്റൊരു വിശ്രമത്തെക്കുറിച്ചും പറയുകയുണ്ടായി. "അധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, ...എന്റെ നുകം ഏറ്റുകൊണ്ട് എന്നോടു പഠിപ്പിൻ; എന്നാൽ നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം കണ്ടെത്തും," യേശുവിനെ സേവിക്കുന്നതിലുള്ള ആശ്വാസം. വിശ്രമം ഇതു തന്നെ, താഴ്മയും വിനയഹൃദയവുമുള്ള യേശുവിനെ അനുഗമിക്കുന്നതിലുള്ള ആശ്വാസം.

*സ്വാതന്ത്ര്യം*: സത്യം മനുഷ്യരെ സ്വതന്ത്രരാക്കുന്നു. അത് ജഡമോഹങ്ങളിൽ മുഴുകുന്നതിനുള്ള സ്വാതന്ത്ര്യമല്ല. നീതിയായി ജീവിച്ചു ദൈവത്തെ പ്രസാദിപ്പിക്കുന്നതിനും ദൈവത്തെ സേവിക്കുന്നതിനുമുള്ള സ്വാതന്ത്ര്യമാണ് അത്. വിശ്വാസി പാപത്തിന്റെ കർത്തൃത്വത്തിൽനിന്നും ന്യായപ്രമാണത്തിന്റെ അടിമത്തത്തിൽനിന്നും സ്വതന്ത്രനാക്കപ്പെട്ടിരിക്കുന്നു. ക്രിസ്തുവിന്റെ സ്നേഹത്താൽ

ക്രിസ്തുവിനോട് അവൻ ബന്ധിതനായിരിക്കുന്നു.

*ജീവിതത്തിൽ ഉദ്ദേശ്യം*: ഒരു മനുഷ്യൻ വീണ്ടും ജനിക്കുമ്പോൾ മാത്രമേ താൻ ജീവിക്കുന്നതിന്റെ ഉദ്ദേശ്യം തിരിച്ചറിയുന്നുള്ളൂ. അപ്പോൾ മാത്രമാണ് അവന്റെ ജീവിതത്തിന് അർഥമുണ്ടാകുന്നത്. താൻ ആർക്കുവേണ്ടി ജീവിക്കണം, ആർക്കുവേണ്ടി മരിക്കണം. അതിനു ശ്രേഷ്ഠനായ ഒരുവനെ അവൻ ഒടുവിലായി കണ്ടെത്തുന്നു. ദൈവപുത്രനിലുള്ള സമ്പൂർണസമർപ്പണത്തിൽ അവൻ പൂർണനിവൃത്തി കണ്ടെത്തുന്നു. സൃഷ്ടിയെക്കുറിച്ചു യുഗായുഗങ്ങളായി ചോദിച്ചു പോരുന്ന ചോദ്യത്തിന് ഉത്തരം കണ്ടെത്താൻ കഴിയുന്ന ഒരു ജീവിത തത്വശാസ്ത്രം അവനു ലഭിക്കുന്നു. ദുഷ്ടതയുടെ സാന്നിധ്യം, മരണമെന്ന യഥാർഥ്യം ഇവ അവൻ ഗ്രഹിക്കുന്നു. അവൻ ഭവനത്തിലെത്തി അഥവാ എത്തേണ്ടിടത്ത് എത്തി.

*സംതൃപ്തി*: സ്വന്തം നേട്ടത്തിലും തന്നിൽ തന്നെയുമോ വിശ്വാസി ഒരിക്കലും സംതൃപ്തനല്ല എന്നാൽ അവൻ ക്രിസ്തുവിൻ സംതൃപ്തനാണ്. ഡി. മാർട്ടിൻ ലോയ്ഡ് ജോൺസ് പറഞ്ഞതുപോലെ "എന്റെ ഹൃദയം എന്തിനു വേണ്ടിയോ വാഞ്ഛിച്ചുകൊള്ളട്ടെ; അവയെല്ലാം തൃപ്തിപ്പെടുത്തുവാൻ അവനു കഴിയും."[36]

കൃപ ഇവയെല്ലാം നല്കുന്നു, ഇതിലെത്രെയോ അധികം നല്കുന്നു.

പാപികൾ വിശ്വാസത്താൽ കർത്താവായ യേശുവിനെ സ്വീകരിക്കുന്ന നിമിഷം അവൻ എന്തായിത്തീരുന്നു എന്നു നോക്കാം.

*നിത്യജീവൻ പ്രാപിക്കുന്നവർ*:[37] ഈ അമൂല്യദാനം ക്രിസ്തുവിന്റെ തന്നെ ജീവനാണ്. രക്ഷകൻ വാഗ്ദാനം ചെയ്ത സമൃദ്ധിയായ ജീവനാണ് അത്.[38] രക്ഷിക്കപ്പെടാത്തവർക്കും അനന്തമായ ജീവിതം ഉണ്ട്; എന്നാൽ വിശ്വാസികൾക്കു മാത്രമേ മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു ഉള്ളിൽ വസിക്കുന്നുള്ളൂ.[39] ശാരീരിക ജീവൻ ജനനത്താൽ ലഭിക്കുന്നു;

അത് മരണത്തിന്നധീനമാണ്. നിത്യജീവൻ പുതുജനനത്താൽ ലഭിക്കുന്നു, അതിനു മരണമില്ല. നിത്യജീവൻ എന്നത് ദൈവു മായുള്ള ഐക്യപ്പെടലാണ്. ആശ്ചര്യം തന്നെ!

*പാപക്ഷമ പ്രാപിച്ചവർ*:[40] കൃപയുടെ ഒരു അത്ഭുതത്താൽ. ഉദയം അസ്തമയത്തോട് അകന്നിരിക്കുന്നതുപോലെ, കിഴക്ക് പടിഞ്ഞാറിൽനിന്ന് അകലെയായിരിക്കുന്നതുപോലെ ദൈവം പാപത്തെ ക്ഷമിക്കുകയും അകറ്റിക്കളയുകയും ചെയ്യുന്നു. അനുതപിക്കുന്നവന്റെ സകല കുറ്റവും ക്രൂശിൽ തറെക്കപ്പെട്ടി രിക്കുന്നു.[41] അത് പോയിക്കഴിഞ്ഞു. അതുകൊണ്ട് സാമൂവൽ ഡബ്ല്യു. ഗാൻഡി ഇപ്രകാരം എഴുതി:

അപവാദി അലറുന്നത് ഞാൻ കേൾക്കുന്നു
ഞാൻ ചെയ്ത സകല ദോഷങ്ങളെക്കുറിച്ച്
എനിക്കതെല്ലാം നന്നായി അറിയാം അതിലും ആയിരം
കൂടെ അറിയാം
യഹോവ അതൊന്നും കാണുന്നില്ല.

*വീണ്ടെടുക്കപ്പെട്ടവർ*:[42] ക്രിസ്തുവിന്റെ വിലയേറിയ രക്ത ത്തിന്റെ വിലയാൽ, പാപത്തിന്റെ അടിമച്ചന്തയിൽനിന്നും ജന ങ്ങളെ തിരികെ വാങ്ങിയിരിക്കുന്നു. ഇതിനെക്കാൾ വലിയ വിലകൊടുത്തു മറ്റൊന്നും വാങ്ങിയിട്ടില്ല. ഇത്ര അന്ധാളിപ്പി ക്കുന്ന മറ്റൊരു ക്രയവിക്രയവും നടന്നിട്ടില്ല. എത്ര അത്ഭുതകര മായൊരു കൈമാറ്റം! ഒരു വ്യക്തിയോട് ഇത്രയധികം ജനങ്ങൾ കടപ്പെട്ടിരിക്കുന്ന മറ്റൊരു സംഭവവും ഉണ്ടായിട്ടില്ല.

*രക്ഷിക്കപ്പെട്ടിരിക്കുന്നു*:[43] വിശ്വാസികൾ നരകത്തിലെ നി ത്യശിക്ഷയിൽനിന്നു വിടുവിക്കപ്പെട്ടതു മാത്രമല്ല, അവർ ഈ ദുഷ്ടലോക വ്യവസ്ഥിതിയിൽനിന്നു ദൈവത്തിന്റെ സ്വർഗീയ രാജ്യത്തിനായി രക്ഷിക്കപ്പെട്ടിരിക്കുന്നു. അവർ ആദ്യം വിശ്വ സിച്ചപ്പോൾ തന്നേ പാപത്തിന്റെ 'പിഴ'യിൽനിന്ന് (*penalty*) അവർ രക്ഷിക്കപ്പെട്ടു. ഇപ്പോൾ സ്വർഗത്തിൽ ക്രിസ്തുവിന്റെ മധ്യസ്ഥ ശുശ്രൂഷ മുഖാന്തരം പാപത്തിന്റെ 'ശക്തി'യിൽനി ന്നു (*power*) രക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. വിശ്വാസികൾ തങ്ങളുടെ നിത്യഭവനത്തിൽ എത്തുമ്പോൾ, പാപത്തിന്റെ

'സാന്നിധ്യ'ത്തിൽനിന്നു (*presence*) തന്നേ രക്ഷിക്കപ്പെടും.

*പ്രിയനായവനിൽ സ്വീകരിക്കപ്പെട്ടിരിക്കുന്നു:*[44] ക്രിസ്തുവിൽ വിശ്വസിക്കുന്ന തന്റെ മകനെ-മകളെ ദൈവം കാണുന്നു; അതിന്റെ അടിസ്ഥാനത്തിൽ അവരെ സ്വീകരിക്കുന്നു. ക്രിസ്തുവിലുള്ള ഏതൊരു മനുഷ്യനും പ്രിയ പുത്രന്റെ അതേ സ്വീകാര്യതയിൽ തന്നെയാണ് ദൈവത്തിൽ നിൽക്കുന്നത്. കർത്താവായ യേശു എന്ന ആളത്വത്തിൽ, യേശു പിതാവിനോട് സമീപസ്ഥനായിരിക്കുന്നതുപോലെ, ഏതൊരു വിശ്വാസിയും ക്രിസ്തുവിൽ പിതാവിനോടു സമീപസ്ഥാനത്താണ്. ആര് എന്നതല്ല, ക്രിസ്തുവുമായുള്ള ഐക്യം മാത്രമേ നോക്കുന്നുള്ളൂ. ഏതെങ്കിലുമൊരു വ്യക്തിയുടെ പ്രവൃത്തിയല്ല, ക്രിസ്തുവിന്റെ ആളത്വവും പ്രവൃത്തിയും മാത്രം കണക്കാക്കുന്നു.

*ക്രിസ്തുവിൽ പരിപൂർണരായിരിക്കുന്നു:*[45] വിശ്വാസത്തിന്റെ അറ്റങ്ങളെ വലിച്ചുനീട്ടുന്നതാണെങ്കിലും ഇത് സമ്പൂർണസത്യമാണ്; രക്ഷകനെ വിശ്വസിക്കുന്ന ഏതൊരുവനും സ്വർഗത്തിനു കൊള്ളാവുന്നവനത്രെ. ക്രിസ്തുവാണ് അവന്റെ യോഗ്യത എന്നതത്രെ അതിനു കാരണം. അവൻ ക്രിസ്തുവിലാകുന്നു. എങ്കിൽ പിതാവിന്റെ ഭവനത്തിലേക്കുള്ള യോഗ്യതയായി മറ്റൊന്നും ആവശ്യമില്ല. വിശ്വാസി സ്വന്തം യോഗ്യതയിൽ അല്ല, യേശുവിന്റെ യോഗ്യതയിലാണ് നിൽക്കുന്നത്. 1 മുതൽ 10 വരെ സംഖ്യയുള്ള തുലാസിൽ അവൻ 10 ആകുന്നു.

*ക്രിസ്തു സ്നേഹിക്കപ്പെട്ടിരിക്കുന്നതുപോലെ സ്നേഹിക്കപ്പെട്ടിരിക്കുന്നു:*[46] യഥാർഥവിശ്വാസി ക്രിസ്തുവിനെപ്പോലെ ദൈവത്തിനു സമീപസ്ഥനായിരിക്കുന്നുവെന്നു (*near*) മാത്രമല്ല, അവൻ ദൈവത്തിനു പ്രിയനു (*dear*) മായിരിക്കുന്നു. പിതാവ് തന്റെ പുത്രനെ സ്നേഹിക്കുന്ന അതേ സ്നേഹത്തോടെ തന്നെ വിശ്വാസിയെയും സ്നേഹിക്കുന്നു. അതുകൊണ്ട് ദൈവം ഇപ്പോൾ തന്റെ മക്കളെ സ്നേഹിക്കുന്നതിനെക്കാളധികം അവരെ സ്നേഹിക്കുവാൻ ദൈവത്തിനു കഴികയില്ല എന്നു പറയുമ്പോൾ, ഞങ്ങൾ അതിശയോക്തിയല്ല പറയുന്നത്. *ഈ അത്യാശ്ചര്യസത്യം കൂടുതൽ ശ്രേഷ്ഠമായി അറിയപ്പെടണം*

*വിശ്വസിക്കപ്പെടണം, ആസ്വദിക്കപ്പെടുകയും ചെയ്യണം.*

*നീതീകരിക്കപ്പെട്ടിരിക്കുന്നു*:[47] ന്യായാധിപതിയായ ദൈവത്തിന്റെ മുമ്പിൽ അനുതപിക്കാത്ത ഒരു പാപി നില്ക്കുമ്പോൾ അവൻ കേൾക്കുന്നത് ഒരേയൊരു വിധി--"കുറ്റക്കാരൻ" എന്നത്രേ. എന്നാൽ അനുതപിച്ചവൻ പ്രതിക്കൂട്ടിൽ നില്ക്കുമ്പോൾ ചിത്രം മാറുന്നു. അപ്പോഴും ദൈവം ന്യായാധിപതി തന്നെ പക്ഷേ, അവിടെ പ്രതിഭാഗം വക്കീൽ കർത്താവായ യേശുക്രിസ്തുവത്രെ. അവനെതിരെയുള്ള കുറ്റപത്രം വായിക്കുമ്പോൾ, ക്രിസ്തു മുന്നോട്ടു നീങ്ങി നിന്നുകൊണ്ട് ഇങ്ങനെ പറയുകയാണ്: "യുവർ ഓണർ, എന്റെ കക്ഷി കുറ്റക്കാരൻ തന്നെ," എന്നിട്ട് ക്രിസ്തു തന്റെ കരങ്ങളിലെയും കാലുകളിലെയും വിലാപ്പുറത്തെയും മുറിപ്പാടുകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് വാദം തുടരുന്നു, "അവന്റെ കുറ്റങ്ങൾക്കുള്ള പിഴ, ഞാൻ കാൽവരിക്രൂശിൽ കൊടുത്തുകഴിഞ്ഞു. അവനു വേണ്ടി ചെയ്ത പ്രായശ്ചിത്തത്തിന്റെ ആനുകൂല്യം അവനു നല്കണമെന്നു ഞാൻ വാദിക്കുന്നു." ന്യായാധിപൻ സംതൃപ്തിയോടെ തലയാട്ടിക്കൊണ്ട് പറയുന്നു, "കുറ്റക്കാരനായിരുന്നവനെ കുറ്റവിമുക്തനാക്കിയിരിക്കുന്നു. ഞാൻ അവനെ നീതിമാനായി എണ്ണുന്നു; അവനെ നരകത്തിനു വിധിക്കുന്നതിനുള്ള യാതൊരു പാപവും ഞാൻ അവനിൽ കാണുന്നില്ല, കേസ് തള്ളിക്കളഞ്ഞിരിക്കുന്നു." ഈ ഹൃദയഹാരിയായ വിധിയാണ് ഡബ്ല്യൂ. നോയൽ ടോംകിൻസിനെ ഇപ്രകാരം വെല്ലുവിളിക്കുന്നതിനു ധൈര്യപ്പെടുത്തിയത്:

ആദ്യം എന്റെ വാഴ്ത്തപ്പെട്ട രക്ഷകനെ പിടിക്കൂ,
ദൈവത്തിന്റെ സ്നേഹത്തിൽനിന്ന് അവനെ മാറ്റുക
ക്രിസ്തു പാപത്തിന്റെ ഒരു പാട് എങ്കിലും വഹിക്കുണ്ടോ
എന്നു തെളിയിക്കുക;
ഞാൻ അശുദ്ധനാണ് എന്നു പിന്നീട് പറയുക!

അവധിക്കാലം ചെലവഴിക്കുന്നതിനു തന്റെ റോൾസ് റോയ്സ് കാറിൽ ഫ്രാൻസിലേക്കു പോയ ഒരു ഇംഗ്ലിഷ്കാരനെക്കുറിച്ചു റോയ് ഹെസിയൻ പറയുന്നു: നിർഭാഗ്യവശാൽ അയാൾ

മോശമായ ഒരു റോഡിൽ ഓടിക്കുമ്പോൾ കാറിന്റെ പിന്നിലെ ആക്സിൽ ഒടിഞ്ഞുപോയി. അവിടെയുണ്ടായിരുന്ന വർക്കുഷോപ്പുകാർക്ക് ആക്സിൽ ശരിയാക്കുന്നതിനു കഴിഞ്ഞില്ല. ഇംഗ്ലണ്ടിലെ റോൾസ് റോയ്സ് കമ്പനിയിൽ വിളിച്ചു, ആ വിളിയിൽ പുതിയ ആക്സിലുമായി രണ്ടു മെക്കാനിക്കുകൾ എത്തി. പലമാസങ്ങൾ കഴിഞ്ഞിട്ടും അതിന്റെ ബിൽ കാണാതിരുന്നപ്പോൾ ആ ഇംഗ്ലിഷുകാരൻ സംഭവം വിവരിച്ചുകൊണ്ട് റോൾസ് റോയ്സ് കമ്പനിക്ക് ഒരു കത്തയച്ചു, അതിന്റെ ഇൻവോയ്സ് ആവശ്യപ്പെട്ടു. കമ്പനിയുടെ മറുപടി: "ഞങ്ങൾ ഞങ്ങളുടെ രേഖകൾ സൂക്ഷ്മമായി പരിശോധിച്ചു, ഏതെങ്കിലുമൊരു റോൾസ് റോയ്സ് കാറിൽ ഒടിഞ്ഞ ആക്സിൽ ഉള്ളതായി രേഖകളിൽ കാണുന്നില്ല." ഇതു തന്നെയാണ് ക്രിസ്തുവിൽ ഒരു വിശ്വാസിയുടെ മഹത്വം. കുറ്റവും പിഴയും ശിക്ഷയും സംബന്ധിച്ചിടത്തോളം ഒരു വിശ്വാസിയുടെ മേൽ പാപത്തിന്റെ ഒരു രേഖയും കണ്ടെത്തുവാൻ ദൈവത്തിനു സാധ്യമല്ല.

*വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു:*[48] വിശുദ്ധീകരിക്കപ്പെടുക എന്നത് ഉപദേശപരമായൊരു അതിശയമാണ്; ദൈവം വിശ്വാസിയെ പാപത്തിൽനിന്ന് അകറ്റി പാലിക്കുന്നു. ലോകത്തെ ദൈവം തന്റേതാക്കുന്നു. വിശ്വാസി രക്ഷിക്കപ്പെടുമ്പോൾ തന്നേ അവർ വിശുദ്ധീകരിക്കപ്പെടുന്നു. പിന്നീട് അവനു ദൈവം നല്കിയ സ്ഥാനത്തിന് അനുയോജ്യനായി വിശുദ്ധിയിൽ തന്നെ ജീവിക്കുന്നതിന് അവനെ അഭ്യസിപ്പിക്കുന്നു. എങ്കിലും സ്വർഗത്തിൽ മാത്രമാണ് ഈ വിശുദ്ധീകരണം പൂർത്തിയാക്കപ്പെടുന്നത്.

*ക്രിസ്തുവിനാൽ ശുശ്രൂഷിക്കപ്പെടുന്നു:*[49] മഹാപുരോഹിതൻ, പക്ഷവാദം കഴിക്കുന്നവൻ, മധ്യസ്ഥൻ, സഹായകൻ എന്നീ നിലകളിൽ ക്രിസ്തു കൃപയും സാന്ത്വനവും ധൈര്യവും വിശ്വാസിക്കു നല്കുന്നു. അവൻ തനിക്കുള്ളവർക്കായി പക്ഷവാദം ചെയ്യുന്നു. അവർ പാപം ചെയ്യുമ്പോൾ അവനെ കൂട്ടായ്മയിലേക്കു പുനഃസ്ഥാപിക്കുന്നതിന് അവൻ പ്രവർത്തിക്കുന്നു.

സാത്താന്റെ അപവാദത്തിൽനിന്നു തന്റെ പ്രിയമുള്ളവർക്കു വേണ്ടി അവൻ രാവും പകലും പക്ഷവാദം ചെയ്യുന്നു.

*അധിവസിക്കുന്നു:*[50] വിശ്വാസി വീണ്ടുംജനനം പ്രാപിക്കുന്ന നിമിഷത്തിൽ, ദൈവിക വിശുദ്ധ ത്രിത്വത്തിൽ മൂന്നാമനായ പരിശുദ്ധാത്മാവ് വിശ്വാസിയിൽ പ്രവേശിക്കുന്നു. ദൗർബല്യമാർന്ന മാനുഷശരീരം ഇന്നു മുതൽ പരിശുദ്ധാത്മാവിന്റെ മന്ദിരം ആയിത്തീരുന്നത് ആശ്ചര്യം തന്നെ. വിശുദ്ധിക്കും ആരാധനെക്കും ശുശ്രൂഷെക്കുമുള്ള ശക്തി ആത്മാവാണ്. ഒരു വിശ്വാസിയുടെ വിസ്മയകരമായ രൂപാന്തരം വന്ന ജീവിതത്തിനും കാരണവും ആത്മാവത്രെ.

*ആത്മാവിനാൽ സ്നാനമേറ്റിരിക്കുന്നു:*[51] ആത്മാവിന്റെ ഈ ശുശ്രൂഷ, അനുതപിക്കുകയും ക്രിസ്തുവിൽ വിശ്വസിക്കുകയും ചെയ്യുന്നവൻ അവന്റെ ശരീരത്തിന്റെ അവയവങ്ങൾ ആകുന്നു. രക്ഷയുടെ നിമിഷത്തിൽ, ലോകത്തിലെ അതിശ്രേഷ്ഠമായ കൂട്ടായ്മയിൽ—സഭയിൽ അംഗമാകുന്നതിനുള്ള അസാധാരണ പദവി വിശ്വാസിക്കു ലഭിക്കുന്നു. ഈ പുതിയ സമൂഹത്തിൽ ക്രിസ്തു ശിരസ്സാകുന്നു. എല്ലാ സത്യവിശ്വാസികളും അവയവങ്ങളും ആകുന്നു. ക്രിസ്തുവിന്റെ അനുഗാമികളെ ക്രിസ്തുവിനോട് അന്യോന്യവും ഒന്നാക്കുന്ന ഉറ്റബന്ധത്തെ വിവരിക്കുവാൻ വാക്കുകൾക്കു കഴിയുകയില്ല.

*മുദ്രയിട്ടിരിക്കുന്നു:*[52] ആത്മാവിന്റെ മേൽപ്പറഞ്ഞ ശുശ്രൂഷകൾ കൂടാതെ, വിശ്വാസിക്ക് ഉടമസ്ഥാവകാശത്തിന്റെയും നിത്യമായ സംരക്ഷണത്തിന്റെയും ചിഹ്നമായി ഒരു മുദ്ര നല്കപ്പെടുന്നു. രക്തത്താൽ വിലെക്കു വാങ്ങപ്പെട്ട ഓരോ വിശ്വാസിക്കും ഈ മുദ്രയുണ്ട്.

*അച്ചാരം നല്കിയിരിക്കുന്നു:*[53] തന്റെയുള്ളിൽ പരിശുദ്ധാത്മാവ് ഉണ്ട് എന്ന ഉറപ്പ് വിശ്വാസിക്ക് ഉള്ളതുപോലെ തന്നെ, സകല അവകാശത്തിന്റെയും—സ്വർഗത്തിൽ മഹത്വീകരിക്കപ്പെട്ട ശരീരം ഉൾപ്പെടെയുള്ള അനുഗ്രഹങ്ങളുടെ അവകാശത്തിന്റെയും അച്ചാരം നല്കപ്പെട്ടിരിക്കുന്നു. അച്ചാരം ഒരു ഉടമ്പടിയാണ്, ലാഭവിലയാണ്. ആത്മാവിന്റെ അച്ചാരം എന്നതിന് വിവാഹ

നിശ്ചയ മോതിരം എന്ന് ഉദാഹരണമായി പറയാറുണ്ട്.

*അഭിഷേകം ചെയ്തിരിക്കുന്നു:*[54] ഒരു വ്യക്തി രക്ഷിക്കപ്പെടുമ്പോൾ അവന് അഭിഷേകമായി പരിശുദ്ധാത്മാവിനെ ലഭിക്കുന്നു. ഇതിൽ രണ്ടു പ്രധാന ശുശ്രൂഷകൾ ഉൾപ്പെടുന്നു: ഒന്ന്, പരിശുദ്ധാത്മാവിന്റെ അഭ്യസനശുശ്രൂഷയാണ്: സത്യത്തെയും തെറ്റിനെയും വിവേചിച്ചറിയുന്നതിന് ആത്മാവ് അവനെ പ്രാപ്തനാക്കുന്നു. രണ്ടാമത്, പഴയനിയമകാലത്തു രാജാക്കന്മാരെ അഭിഷേകം ചെയ്തതുപോലെ പ്രവാചകനായോ പുരോഹിതനായോ വേർതിരിക്കുന്നു.

*പ്രാർഥനയിൽ ദൈവത്തിന്റെ സ്വീകാര്യത:*[55] ആശ്ചര്യങ്ങളിൽ ഒന്നല്ലേ ഇത്? ദൈവരാജ്യത്തിന് ഏറ്റവും ചെറിയ ഒരുവൻ സകല പ്രപഞ്ചത്തിന്റെയും സർവവല്ലഭന്റെ സന്നിധിയിൽ അതേ സമയത്തുതന്നെയുള്ള സ്വീകാര്യതയും നിരന്തരം സ്വീകാര്യതയും, വിശ്വാസത്താൽ ദൈവപൈതൽ ഭൂമിയിൽനിന്നു സ്വർഗത്തിലെ സിംഹാസന മുറിയിലേക്ക്, അതിപരിശുദ്ധസ്ഥലത്ത്, പ്രവേശിക്കുന്നു. അവിടെ അവന് രാജാധിരാജാവും കർത്താധികർത്താവുമായവനുമായി സന്ദർശനം ലഭിക്കുന്നു. ഈ മഹാപദവി വെറുതെ ലഭിച്ചതല്ല, യേശുവിന്റെ രക്തത്താൽ വിലെക്കു വാങ്ങപ്പെട്ടതത്രെ.[56]

വിശ്വാസിയുടെ പ്രാർഥനാ ജീവിതത്തെ കൂടുതൽ വ്യക്തമാക്കുന്നതിനു ക്ലെയർവോക്സിലെ ബർണാഡ് നൂറ്റാണ്ടുകൾക്കു മുമ്പ് ഇങ്ങനെ എഴുതി:

"ആയിരമായിരങ്ങൾ ആരാധിക്കുന്ന അത്യുന്നത സിംഹാസനത്തിനു മുമ്പിൽ, ദൈവത്തിന്റെ മുഖത്തിനു മുമ്പിൽ എടുക്കപ്പെടുമെന്നു തോന്നുമാറ് പ്രാർഥിക്കുക."

*പുതിയ പൗരത്വം:*[57] മാനസാന്തരത്തിൽ പൗരത്വമാറ്റം സംഭവിക്കുന്നു—ഭൂമിയിൽനിന്നു സ്വർഗത്തിലേക്ക്. ഭൂവാസികളായിരുന്ന മനുഷ്യർ ഇവിടെ പരദേശികളും പ്രയാണികളും അന്യരും ആയിത്തീരുന്നു. അവർ ഒരു പുതിയ ഭരണാധികാരിയെ സ്വീകരിക്കുന്നു, ഉന്നതനിയമങ്ങൾ അനുസരിക്കുന്നു. അതേസമയം അവർ മാനുഷിക അധികാരത്തെയും പ്രാദേശിക നിയമങ്ങ

ളെയും അനുസരിക്കുന്നു. ഉന്നത നിയമങ്ങളുമായി ഇവയ്ക്കു വൈരുധ്യമില്ലെങ്കിൽ അവർ അനുസരിക്കും. അവരുടെ മുൻ രാജ്യം നാശത്തിനായി വിധിക്കപ്പെട്ടതാണ്. അവരുടെ പുതിയ രാജ്യം നിത്യ പിതൃത്വ രാജ്യമാണ്.

*ദൈവത്തിന്റെ മക്കൾ:*[58] രക്ഷമുഖാന്തരം പിതൃത്വത്തിനു മാറ്റം വരുന്നു. വീണ്ടെടുക്കപ്പെട്ടവർ തങ്ങളുടെ ജനനസർട്ടിഫിക്കറ്റിൽ ദൈവത്തെയാണ് പിതൃസ്ഥാനത്തു ചേർത്തിരിക്കുന്നത്. ഇതൊന്നു ചിന്തിക്കുക, പ്രസിഡന്റിന്റെയോ രാജാവിന്റെയോ മക്കൾ അല്ല. പ്രപഞ്ചസ്രഷ്ടാവും അതിനെ നിലനിർത്തുന്നവനുമായവന്റെ മക്കൾ! ഇതിനെക്കാൾ ശ്രേഷ്ഠമായൊരു പദവിയുണ്ടോ?

*ദൈവത്തിന്റെ പുത്രൻമ്മാർ:*[59] സ്ത്രീ പുരുഷ വ്യത്യാസമില്ലാതെ വിശ്വാസികൾ ദൈവിക കുടുംബത്തിൽ മുതിർന്ന അംഗങ്ങളായിത്തന്നെ കൈക്കൊള്ളപ്പെടുന്നു. മുതിർന്നവരുടെ സകല ഉത്തരവാദിത്വങ്ങളും പദവികളും അവർക്കുണ്ട്. നിയമപരമായ ബാധ്യതകൾ ഉള്ള കുഞ്ഞുങ്ങളായിട്ടല്ല, സ്വതന്ത്ര പുത്രന്മാരുടെയും പുത്രിമാരുടെയും സ്വാതന്ത്ര്യമുള്ളവരായിത്തന്നെ അവർ സ്വീകരിക്കപ്പെടുന്നു.

*ദൈവത്തിന്റെ അവകാശികൾ:*[60] യേശുക്രിസ്തുവിന്റെ കൂട്ടവകാശികളും അത്രെ. അവരുടെ പദവികൾ സ്വയം വിവരിക്കുന്നവയാണ്. എങ്കിലും അതിന്റെ ആഴം നാം ഗ്രഹിക്കുന്നില്ല. പിതാവായ ദൈവത്തിന്റെയും അവിടത്തെ പുത്രന്റെയും മഹാ സമ്പത്ത് ആർക്കു കണക്കുകൂട്ടാൻ കഴിയും? അവയുടെ ആകെത്തുക നക്ഷത്രമണ്ഡലങ്ങളെക്കാൾ വിശാലമാകും. കർത്താവിനെ സ്നേഹിക്കുന്ന ഓരോ വിശ്വാസിക്കും ലഭിക്കുന്ന അവകാശത്തിന്റെ അളവ് അതാണ്.

*വിശുദ്ധ രാജകീയ പുരോഹിതവർഗം:*[61] പഴയനിമയ പൗരോഹിത്യം ഒരു ഗോത്രത്തിന്—ഒരു കുലത്തിനു മാത്രമുള്ളതായിരുന്നു. എന്നാൽ പുതിയനിയമത്തിൽ സകല വിശ്വാസികളും പുരോഹിതന്മാരാണ്. അവരുടെ ശുശ്രൂഷകൾ രണ്ടു തരത്തിലാണ് ഒന്ന്, സ്വന്തം സ്നേഹവും ജീവിതവും സ്തുതിയും

സമ്പത്തും സേവനവും ദൈവത്തിനു നല്കണം. രണ്ടാമത്, തങ്ങളെ അന്ധകാരത്തിൽനിന്ന് അത്ഭുതപ്രകാശത്തിലേക്കു വിളിച്ചവന്റെ സദ്ഗുണങ്ങളെ ഘോഷിപ്പാനായി അവരെ നിയമിച്ചാക്കിയിരിക്കുന്നു.

*സകലത്തിലും പൂർണജയം പ്രാപിക്കുന്നവർ:*[62] ഒരുവൻ സകലത്തിലും പൂർണജയം പ്രാപിക്കുന്നവനാകുന്നത് എങ്ങനെ? ഒന്നുകിൽ അവൻ ജയിക്കണം. അല്ലെങ്കിൽ ജയിക്കാതിരിക്കുന്നു. അപ്പോൾ പൂർണജയം പ്രാപിക്കുന്നത് എങ്ങനെ? വിശ്വാസികൾ കടുത്ത യുദ്ധത്തിന്റെ മധ്യത്തിൽ ആയിരിക്കുമ്പോഴും അവർ ജയാളികളാണ് എന്നാണ് ഇതിനർഥം ഫലം എന്താകും എന്നത് സുനിശ്ചിതമാണ്. അവർ ജയിക്കുന്നവരോടൊപ്പമുണ്ട്. ഏതെങ്കിലുമൊരു സമയത്ത് തിരമാലകൾ തങ്ങൾക്കെതിരെ ആഞ്ഞടിച്ചാലും അവർ ജയാളികളാകും എന്ന് ഉറപ്പാണ്.

*അവന്റെ രൂപത്തോട് അനുരൂപരാകുവാൻ നിയമിക്കപ്പെട്ടിരിക്കുന്നു:*[63] കറയും മാലിന്യവുമില്ലാത്ത നിഷ്കളങ്കമണവാട്ടിയായി എന്നേക്കും അവനോടുകൂടെ ആയിരിക്കുന്നതിനു നിയമിക്കപ്പെട്ടിരിക്കുന്നു. "സകല ചിന്തയ്ക്കും അതീതമായൊരു ചിന്ത" എന്നാണ് ഡാർബി ഇതിനെ വിശേഷിപ്പിച്ചിട്ടുള്ളത്—കർത്താവിന്റെ ആത്മീയ ധാർമിക രൂപത്തോട് അനുരൂപരാകുക. ആശ്ചര്യപരതന്ത്രനായി ഡാർബി ചോദിക്കുന്നു:

അത് അങ്ങനെയോ? ഞാൻ അങ്ങയുടെ
പുത്രനെപ്പോലെ ആയിരിക്കുമെന്നോ?
ക്രിസ്തു എനിക്ക് എന്ന കൃപ വിജയിച്ചുവെന്നോ?
മഹത്വത്തിന്റെ പിതാവേ, (സകല ചിന്തകൾക്കും
അതീതമായ ചിന്ത!)
മഹത്വത്തിൽ അവന്റെ അനുഗൃഹീത രൂപത്തോട്
അനുരൂപനാകൂ!

ചുരുക്കത്തിൽ, *ക്രിസ്തുവിന്റെ സകല ആത്മീയാനുഗ്രഹത്താലും അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു:*[64] ദൈവത്തിന്റെ സ്നേഹിതരിൽ ഒരാൾ ഇങ്ങനെ പറഞ്ഞിരിക്കുന്നു: "ഇവിടെ നമുക്കു

ഒരു നിമിഷം നിന്ന് അവിടത്തെ നമസ്കരിക്കാം; മധ്യാഹ്ന സൂര്യനെ നോക്കിയാൽ എന്നപോലെ എന്റെ കണ്ണുകൾ മങ്ങിപ്പോകും ഞാൻ നിന്ന് അവിടത്തെ നമസ്കരിക്കട്ടെ!"[65] ജെയ്ൻ ഓസ്റ്റിന്റെ കഥാപാത്രങ്ങളിൽ ഒരാൾ പറഞ്ഞതുപോലെ, വിശ്വാസികൾ തങ്ങൾ അർഹിക്കുന്നതിലുമപ്പുറം സന്തോഷമുള്ളവരായിരിപ്പാൻ പഠിക്കേണ്ടതായുണ്ട്.[66]

## കൃപയുടെ പാരമ്യം

പാപം പ്രവേശിക്കാതിരുന്നെങ്കിൽ ഭൂമിയിൽ എത്രയോ മഹത്വ ജീവിതം നയിക്കാമായിരുന്നു എന്നതിനെക്കാൾ വിശ്വാസി ക്രിസ്തുവിൽ മഹാമഹത്വത്തിലാണ്. വീണുപോകാത്ത ആദാമിൽ ആയിരിക്കുന്നതിനെക്കാൾ അതിശ്രേഷ്ഠ പദവിയാണ് ക്രിസ്തുവിൽ വിശ്വാസിക്കുള്ളത് എന്നർഥം. ഈ ഈരടികൾ എത്രയോ ശരിയാണ്:

ക്രിസ്തുവിൽ, ആദാമ്യസന്തതികൾ,
തങ്ങളുടെ പിതാവ് നഷ്ടപ്പെടുത്തിയതിലുമധികം
അനുഗ്രഹങ്ങൾ അവകാശമാക്കുന്നു.

ആദാമിന്റെ ആദ്യ നിഷ്കളങ്കതയിൽ, അവൻ ക്രിസ്തുവിൽ പ്രിയരും പരിപൂർണരും എന്ന പദവിയിൽ അംഗീകരിക്കപ്പെടുമായിരുന്നില്ല. ആദാം ഒരിക്കലും ദൈവത്തിന്റെ പുത്രൻ ആകുമായിരുന്നില്ല. സ്വർഗത്തിൽ ഒരു ഭവനം എന്ന പ്രത്യാശ അവന് ഉണ്ടാകുമായിരുന്നില്ല; അവൻ ക്രിസ്തുവിന്റെ രൂപത്തോട് അനുരൂപപ്പെടുകയുമില്ല. മേല്പറഞ്ഞ അനുഗ്രഹങ്ങൾ ഒന്നും അവന് ആസ്വദിക്കുവാൻ സാധ്യമാകുമായിരുന്നില്ല.

അവൻ പാപം ചെയ്യാതിരുന്നിടത്തോളം, ഭൂമിയിൽ അവനു തുടരാനുള്ള ജീവിതം ഉറപ്പായിരുന്നു. പക്ഷേ, അവന് ക്രിസ്തുവിന്റെ ജീവൻ ലഭ്യമാകുകയില്ല. അവനിൽ പരിശുദ്ധാത്മാവ് സ്ഥിരമായി അധിവസിക്കുകയുമില്ല. കൃപയാൽ രക്ഷിക്കപ്പെട്ട പാപി എന്നതിന്റെ പദവികൾ അവനു ലഭിക്കുമായിരുന്നില്ല.

അവൻ പാപത്തിൽ വീണുപോകാനും തൽഫലമായി ശിക്ഷാവിധിയിൽ ആയിപ്പോകാനുള്ള സാധ്യത എല്ലായ്പ്പോഴും

ആദാമിന് ഉണ്ടായിരുന്നു. മരണഭീതി ആദാമിന്റെ മേലും ഹവ്വയുടെ മേലും ഡെമോക്ലിസിന്റെ ഖഡ്ഗം പോലെ തൂങ്ങിയിരുന്നു. ആദാം പാപം ചെയ്തു; അവന്റെ പാപം ദു:ഖത്തിന്റെയും കഷ്ടതയുടെയും മരണത്തിന്റെയും ഹിമനിപാതത്തിനു തന്നേ കാരണമായി. എന്നാൽ രക്ഷയ്ക്കൊരു മാർഗം നല്കുന്നതിനായി തന്റെ പുത്രനെ ദൈവം അയച്ചു. സകല മാനുഷിക കണക്കുകൂട്ടലുകൾക്കുമതീതമായി മനുഷ്യവർഗത്തെ ദൈവം ധന്യരാക്കിത്തീർത്തു. അതിനാൽ ഒരിക്കലും പാപം ചെയ്യാതിരുന്നെങ്കിൽ എന്ന അവസ്ഥയെക്കാൾ വിശ്വാസിയുടെ സ്ഥാനവും പദവിയും എത്രയോ പാരമ്യത്തിലാണ്. "പാപം പെരുകിയേടത്ത് കൃപയും അത്യന്തം പെരുകി."[67]

ദൈവത്തിന്റെ പ്രീതി ആദി മുതൽ അന്ത്യം വരെ, നമ്മുടെ പാപങ്ങളെക്കാൾ അത്യഗാധമായ കൃപയും അത്യുന്നതമായ കരുണയും ആയിരിക്കുന്നു.

# 6

# സദ്വാർത്തയല്ലാത്ത ഒരു "സുവിശേഷം"

വേറൊരു സുവിശേഷമുണ്ട്—*വ്യാജ*സുവിശേഷം. അത് സദ്വാർത്തയേയല്ല; എങ്കിലും അതുതന്നെയാണ് ലോകത്തിലെ അധികമാളുകളും വിശ്വസിക്കുന്നത്. നല്ല ആളുകൾ സ്വർഗത്തിൽ പോകും എന്ന് ആ സുവിശേഷം പറയുന്നു. സൽപ്രവൃത്തികളാൽ നിങ്ങൾക്കു രക്ഷ സമ്പാദിക്കാം. സൽസ്വഭാവത്താൽ നിങ്ങൾക്കു സ്വർഗത്തിന് അർഹതനേടാം എന്ന് അത് പറയുന്നു. ലോകത്തിലെ ഒട്ടധികം മതങ്ങളും ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ ഈ ഉപദേശത്തിലാണ് എത്തിച്ചേരുന്നത്. ആളുകൾക്ക് അത് ശരിയാണെന്നു തോന്നുകയും ചെയ്യും. എന്നാൽ അത് മരണത്തിൽ, ദൈവത്തിൽ നിന്നുള്ള നിത്യമായ വേർപാടിൽ അവസാനിക്കും എന്നു വേദപുസ്തകം പറയുന്നു.[68]

ഇതു പുതിയതല്ല. വാസ്തവത്തിൽ ഇത് ഏദെനിലാണ് ആരംഭിക്കുന്നത്. ആദാമും ഹവ്വായും തങ്ങളുടെ നഗ്നമായ പാപത്തെ ഉടയാട ഉണ്ടാക്കി മറയ്ക്കാൻ ശ്രമിച്ചു. തങ്ങൾക്കു ചെയ്യാൻ കഴിഞ്ഞ ഈ പ്രവൃത്തിയാൽ ദൈവത്തിന്റെ മുമ്പിൽ

നില്ക്കുന്നതിനു സ്വയം യോഗ്യരാകുന്നതിന് അവർ ശ്രമിച്ചു. എന്നാൽ അതൊരു മഹാ അബദ്ധം ആയിരുന്നു എന്ന് അവരെ കാണിക്കുന്നതിനു ദൈവം ആഗ്രഹിച്ചു. അതിനാൽ ദൈവം അവരെ മൃഗത്തോൽ ഉടുപ്പിച്ചു. അതിനു മൃഗങ്ങൾ കൊല്ലപ്പെടണമായിരുന്നു. അവയുടെ രക്തം ചൊരിയപ്പെട ണമായിരുന്നു. ആദാമും ഹവ്വയും ദൈവം തങ്ങൾക്കുവേണ്ടി കരുതിയത് വിശ്വാസത്താൽ അംഗീകരിക്കുക മാത്രമേ ചെയ്യേ ണ്ടിയിരുന്നുള്ളൂ. പാപം ദൈവത്തിൽനിന്ന് അകറ്റുന്നു; മനുഷ്യന് ആ വിടവ് നികത്തുവാൻ സാധ്യമല്ല, രക്തം ചൊരിയിച്ചുകൊണ്ടു ള്ള ഒരു പ്രായശ്ചിത്ത മരണത്തിന്റെ അടിസ്ഥാനത്തിൽ മാത്ര മേ മനുഷ്യനു ദൈവത്തെ സമീപിക്കുവാൻ കഴിയുകയുള്ളൂ എന്നു ദൈവം അവരെ പഠിപ്പിക്കുകയായിരുന്നു.

കയീൻ തന്റെ മാതാപിതാക്കളുടെ തെറ്റിൽനിന്നു പഠിക്കേണ്ട തായിരുന്നു. അതിനുപകരം അവൻ രക്തരഹിതമായ ഒരു യാഗമാണ് കൊണ്ടുവന്നത്. അത് അവന്റെ അധ്വാനത്തിൽ നിന്നുള്ളതായിരുന്നു. അത് ദൈവിക മാർഗത്തിന്റെ നിരസന വും ദൈവവചനത്തിന്റെ മന:പൂർവ നിഷേധവും ആയിരുന്നു. അത് നിത്യനാശത്തിലാണു കലാശിച്ചത്. *വ്യാജസുവിശേഷം* നല്ലതെന്നു കാണപ്പെടും പക്ഷേ, അത് മരണത്തിലേക്കു നയിക്കുന്നു.

ഇത്രയും നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും ഇന്നും അങ്ങനെ തന്നെയാണ് തിരഞ്ഞെടുപ്പിന്റെ മതം. തന്റെ രണ്ടാമത്തെ നി യമോപദേഷ്ടാവ് മരിച്ചപ്പോൾ, അമേരിക്കയുടെ ഒരു പ്രസിഡന്റ് "തന്റെ സൽക്കർമങ്ങളാലും നല്ല ജീവിതത്താലും തനിക്കു കൃപ യും രക്ഷയും ലഭിക്കുമാറാകട്ടെ എന്നാണ് ഞാൻ ആഗ്രഹിക്കു ന്നത്" എന്നു പറയുകയുണ്ടായി.

ശുഭാപ്തിചിന്തയെക്കുറിച്ചു പ്രാഗത്ഭ്യത്തോടെ നിരന്തരം സംസാരിക്കുന്ന ഒരു പാസ്റ്റർ, "നല്ല ചിന്തകൾ ചിന്തിക്കുന്ന തിനാലും നല്ല പ്രവൃത്തികൾ ചെയ്യുന്നതിനാലും എല്ലാവരും സ്വർഗത്തിൽ പോകുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു" എന്ന് പരസ്യമായി പറഞ്ഞു.

വിശ്വസ്തനായൊരു പ്രസംഗകൻ രക്ഷ വിശ്വാസത്താലുള്ള കൃപയാൽ മാത്രമാണ്, പ്രവൃത്തികളാൽ അല്ല എന്നു മുക്കാൽ മണിക്കൂർ പ്രസംഗിച്ചേക്കാം. പ്രസംഗശേഷം അദ്ദേഹം വാതില്ക്കൽ നിന്ന് ഒരു സന്ദർശകനോടു ചോദിക്കുന്നു: "താങ്കൾ രക്ഷിക്കപ്പെട്ടുവോ?" സന്ദർശകൻ മറുപടി പറയുന്നു: "ഞാൻ കഴിവിന്റെ പരമാവധി പ്രവർത്തിക്കുന്നു."

ഒരു വിശ്വാസി പുതുതായി വന്ന ഒരാളോടു ചോദിച്ചു: "താങ്കൾ രക്ഷിക്കപ്പെട്ടുവോ?" "അത് എങ്ങനെ അറിയാം?" എന്നായിരുന്നു അപരന്റെ മറുചോദ്യം. രക്ഷ സൽസ്വഭാവത്തിലോ പ്രവൃത്തിയാലോ ആകുന്നു എങ്കിൽ താൻ യോഗ്യത നേടുന്നുവോ എന്ന് ആർക്കും നിശ്ചയമായി പറയുവാൻ സാധ്യമല്ല എന്ന് അയാൾ ഗ്രഹിച്ചിരുന്നു. ലക്ഷ്യം അനിശ്ചിതവും പിടികിട്ടാത്തതുമാണ്.

പ്രവൃത്തിയാൽ രക്ഷ എന്നത് മനുഷ്യമനസ്സിൽ ഗൂഢമായ ഒരു ചിന്തയാണ്. അത് മനുഷ്യചിന്തയിൽനിന്നു മായിച്ചുകളയുന്നതിനു പരിശുദ്ധാത്മാവിന്റെ പ്രകൃത്യതീതമായ ഒരു പ്രവൃത്തി ആവശ്യമാണ്. തങ്ങൾക്കു സ്വയം രക്ഷിക്കുവാൻ കഴിയും, അല്ലെങ്കിൽ രക്ഷെക്കുവേണ്ടി തങ്ങൾക്കു കുറെയൊക്കെ ചെയ്യാൻ കഴിയും എന്നിങ്ങനെ വിശ്വസിക്കുന്നതിനു ജനം ആഗ്രഹിക്കുന്നു. ഇത് അവരുടെ നിഗളത്തെ വർധിപ്പിക്കുന്നു. തങ്ങൾ കൃപ ആവശ്യമുള്ളവരാകുന്നു എന്നു ചിന്തിക്കുന്നതിന് അവർ ഇഷ്ടപ്പെടുന്നില്ല. "സൗജന്യം" തങ്ങൾക്കു വേണ്ട. സ്വർഗം തങ്ങൾക്കു നേടുവാൻ കഴിയുകയില്ല എന്നു ചിന്തിക്കുന്നത് തന്നേ അവർക്ക് ഇടർച്ചയാകുന്നു.

അതുനിമിത്തം സൽപ്രവൃത്തികളാലും സൽസ്വഭാവത്താലും രക്ഷ എന്ന ചിന്തയെ അവർ മുറുകെ പിടിക്കുന്നു. വളരെയധികം ജനങ്ങൾ കൃപയാൽ രക്ഷിക്കപ്പെട്ടശേഷവും തങ്ങളെത്തന്നെ രക്ഷിക്കപ്പെട്ടവരായി നിലനിർത്തുന്നതിനു തങ്ങൾ അധ്വാനിച്ചുകൊണ്ടിരിക്കുന്നു എന്നു ചിന്തിക്കുന്നു. ഇന്നത്തെ സഭ ഈ ദുരുപദേശത്താൽ പുളിച്ചിരിക്കുന്നു.

ഈ വ്യാജസുവിശേഷവുമായി ബന്ധപ്പെട്ട വാക്കുകൾ

ന്യായപ്രമാണം അനുസരിക്കുക, പ്രവൃത്തികൾ, കടപ്പെട്ടിരിക്കുക എന്നിവയാണ്. അതായത്, രക്ഷ എന്നത് ദൈവം പാപിയോടു കടപ്പെട്ടിരിക്കുന്നതാണ്; നിയമം അനുസരിക്കുന്നവനോടു, സൽ പ്രവൃത്തികൾ ചെയ്യുന്നവനോട് ദൈവം കടപ്പെട്ടിരിക്കുന്നു. ന്യായാധിപതിയായ ദൈവം കുറെ ത്രാസുകൾ വെച്ചിട്ടുണ്ട്. ദൈവം ഒരു മനുഷ്യന്റെ സൽപ്രവൃത്തികൾ ത്രാസിന്റെ ഒരു തട്ടിൽ വെക്കുന്നു, മറ്റേ തട്ടിൽ ദുഷ്പ്രവൃത്തികളും വെക്കുന്നു. ഏതു തട്ടിനാണോ ഭാരം കൂടുതൽ അതാണ് അവന്റെ വിധി നിർണയിക്കുന്നത്. സ്വർഗമോ നരകമോ എന്നു നിർണയിക്കപ്പെടും. പക്ഷേ, ത്രാസ് എങ്ങോട്ടാണു ചായുന്നത് എന്ന് അവൻ മരിക്കുന്നതുവരെ അറിയുകയില്ല.

കൃപ അതല്ല. കൃപയും പ്രവൃത്തികളും കടകവിരുദ്ധമാണ്. അവ തമ്മിൽ കൂട്ടിക്കുഴയ്ക്കുന്നതിനു നിങ്ങൾ ശ്രമിക്കുന്ന നിമിഷം അത് കൃപയല്ലാതാകുന്നു.[69] ഉദാഹരണമായി, ഞങ്ങൾ ക്രിസ്തീയ ജീവിതം നയിക്കുന്നതിനാൽ രക്ഷിക്കപ്പെടുന്നു എന്നു പറയുന്നത് കൃപയല്ല. ഏതെങ്കിലും പ്രവൃത്തികൾ ചെയ്യുന്നതിനാൽ രക്ഷിക്കപ്പെടുന്നു എന്നു പറയുന്നത് കൃപയല്ല. വിശ്വാസത്താലും പ്രവൃത്തിയാലും ഞങ്ങൾ രക്ഷിക്കപ്പെടുന്നു എന്നു പറയുന്നതും കൃപയല്ല. നാം വിശ്വാസത്താൽ മാത്രം രക്ഷിക്കപ്പെടുന്നു എന്നു വിശ്വാസം പ്രഖ്യാപിക്കുന്നു.

## ധനവാനും ദു:ഖിതനുമായ യുവപ്രമാണി

പ്രവൃത്തിയാൽ രക്ഷ എന്നു വിശ്വസിച്ച ധനികനായ ഒരു യുവപ്രമാണി ഉണ്ടായിരുന്നു.[70] അവൻ യേശുവിന്റെ അടുക്കൽ വന്ന് ഇപ്രകാരം ചോദിച്ചു: "നല്ല ഗുരോ, ഞാൻ നിത്യജീവനെ അവകാശമാക്കേണ്ടതിന് എന്തു ചെയ്യണം?" അവൻ തന്റെ രക്ഷ സമ്പാദിക്കുന്നതിനാണ് ആഗ്രഹിച്ചത്. പ്രവൃത്തികളാൽ സ്വർഗം നേടുന്നതിനു സാധ്യമല്ല എന്ന് അവനെ കാണിക്കേണ്ടതിനു യേശു പത്തു കല്പനകളിൽ ആറു കല്പനകളും ഉദ്ധരിച്ചു. താൻ ഈ കല്പനകൾ എല്ലാം പ്രമാണിക്കുന്നു എന്ന് അഭിമാനപൂർവം അവകാശപ്പെട്ടു. പക്ഷേ, വാസ്തവ

മായി അതു പ്രമാണിച്ചിരുന്നില്ല. അവൻ തന്നെപ്പോലെ തന്റെ അയൽക്കാരനെ സ്നേഹിച്ചില്ല. സ്നേഹിച്ചിരുന്നു എങ്കിൽ, അവൻ തന്റെ സമ്പത്ത് ദരിദ്രരുമായി പങ്കുവെക്കുമായിരുന്നു. ദുരാഗ്രഹം അവന്റെ മുറുകെപറ്റുന്ന പാപം ആയിരുന്നു. പത്തു കല്പനകളിൽ ഒന്നു ലംഘിച്ചതിനാൽ അവൻ പത്തു കല്പനകളും ലംഘിച്ചു. കാരണം പത്തു കണ്ണികളുള്ള ഒരു ചങ്ങലയാണ് ഈ കല്പന അവൻ കൃപയാൽ രക്ഷപ്രാപിക്കണമായിരുന്നു, പ്രവൃത്തിയാലല്ല.

## സ്വർഗത്തിലേക്കു വ്യാജടിക്കറ്റ്

പ്രവൃത്തികളാൽ രക്ഷ, നല്ല ആളുകൾ സ്വർഗത്തിൽ പോകും എന്നിവ മനുഷ്യഹൃദയത്തിൽ രൂഢമൂലമായിരിക്കുന്ന രണ്ടു ദുരുപദേശങ്ങളാണ്. സ്വർഗത്തിലേക്കുള്ള ടിക്കറ്റ് എന്നു കരുതി ആളുകൾ ചെയ്യുന്ന സൽപ്രവൃത്തികൾ ഇവയാണ്:

### മതാനുഷ്ഠാനങ്ങൾ

*സ്നാനം*: രക്ഷിക്കപ്പെട്ടവർക്കു മാത്രമുള്ള ഒരു അനുഷ്ഠാനമാണ് സ്നാനം എന്ന വസ്തുത ഓർക്കുക. അത് ക്രിസ്തുവിനെ പരസ്യമായി ഏറ്റുപറയുന്നതാണ്, ക്രിസ്തുവിന്റെ മരണത്തിലും അടക്കത്തിലും പുനരുത്ഥാനത്തിലും അവനോട് ഏകീഭവിക്കുന്നതുമാണ്.

*സ്ഥിരീകരണം*: ഇത് കേവലം ഒരു സഭാ പാരമ്പര്യമാണ്. വേദപുസ്തകത്തിലൊരിടത്തും ഇതു കാണുന്നില്ല. അതിനാൽ ഇതൊരിക്കലും രക്ഷാമാർഗമാകുന്നില്ല.

*കുമ്പസാരം*: ഒരു മനുഷ്യനോട് ഏറ്റുപറയുന്നതിനാൽ പാപം ക്ഷമിക്കപ്പെടുന്നില്ല. യേശുക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി ഏറ്റുപറയുന്നത് കേൾക്കുന്നതിനാണ് ദൈവം കാത്തിരിക്കുന്നത്.

*തിരുവത്താഴം*: സ്നാനം പോലെ ഇതും ക്രിസ്ത്യാനികളായവർക്കാണ്. കർത്താവിന്റെ മരണത്തെക്കുറിച്ചുള്ള ഓർമയാണിത്.

*പ്രായശ്ചിത്തം*: സ്വന്തം പാപങ്ങളുടെ പരിഹാരാർഥം ഒരു മനുഷ്യൻ ചെയ്യുന്ന ഏതൊരു പ്രവൃത്തിയും ഇതിൽ ഉൾപ്പെടും. ഈ വാക്ക് പുതിയനിയമത്തിൽ ഇല്ല. പാപികൾ അനുതപിക്കണം. അതായത്, മനുഷ്യൻ തങ്ങളുടെ പാപത്തെ സമ്മതിക്കുകയും പാപക്ഷമയ്ക്കായി ദൈവത്തിങ്കലേക്കു തിരിയുകയും ചെയ്യണം.

*സഭാംഗത്വം*: കർത്താവിനെ സംബന്ധിച്ചിടത്തോളം ക്രിസ്തുവിന്റെ ശരീരമാം സഭയിൽ ഒരുവൻ അംഗമായിരിക്കുന്നുവോ എന്നതിനു മാത്രമേ പ്രധാന്യമുള്ളൂ. സകല സത്യവിശ്വാസികളും ആ സഭയിൽ അംഗങ്ങളാണുതാനും. അത് രക്ഷെക്കുള്ള മാർഗമല്ല, ക്രിസ്തുവിൽ വിശ്വസിച്ചതിന്റെ ഫലമാണ്.

*സഭായോഗങ്ങളിൽ ക്രമമായി സംബന്ധിക്കുന്നത്*: ഇത് അഭികാമ്യമാണ്. പക്ഷേ, അതിനു രക്ഷണ്യസുകൃതം ഒന്നുമില്ല.

*ദശാംശ ദാനം*: ദൈവത്തിൽനിന്ന് എന്തെങ്കിലും പ്രീതി സമ്പാദിക്കുന്നതിനായി അവിശ്വാസി തന്റെ വരുമാനത്തിൽനിന്ന് ഒരു നിശ്ചിത തുക നല്കുന്നതിനാൽ പ്രയോജനമൊന്നുമില്ല. സത്യം പറഞ്ഞാൽ, ദൈവത്തിന് അവന്റെ പണം ആവശ്യമില്ല. അവന്റെ അനുതാപത്തിലും വിശ്വാസത്തിലും മാത്രമാണ് ദൈവത്തിനു താല്പര്യം.

*ഉപവാസം*: സ്വയവർജനം ഒരുവന്റെ ശാരീരികാരോഗ്യത്തിനു നല്ലതായിരിക്കും. വിശ്വാസികൾക്ക് ആത്മീയ ജാഗരണത്തിന് അതു നല്ലതാണ്. എന്നാൽ അവിശ്വാസികൾക്ക് ഉപവാസത്താൽ ദൈവത്തെ പ്രസാദിപ്പിക്കുക സാധ്യമല്ല.

*പ്രാർഥനകൾ*: രക്ഷിക്കപ്പെടാത്ത ഒരു മനുഷ്യനിൽനിന്നു ദൈവം കേൾക്കുന്നതിന് ആഗ്രഹിക്കുന്ന പ്രാർഥന: "ദൈവമേ, പാപിയായ എന്നോട് കരുണയുണ്ടാകണമേ, യേശു മുഖാന്തരം എന്നെ രക്ഷിക്കണമേ" എന്നതു മാത്രമാണ്.

*അന്ത്യകൂദാശ*: അത്യാസന്ന നിലയിലായ ഒരു മനുഷ്യനു വേണ്ടി പുരോഹിതൻ, അവന്റെ സൗഖ്യത്തിനും രക്ഷെക്കുമായി പ്രാർഥിക്കുന്നതാണ് അന്ത്യകൂദാശ. ഇതിന് തിരുവെഴു

ത്തുകളിൽ അടിസ്ഥാനമില്ല. ഭൂമിയിൽ ജീവനോ നിത്യജീവനോ അത് ഉറപ്പുതരുന്നുമില്ല.

## ന്യായപ്രമാണം അനുസരിക്കുക

*പത്തുകല്പനകൾ*: ഈ ന്യായപ്രമാണ കല്പനകളുടെ ഉദ്ദേശ്യം പാപത്തെ വെളിപ്പെടുത്തുക എന്നതാണ്. അതിനെ കഴുകിക്കളയുക എന്നതല്ല.

*സ്വർണനിയമം*: മറ്റൊരുവനിൽനിന്നു നിങ്ങൾ എന്ത് ആഗ്രഹിക്കുന്നുവോ, അത് മറ്റുള്ളവർക്കുചെയ്യുക എന്നത് അഭികാമ്യമായ ജീവിതനയം തന്നെ. എന്നാൽ അത് കുറ്റമറ്റനിലയിൽ അനുസരിക്കുന്നതിനു മനുഷ്യനു സാധ്യമല്ല.

*മറ്റേതൊരു നിയമങ്ങളും*: ഒരു മനുഷ്യനു സ്വയം രക്ഷിക്കുന്നതിനു പ്രയോജനകരമായി ഒന്നും ചെയ്യുവാൻ സാധ്യമല്ല എന്നു പുതിയനിയമം ഉറപ്പിച്ചുപറയുന്നു.

## സൽസ്വഭാവം

*നല്ല ജീവിതം നയിക്കുക*: നമ്മുടെ പ്രവൃത്തികൾ എത്ര നല്ലതായാലും ദൈവത്തിന്റെ അളവിൽ എത്തുകയില്ല. ക്രിസ്തുവാണ് ദൈവത്തിന്റെ അളവ്. ഒരു പാപം മാനവനെ പാപിയാക്കുന്നു. പാപത്തിന്റെ ശമ്പളം മരണമത്രെ.

*മറ്റുള്ളവരെക്കാൾ നല്ലവനായിരിക്കുക*: താൻ മറ്റു ചിലരെക്കാൾ നല്ലവൻ ആകുന്നു എന്ന് ആർക്കും പറയാൻ കഴിയും. തങ്ങളെക്കാൾ കുറഞ്ഞ നിലവാരത്തിൽ ആരെങ്കിലും ഉണ്ടാകും. പക്ഷേ, ഈ അഭിമാനം പ്രയോജനമില്ല. അത് മതിയായിരുന്നെങ്കിൽ സകല പാപികളും രക്ഷിക്കപ്പെടുമായിരുന്നു.

## സൽപ്രവൃത്തികൾ

*ഔദാര്യദാനങ്ങൾ*: ആവശ്യങ്ങളിലിരിക്കുന്നവരെ സഹായിക്കുക എന്നത് ആവശ്യമാണ്. ഔദാര്യദാനങ്ങൾക്കെതിരെയോ ജീവകാരുണ്യത്തിനെതിരെയോ സംസാരിക്കുന്നത് മാതൃത്വത്തിനെതിരെ സംസാരിക്കുന്നതുപോലെയാണ്. പക്ഷേ, ഇതിനു പാപപരിഹാരം വരുത്തുവാൻ സാധ്യമല്ല.

*ഒരുവന്റെ ഉത്തമാധ്വാനം*: എല്ലാവരും അതു ചെയ്യണം, എന്നാൽ സൽപ്രവൃത്തികൾ രക്ഷകനാകയില്ല. യേശു മാത്രമാണു രക്ഷകൻ.

## പാരമ്പര്യം

*ദൈവഭക്തരായ മാതാപിതാക്കളിൽനിന്നു ജനിച്ചവർ*: രക്ഷ പാരമ്പര്യമായുള്ളതല്ല. രക്ഷ രക്തബന്ധത്തിൽ ഇല്ല. ഓരോരുത്തരും വ്യക്തിപരമായി സുവിശേഷം അംഗീകരിക്കേണ്ടതാണ്.

*കുടുംബത്തിൽ ഒരു ശുശ്രൂഷകൻ, പുരോഹിതൻ, റബ്ബി ഉണ്ടായിരിക്കുക*: മറ്റൊരു ആളിന്റെ ഉദ്യോഗം മുഖാന്തരം ആരും രക്ഷിക്കപ്പെടുകയില്ല. നമ്മുടെ മാനുഷിക കൂട്ടായ്മകളാൽ നാം രക്ഷിക്കപ്പെടുന്നില്ല.

## മറ്റു ചിലത്

*ഒരു നല്ല പിതാവ്, നല്ല മാതാവ്, നല്ല ഒരു കുടുംബത്തിൽ ജനിച്ചു വളർത്തപ്പെട്ടു*: ഇതു പ്രശംസനീയം തന്നെ. പക്ഷേ, അതു മതിയാകുന്നില്ല. നാം ചെയ്യുന്ന ഏതെങ്കിലും നന്മപ്രവൃത്തിയാൽ നാം രക്ഷിക്കപ്പെടുന്നില്ല.

മേല്പറഞ്ഞവയിൽ ഒന്നിനാലോ പലതിനാലുമോ നാം രക്ഷപ്രാപിക്കുന്നില്ല. അത് സാധ്യമായിരുന്നെങ്കിൽ യേശു മരിക്കേണ്ടിയിരുന്നില്ല. ക്രിസ്തുവിലുള്ള വിശ്വാസത്താലല്ലാതെ, രക്ഷെക്കു മറ്റൊരു മാർഗവും ഇല്ല; എന്നതിനാലാണ് യേശു മരിച്ചതും അടക്കപ്പെട്ടതും, അവൻ ഉയിർത്തെഴുന്നേറ്റതും.

ഈ നീണ്ട പട്ടിക നോക്കുക, ലോകത്തിൽ എല്ലാവരെയും ഉൾക്കൊള്ളുന്നതിന് ഈ കാര്യങ്ങൾക്കു സാധ്യമല്ല. സകല മനുഷ്യർക്കും ചെയ്യാൻ കഴിയുന്നതല്ല ഈ സൽപ്രവൃത്തികൾ. കരചരണങ്ങൾ ഇല്ലാത്തവർക്കും അന്ധരും നിർധനരും മരണാസന്നരുമായ മനുഷ്യരെ കാണുമ്പോൾ, പ്രവൃത്തികളാൽ രക്ഷ എന്നത് ദരിദ്രമായൊരു സുവിശേഷമാകുന്നു എന്നു നിങ്ങൾ തിരിച്ചറിയും. അതിൽ സദ്വാർത്ത ഇല്ല.

മനുഷ്യമനസ്സിനു ചിന്തിക്കാൻ കഴിയുന്ന ധ്യാനം, സ്വയവർജ്ജനം, സൽപ്രവൃത്തികൾ, മുട്ടിന്മേൽ പടിക്കെട്ടുകയറുന്നതു പോലെയുള്ള ശാരീരികപീഡനങ്ങൾ, തീർഥയാത്രകൾ, സന്യാസം, ദാനധർമങ്ങൾ എന്നിങ്ങനെ നിരവധി മാർഗങ്ങൾ നൂറ്റാണ്ടുകളായി അന്വേഷിച്ചുപോരുന്നു. ഇവയെല്ലാം നിഷ്പ്രയോജനകരമായ അധ്വാനങ്ങൾ മാത്രം. ക്രിസ്തുവിന്റെ രക്തത്തിനല്ലാതെ പാപക്കറ നീക്കിക്കളയുവാൻ മറ്റൊന്നിനും സാധ്യമല്ല.

## യേശുവും മറ്റു ചിലതും എന്ന വ്യാജോപദേശം

ക്രിസ്തുവിലുള്ള വിശ്വാസം ആവശ്യമാണ് എന്നു പറയുന്നവർ തന്നേ, അടുത്തശ്വാസത്തിൽ മറ്റു ചിലതുകൂടെ വേണം എന്നും പറയാറുണ്ട്. സഭയുടെ ആദിമകാലത്ത് പരിച്ഛേദനകൂടെ വേണം എന്നു ചിലർ നിഷ്കർഷിച്ചു. ഇന്നു സ്നാനം, ശബ്ബത്താചരണം, അന്യഭാഷാഭാഷണം ഇവകൂടെ വേണം എന്നു പറയുന്നു. ഇതൊക്കെ കേവലം അസത്യമാണ്. കർത്താവായ യേശുക്രിസ്തു മതിയായ രക്ഷകൻ ആകുന്നു. രക്ഷകൻ എന്ന തന്റെ സ്ഥാനം മറ്റാരെങ്കിലുമായോ മറ്റേതെങ്കിലുമായോ പങ്കുവെക്കുന്നതിനു യേശു ഒരുമ്പെടുകയില്ല. രക്ഷ കൃപയാൽ വിശ്വാസം മുഖാന്തരമാണ് അധികമായി മറ്റൊന്നും ചേരുന്നില്ല. കൃപ കർത്താവിന്റെ ഭാഗം, വിശ്വാസം നമ്മുടെ ഭാഗം.

## വ്യാജസുവിശേഷത്തിന്റെ കള്ളി വെളിപ്പെടുന്നു

വ്യാജസുവിശേഷം നിശ്ശേഷം കുറവുള്ളതാണ്. ന്യായപ്രമാണം പ്രമാണിക്കുന്നതിനാലോ സൽപ്രവൃത്തികളാലോ ഒരു ദേഹിയും രക്ഷിക്കപ്പെടുകയില്ല എന്നു വേദപുസ്തകം ആവർത്തിച്ചു പറയുന്നു.[71] ഈ കാര്യങ്ങൾ പാപങ്ങൾക്കു പരിഹാരം വരുത്തുകയില്ല. അതേസമയം പ്രവൃത്തികളാൽ അല്ല, ക്രിസ്തുവിലുള്ള വിശ്വാസത്താൽ മാത്രമാണ് രക്ഷ എന്നതിനു ബൈബിളിൽ നിരവധി വാക്യങ്ങൾ കാണാം.[72] സ്വന്തം പ്രവൃത്തികളാൽ രക്ഷ അന്വേഷിച്ചുകൊണ്ടിരിക്കുന്ന ഒരുവൻ,

താൻ രക്ഷിക്കപ്പെട്ടുവോ എന്ന് ഒരിക്കലും അറിയുകയില്ല. താൻ മതിയാവോളം നല്ല പ്രവൃത്തികൾ ചെയ്തുകഴിഞ്ഞുവോ എന്നും അയാൾ അറിയുകയില്ല. എന്നാൽ കൃപയാൽ വിശ്വാസം മുഖാന്തരം നിങ്ങൾ രക്ഷപ്രാപിക്കുമ്പോൾ ദൈവവചനത്തിന്റെ അധികാരത്തിൽ നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു എന്നു നിങ്ങൾ അറിയും. ഒരു ദാനം നിങ്ങൾക്കു ലഭിച്ചത് എപ്പോഴാകുന്നു എന്നു നിങ്ങൾ അറിയുന്നുവല്ലോ. അതുകൊണ്ട് കൃപാദാനം എന്നു വരേണ്ടതിനു വിശ്വാസത്താലത്രേ എന്നു ബൈബിൾ വ്യക്തമായി പറയുന്നു.[73]

ന്യായപ്രമാണത്തിൻ കീഴിൽ ഒരുവനും നിത്യമായി ഭദ്രമായിരിക്കുന്നില്ല. കാരണം താൻ ഭാവിയിൽ എന്തെങ്കിലും തെറ്റ് ചെയ്തു പോകുമോ എന്ന് അവൻ അറിയുന്നില്ല. പ്രവൃത്തിസുവിശേഷത്തിന്റെ അതിമാരകമായ തെറ്റ് സകലവും സ്വയത്തിൽ ആശ്രയിക്കുന്നു എന്നതാണ്.

ക്രിസ്തുവിന്റെ ആടുകളിൽ ഒന്നു പോലും നശിച്ചുപോകുകയില്ല എന്നു കൃപയുടെ സുവിശേഷം ഉറപ്പുപറയുന്നു. ജോൺ കെന്റ് തന്റെ ഗാനത്തിൽ ഇത് പ്രതിഫലിപ്പിക്കുന്നു:

ക്രിസ്തുവിൽനിന്ന് ആത്മാവിനെ വേർപിരിക്കുന്നത് എന്ത്?
അത് നിത്യബന്ധത്താൽ യോജിപ്പിച്ചതാണല്ലോ
ഒരിക്കൽ ക്രിസ്തുവിലായാൽ എന്നേക്കും
ക്രിസ്തുവിൽ തന്നേ.
നിത്യമായ ഉടമ്പടി നിലനില്ക്കുന്നു.
രക്ഷകന്റെ ശക്തമായ കരങ്ങളിൽനിന്നു യാതൊന്നിനും
നിന്നെ പിടിച്ചുപറിച്ചുകളയുവാൻ സാധ്യമല്ല.

സ്വന്തം രക്ഷെക്കുവേണ്ടി പ്രവർത്തിക്കുന്നവരും അത് സമ്പാദിക്കുവാൻ ശ്രമിക്കുന്നവരും അന്തമില്ലാതെ അധ്വാനിക്കുന്നു. ഒരിക്കലും നേടുന്നില്ല. യേശു സ്വാതന്ത്ര്യം നല്കിയാൽ നിങ്ങൾ സാക്ഷാൽ സ്വതന്ത്രരാകുന്നു എന്നു കർത്താവ് വിശ്വാസികൾക്ക് ഉറപ്പുനല്കി.

വ്യാജസുവശേഷത്തിന്റെ താക്കോൽവാക്ക് *പ്രവർത്തിക്കുക* എന്നതാണ്. കൃപയുടെ താക്കോൽപദം *നിവർത്തിച്ചുകഴിഞ്ഞു*

എന്നതാണ്. ക്രിസ്തു വീണ്ടെടുപ്പിൻ വേല നിവർത്തിച്ചുകഴി ഞ്ഞു. ഇനി നിങ്ങൾ അതിനായി പരിശ്രമിക്കേണ്ടതില്ല.

സ്വാഭാവികമായി മനുഷ്യർ കൃപ ഇഷ്ടപ്പെടുന്നവരല്ല. തങ്ങൾക്ക് അത് ആവശ്യമില്ല; ദൈവം അത് മറ്റാർക്കെങ്കിലും കൊടുക്കുന്നതും അവർ ഇഷ്ടപ്പെടുന്നില്ല. ഈ കാര്യത്തിൽ ഇവർ എരിത്തിലിലെ നായയെപ്പോലെയാണ്. നായ് വയ്ക്കോൽ തിന്നുകയില്ല, പശുവിനെ തിന്നാൻ സമ്മതിക്കുകയുമില്ല. യേശുവിന്റെ കാലത്തെ മതപ്രമാണികൾ സാധാരണ ജന ത്തിനു ദൈവരാജ്യം അടച്ചുകളയുന്നവരായിരുന്നു. അവർ കടക്കുകയില്ല. മറ്റുള്ളവർ കടക്കുന്നത് തടസ്സപ്പെടുത്തുകയും ചെയ്യും. ന്യായപ്രമാണ വിദഗ്ധരെ സംബന്ധിച്ചും ഇതു തന്നെ. അവർ ദൈവവചനം സാധാരണജനങ്ങളിൽനിന്നു മറയ് ക്കുന്നു. അവർ സ്വയം പ്രവേശിക്കുന്നില്ല, ദൈവരാജ്യത്തിൽ കടക്കുന്നതിനു മറ്റുള്ളവരെ സമ്മതിക്കുന്നുമില്ല.

ന്യായപ്രമാണം കൃപയെ പീഡിപ്പിക്കുന്നു. പഴയനിയമ കാല ത്ത് യിശ്മായേൽ യിസ്ഹാക്കിനെ പരിഹസിച്ചതുപോലെ, പൗലൊസ് ആ സംഭവത്തിൽ ഒരു നല്ല ഉദാഹരണം കണ്ടെ ത്തുന്നു.[74] ക്രിസ്തുവിന്റെ ക്രൂശീകരണത്തിൽ ഇതിനെക്കാൾ വ്യക്തമായി അത് വെളിപ്പെടുന്നു. കൃപയും സത്യവും കൊണ്ടു വന്ന ക്രിസ്തുവിന്റെ മരണത്തിനു കാരണക്കാർ ഈ ന്യായപ്ര മാണശാസ്ത്രിമാരും പ്രമാണികളും ആയിരുന്നു.

# 7

# ഒരു യഥാർഥവിശ്വാസിയോട് സംസാരിക്കുന്നത് എളുപ്പമാണ്

ന്യായപ്രമാണത്തിന്റെയോ കൃപയുടെയോ ഏതു തലത്തിലാണ് ഒരാൾ നില്ക്കുന്നതെന്ന് അറിയാൻ ലളിതമായ ഈ ചോദ്യങ്ങൾ മതി: “നിങ്ങൾ രക്ഷിക്കപ്പെട്ടുവോ?” “നിങ്ങൾ വിശ്വാസിയാണോ?”

ഒരു യഥാർഥവിശ്വാസി നല്കുന്ന മറുപടി ഇതായിരിക്കും: “അതെ, ഞാൻ രക്ഷിക്കപ്പെട്ടിരിക്കുന്നു. അത് ദൈവത്തിന്റെ കൃപയാൽ മാത്രമാകുന്നു, അല്ലാതെ ഞാൻ എന്തെങ്കിലും ചെയ്തതുകൊണ്ടല്ല”

കൃപയെക്കുറിച്ചു യഥാർഥമായ ബോധ്യമുണ്ടായിരുന്ന ചില ആളുകളുടെ നല്ല മാതൃകകൾ നമുക്കു വേദപുസ്തകത്തിൽ കാണാം. രൂത്ത് നിരസിതരും അഭിശപ്തരുമായ ഒരു സമൂഹത്തിലെ അംഗമായിരുന്നു. ബോവസ് എന്നു പേരുള്ള ഒരു പുരുഷൻ അസാധാരണവും അപ്രതീക്ഷിതവുമായ ദയ അവളോടു കാണിച്ചപ്പോൾ അവൾ പറഞ്ഞു: “ഞാൻ അന്യദേശക്കാരി ആയിരിക്കെ നീ എന്നെ വിചാരിപ്പാൻ തക്കവണ്ണം നിനക്ക് എന്നോടു ദയ തോന്നിയത് എങ്ങനെ?”[75] അവൾ കൃപ തിരിച്ചറിഞ്ഞു.

യഹോവ വ്യവസ്ഥയില്ലാതെ ദാവീദുമായി ഒരു ഉടമ്പടിചെയ്തതിനുശേഷം ദാവീദ് പറഞ്ഞു: "കർത്താവായ യഹോവേ, നീ എന്നെ ഇത്രത്തോളം കൊണ്ടുവരുവാൻ ഞാൻ ആര്? എന്റെ ഗൃഹവും എന്തുള്ളൂ?"[76] താൻ ഇതിന് അർഹനല്ല എന്നു ദാവീദ് അറിഞ്ഞിരുന്നു.

യോനാഥാന്റെ മുടന്തനായ മകനെ ദാവീദ് തന്റെ ഗൃഹത്തിലേക്കു ദത്തെടുത്തപ്പോൾ മെഫീബോശെത്ത് ചോദിച്ചു: "ചത്തനായെപ്പോലെ ഇരിക്കുന്ന അടിയനെ നീ കടാക്ഷിപ്പാൻ അടിയൻ എന്തുള്ളൂ?"[77] രാജാവിനു വേണമെങ്കിൽ എന്നെ കൊന്നുകളയാമായിരുന്നു. കാരണം മെഫീബൊശെത്ത് എന്ന താൻ ശൗലിന്റെ പൗത്രനാണ്, ശൗൽ ജീവിതകാലമൊക്കെയും ദാവീദിനെ കൊല്ലുന്നതിന് അന്വേഷിച്ചു പോന്നിരുന്നല്ലോ. ഈ കാര്യം മെഫീബോശെത്തിനു നന്നായി അറിയാമായിരുന്നു.

താൻ ഒരു കാലത്ത് സഭയെ പീഡിപ്പിച്ചവൻ ആയിരുന്നു എന്നും അപ്പൊസ്തലൻ എന്നു വിളിക്കപ്പെടുവാൻ തനിക്കു യോഗ്യതയില്ല എന്നും പൗലൊസ് നന്നായി ഗ്രഹിച്ചിരുന്നു. "സകല വിശുദ്ധന്മാരിലും ഏറ്റവും ചെറിയവനായ എനിക്ക്, ജാതിക ളോടു ക്രിസ്തുവിന്റെ അപ്രമേയധനത്തെക്കുറിച്ചു പ്രസംഗിക്കുവാനും സകലവും സൃഷ്ടിച്ച ദൈവത്തിൽ അനാദികാലം മുതൽ മറഞ്ഞുകിടന്ന മർമത്തിന്റെ വ്യവസ്ഥ ഇന്നതെന്ന് എല്ലാവർക്കും പ്രകാശിപ്പിക്കാനുമായി ഈ കൃപ നല്കിയിരിക്കുന്നു"[78] ഇത്ര ശ്രേഷ്ഠമായൊരു വിളിക്കു താൻ യോഗ്യനല്ല എന്നു പൗലോസ് തിരിച്ചറിഞ്ഞിരുന്നു.

## ഈ സത്യം സുവ്യക്തമാക്കുന്ന ഗാനങ്ങൾ

വിശ്വസിക്കുന്നവർക്കു ദൈവം ദാനമായി നല്കിയ ഈ ആശ്ചര്യമാം ദൈവകൃപയെക്കുറിച്ച് ഉദ്ഘോഷിക്കുന്ന നിരവധി ക്രിസ്തീയ ഗാനങ്ങൾ ഉണ്ട്. അവയിൽ ഏറ്റവും അറിയപ്പെടുന്നത് ജോൺ ന്യൂട്ടന്റെ അനശ്വരഗാനമാണ്:

ആശ്ചര്യമാം ദിവ്യകൃപ
കേൾവിക്കിമ്പസ്വരം

നീചപാപിയാമെന്നെയും
രക്ഷിച്ച വൻകൃപ
അന്ധൻ ഞാൻ നഷ്ടപ്പെട്ടോനായ്
എന്നാൽ കാണുന്നിപ്പോൾ

(എത്രയോ അധികം ആളുകൾ ഈ ഗാനം ഇഷ്ടപ്പെടുകയും നിരന്തരം അത് ആലപിക്കുകയും ചെയ്തുകൊണ്ട്, ഇപ്പോഴും തങ്ങളുടെ നല്ല ജീവിതം മുഖാന്തരമാണ് രക്ഷിക്കപ്പെടുന്നത് എന്നു ചിന്തിക്കുന്നത് വിചിത്രമാണ്!)

ഐസക് വാട്സിന്റെ ഒരു ഗാനശകലം ഇങ്ങനെ:

ഹാ കഷ്ടം! എന്റെ രക്ഷകൻ രണം ചൊരിഞ്ഞുവോ?
എന്റെ മഹാദൈവമായവൻ മരിച്ചുവോ?
ആ പാവനശിരസ്സ് എന്നെപ്പോലൊരു കൃമിക്ക് അവൻ
ഏല്പിച്ചു തന്നുവെന്നോ?

ചാൾസ് ഗബ്രിയേൽ തന്റെ രക്ഷ കൃപയാൽ മാത്രം ലഭ്യമായ താകുന്നു എന്നു തിരിച്ചറിഞ്ഞിരുന്നു:

യേശു നല്കുന്ന സ്നേഹത്തിൽ ഞാൻ ഇതാ ആശ്ചര്യപ്പെടുന്നു, യേശു സൗജന്യമായി നല്കിയ ആശ്ചര്യകൃപയിൽ ഞാൻ അത്ഭുതപ്പെടുന്നു, എനിക്കായി അവൻ ക്രൂശിക്കപ്പെട്ടു എന്നു അറിയുമ്പോൾ ഞാൻ വിറെക്കുന്നു. പാപിയായ എനിക്കുവേണ്ടി യേശു കഷ്ടമനുഭവിച്ചു രക്തം ചിന്തി അവൻ മരിച്ചു!

ഇവിടെയിതാ ചാൾസ് സിമെയോൻ ആദ്യമായി ജോൺ വെസ്ലിയെ കണ്ടുമുട്ടിയപ്പോൾ നടത്തിയ സംഭാഷണം.[79]

*സിമെയേൻ*: താങ്കൾ ഒരു അർമീനിയൻ[80] ആണെന്നു ഞാൻ മനസ്സിലാക്കുന്നു; എന്നെ കാൽവിനിസ്റ്റ് എന്ന് ആളുകൾ വിളിക്കുന്നു. അതിനാൽ നാം തമ്മിൽ പോരാടുന്ന ബദ്ധ വൈരികൾ ആകേണ്ടതാണ്. കഠാര എടുക്കണം. പക്ഷേ, നാം ദ്വന്ദ്വയുദ്ധം ആരംഭിക്കുന്നതിനു മുമ്പ് ഞാൻ താങ്കളോടു ചില ചോദ്യങ്ങൾ ചോദിക്കട്ടെ. ദൈവം തന്റെ കൃപ ആദ്യം താങ്കളുടെ ഹൃദയത്തിൽ പകരാതിരുന്നു എങ്കിൽ, താങ്കൾ ദൈവത്തിങ്കലേക്കു തിരിയുവാൻ ആഗ്രഹിക്കുന്ന ഒരു അരിഷ്ട ജീവിയാകുമായിരുന്നു എന്നു ചിന്തിക്കുന്നുവോ?

*വെസ്ലി*: അതെ, ഞാൻ അങ്ങനെ തന്നെ ചിന്തിക്കുന്നു.

*സിമെയോൻ*: താങ്കൾക്കു പ്രവർത്തിക്കാൻ കഴിയില്ല എന്നു ധരിച്ചുകൊണ്ട് സമ്പൂർണമായി ദൈവകരങ്ങളിൽ ഏല്പിക്കുമോ? ക്രിസ്തുവിന്റെ രക്തത്താലും അവന്റെ നീതിയാലും മാത്രം രക്ഷെക്കായി നോക്കുവാൻ താങ്കൾക്കു കഴിയുമോ?

*വെസ്ലി*: അതെ, ക്രിസ്തുവിലൂടെ മാത്രം!

*സിമെയോൻ*: താങ്കൾ ആദ്യം ക്രിസ്തുവിനാൽ രക്ഷിക്കപ്പെട്ടു എന്നു സങ്കല്പിക്കുക. അതിനുശേഷം സ്വന്തശക്തിയാൽ സ്വയം രക്ഷിക്കണമെന്നു താങ്കൾ ചിന്തിച്ചിട്ടുണ്ടോ?

*വെസ്ലി*: ഇല്ല, ആദ്യം മുതൽ അന്ത്യം വരെ എന്റെ രക്ഷ ക്രിസ്തുവിൽ മാത്രം.

*സിമെയോൻ*: താങ്കൾ ദൈവത്തിന്റെ കൃപയാൽ മാനസാന്തരപ്പെട്ടു എന്നു സങ്കല്പിക്കുക; ഇനി സ്വന്തം ശക്തിയാൽ തന്നെ താങ്കളെ സൂക്ഷിക്കുന്നതിനു താങ്കൾ ശ്രമിച്ചിട്ടുണ്ടോ?

*വെസ്ലി*: ഇല്ല.

*സിമെയോൻ*: അപ്പോൾ ഓരോ നിമിഷവും ഓരോ മണിക്കൂറും താങ്കളെ ദൈവം തന്നെയാണല്ലോ നിലനിറുത്തേണ്ടത്: ഒരു ശിശു അമ്മയുടെ കരങ്ങളിലായിരുന്നതുപോലെ താങ്കളും ദൈവത്താൽ വഹിക്കപ്പെടുന്നുവോ?

*വെസ്ലി*: അതെ, അങ്ങനെതന്നെ.

*സിമെയോൻ*: സ്വർഗരാജ്യത്തിലേക്കു താങ്കളെ സൂക്ഷിച്ചു നിലനിറുത്തുന്നതിനു താങ്കൾ സകല പ്രത്യാശയും ദൈവത്തിന്റെ കൃപയിലും കരുണയിലും മാത്രമായി അർപ്പിച്ചിരിക്കുന്നുവോ?

*വെസ്ലി*: അതെ, ക്രിസ്തുവിൽ അല്ലാതെ മറ്റൊരു പ്രത്യാശയും ഇല്ല.

വെസ്ലിയുടെ മറുപടിയിൽ സിമെയോൻ സംതൃപ്തനായി. ഇനി ദ്വന്ദ്വയുദ്ധത്തിനു യാതൊരു കാരണവുമില്ല. തന്റെ ആലങ്കാരിക ഭാഷയിലെ കഠാര സിമെയോൻ അതിന്റെ ഉറയിലിട്ടു.

ഈ രണ്ടു കർത്തൃദാസന്മാരും ദൈവത്തിന്റെ ആശ്ചര്യകൃപയുടെ പ്ലാറ്റ്ഫോമിൽ തന്നേ നില്ക്കുകയായിരുന്നു.

# 8

# നിങ്ങളുടെ സംഭാഷണം നിങ്ങളെ വെളിപ്പെടുത്തുന്നു

പ്രവൃത്തികളുടെ തലത്തിൽ നില്ക്കുന്നവർ തങ്ങളുടെ സംഭാഷണത്താൽ സ്വയം വെളിവാകുന്നു. അവർ ഇങ്ങനെ പറയും: "ഞാൻ എന്റെ കഴിവിന്റെ പരമാവധി പ്രവർത്തിക്കുന്നു."

നിങ്ങളുടെ കഴിവിന്റെ പരമാവധി മതിയാകയില്ല എന്നതാണ് ഇവിടത്തെ പ്രശ്നം. നിങ്ങൾക്കു കാണിക്കാൻ കഴിയുന്നത് കേവലം കറപുരണ്ട വസ്ത്രങ്ങൾ. ദൈവത്തിന്റെ മുമ്പിൽ അത് മാത്രമേ കാണിക്കാൻ കഴിയൂ.

"ഞാൻ മറ്റനേകരെപ്പോലെ അത്ര മോശമല്ല."

അതു ശരിയായിരിക്കാം. എങ്കിലും നിങ്ങൾ ദൈവതേജസ്സില്ലാത്തവനായിരിക്കുന്നു; ദൈവത്തിന്റെ പൂർണത നിങ്ങൾക്കു ലഭിച്ചിട്ടില്ല. നിങ്ങൾ രക്ഷിക്കപ്പെടണം. ഞാൻ ഒരു വിശ്വാസിയാകുവാൻ ശ്രമിക്കുന്നു; ഞാൻ എന്റെ അയൽക്കാരോടു ദയയുള്ളവനാണ്. ഞാൻ നല്ല ജീവിതം നയിക്കുന്ന ആളാണ്.

ശ്രമിക്കുന്നതുകൊണ്ട് ഒരു വിശ്വാസിയാകുവാൻ നിങ്ങൾക്കു സാധ്യമല്ല. കർത്താവായ യേശുവിൽ വിശ്വസിക്കുന്നതിനാൽ

മാത്രമേ നിങ്ങൾ രക്ഷിക്കപ്പെടുകയുള്ളൂ. പഴയൊരു ഗാനം ശ്രദ്ധിക്കുക:

നിങ്ങളുടെ മനസ്സാക്ഷി നിങ്ങളെ ആശയക്കുഴപ്പത്തിലാക്കരുത്.
നിങ്ങൾ യോഗ്യത എന്ന സ്വപ്നം കാണരുത്.
രക്ഷകൻ ആവശ്യപ്പെടുന്ന യോഗ്യത
നിങ്ങൾക്കു രക്ഷകന്റെ ആവശ്യമുണ്ടെന്നു നിങ്ങൾ
തിരിച്ചറിയണം എന്നതാണ്.

—എച്ച്. സ്മാർട്ട്.

''ഞാൻ ആത്മാർഥതയുള്ളവനായിരുന്നാൽ മതിയാകില്ലേ?"

ഒരു വ്യക്തി ആത്മാർഥതയുള്ളവനായിരിക്കും; അതേസമയം ആത്മാർഥമായി അയാൾ വിശ്വസിക്കുന്നത് തെറ്റായിരിക്കും. വീട്ടിൽ കള്ളൻ കയറിയ ശബ്ദം കേട്ടു എന്നു വിചാരിച്ചുകൊണ്ട് കോണിപ്പടി ഇറങ്ങി താഴത്തെ നിലയിൽ വരുന്ന വീട്ടുടയവനെക്കുറിച്ചു ചിന്തിക്കുക. മുറിക്കുള്ളിൽ എന്തോ ഒരു ചലനം കണ്ട് തോക്കുചൂണ്ടി വെടിയുതിർത്തു. തന്റെ പൊന്നോമന പുത്രിയാണു മരിച്ചത്! അയാൾ ആത്മാർഥതയുള്ളവനായിരുന്നു —എത്ര മാരകമായ തെറ്റ്.

"ഞാൻ എക്കാലത്തും വളരെ മതഭക്തിയുള്ളവനാണ്."

ചിലയാളുകളെ സംബന്ധിച്ച് ദുഃഖകരമായ കാര്യം അവരുടെ മതചിന്തയാണ്. തന്നിമിത്തം യേശുക്രിസ്തുവിനെ തനിക്കാവശ്യമുണ്ട് എന്ന സത്യം മതം അവനിൽനിന്നു മറെച്ചുപിടിക്കുന്നു. വാരൻ വീയഴ്സ്ബി പറയുന്നു: "ഇന്നത്തെ മതഭക്തരായ അനേകരെപ്പോലെ പൗലൊസിന് യാതൊരു കുഴപ്പത്തിലുമാകാതെ കാത്തുകൊള്ളാവുന്നത്ര ധാർമികതയുണ്ടായിരുന്നു. പക്ഷേ, അവനെ സ്വർഗത്തിലേക്കു കൊണ്ടുപോകാൻ കഴിയുന്ന നീതി അവന് ഇല്ലായിരുന്നു. പൗലൊസിനെ യേശുവിൽനിന്ന് അകറ്റിയിരുന്നത് തെറ്റായ കാര്യങ്ങൾ ആയിരുന്നില്ല. പിന്നെയോ നല്ല കാര്യങ്ങൾ ആയിരുന്നു! രക്ഷ കണ്ടെത്തുവാൻ പൗലൊസിനു സ്വന്തം മതം നഷ്ടപ്പെടണമായിരുന്നു."[81]

"ഞാൻ സ്വർഗത്തിൽ പോകുമെന്നു പ്രതീക്ഷിക്കുന്നു."

പ്രതീക്ഷിക്കുന്നതു പോരാ; നിങ്ങൾ അറിയണം. നിങ്ങൾക്ക് അതിൽ നിശ്ചയമുണ്ടായിരിക്കണം. നിങ്ങളുടെ പ്രതീക്ഷ തെറ്റായിരിക്കാം.

"എന്റെ വല്യപ്പച്ചൻ ഒരു ശുശ്രൂഷകനായിരുന്നു."

രക്ഷ സമ്പൂർണമായും വ്യക്തിപരമായ വസ്തുതയാകുന്നു എന്ന സത്യത്തെ ഇത് അവഗണിക്കുന്നു. നിങ്ങളുടെ വല്യപ്പച്ചന്റെ ശുശ്രൂഷകസ്ഥാനം നിങ്ങളെ രക്ഷിക്കുകയില്ല. കൃപ നിങ്ങളുടെ രക്തബന്ധത്തിലുള്ളതല്ല. രക്ഷ പൈതൃകവുമല്ല.

"ദൈവം തൂക്കിനോക്കുന്നതുവരെയും നിങ്ങൾക്ക് അറിയുവാൻ സാധ്യമല്ല."

നിങ്ങൾ നിങ്ങളുടെ പ്രവൃത്തികളെയാണ് ആശ്രയിക്കുന്നതെങ്കിൽ അതു വളരെ താമസിച്ചുപോകും. കർത്താവായ യേശുക്രിസ്തു മുഖാന്തരം നിങ്ങൾക്കു ലഭിക്കുന്ന രക്ഷ എന്ന ദൈവത്തിന്റെ ദാനം നിങ്ങൾ കൈക്കൊള്ളുന്നു എങ്കിൽ നിങ്ങൾക്ക് അത് അറിയാൻ കഴിയും.

"ഞാൻ രക്ഷപ്പെടുമെന്നാണ് എന്റെ വിചാരം."

നിങ്ങൾ രക്ഷകനിൽ ആശ്രയിക്കാതെ നിങ്ങളിൽ തന്നേ ആശ്രയിക്കുന്നു എങ്കിൽ നിങ്ങൾക്കു രക്ഷപ്പെടുവാൻ സാധ്യമല്ല.

"ഞാൻ രക്ഷിക്കപ്പെട്ടു എന്നു പറയുന്നത് കേവലം സങ്കല്പമല്ലേ?"

രക്ഷ പ്രവൃത്തികൾ മുഖാന്തരം ആയിരുന്നു എങ്കിൽ അതു ശരി തന്നെ. എന്നാൽ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ നിങ്ങൾക്കു ലഭിക്കുന്ന സൗജന്യദാനമാണ് രക്ഷ എന്നതിനാലാണ് മാനസാന്തരപ്പെട്ടു വിശ്വസിക്കുന്നവർ രക്ഷിക്കപ്പെടും എന്നു ദൈവം അരുളിച്ചെയ്യുന്നത്. അത് വിശ്വസിക്കുന്നത് സാങ്കല്പികമാണോ? ദൈവത്തിന്റെ വചനത്തെ സംശയിക്കുന്നതാണ് സാങ്കല്പികം. അവിടെയാണ് വാസ്തവത്തിൽ സങ്കല്പം.

"ഞാൻ ആദ്യം എന്റെ ജീവിതത്തെ ശുദ്ധികരിക്കേണ്ടതല്ലേ?"

ഇല്ല, അതിന്റെ ആവശ്യമില്ല, നിങ്ങൾ ആയിരിക്കുന്ന അതേ സ്ഥിതിയിൽ തന്നെ, നിങ്ങളുടെ സകല പാപങ്ങളോടും കൂടെ തന്റെ അടുക്കൽ വരുന്നതിനു ദൈവം നിങ്ങളെ ക്ഷണിക്കുന്നു. നിങ്ങൾ കുറെക്കൂടെ നന്നാകുന്നതുവരെ കാത്തിരുന്നാൽ, നിങ്ങൾ ഒരിക്കലും ദൈവത്തിന്റെ അടുക്കൽ വരികയില്ല. നല്ല ആളുകളെയോ, തങ്ങളെത്തന്നെ ശുദ്ധിയാകാനും സ്വയം നന്നാകാനും ശ്രമിക്കുന്നവരെയോ അല്ല ദൈവം അന്വേഷിക്കുന്നത്, തനിക്കു രക്ഷിക്കുവാനും നീതീകരിക്കുവാനും തേജസ്കരിക്കുവാനും കഴിയുന്ന പാപികളെയാണ് ദൈവം അന്വേഷിക്കുന്നത്.

"എനിക്കതിൽ പിടിച്ചുനില്ക്കുവാൻ കഴിയുമോ എന്നു ഞാൻ ഭയപ്പെടുന്നു."

രക്ഷ, കൃപയാൽ മാത്രമാകുന്നു എന്നു നിങ്ങൾ തിരിച്ചറിയുമ്പോൾ, ഇങ്ങനെയൊരു ഭയം നിങ്ങൾക്ക് ഉണ്ടാകയില്ല. നിങ്ങൾ സ്വയം രക്ഷിക്കേണ്ടതില്ല. അതിനാൽ തന്നെ നിങ്ങൾക്കു പിടിച്ചുനില്ക്കുവാൻ കഴിയുമോ എന്നു സംശയിക്കേണ്ടതുമില്ല. എന്നാൽ രക്ഷ നിങ്ങൾക്കു സൗജന്യമായി നല്കുന്ന അത്ഭുതവാനായ രക്ഷകൻ വീഴാതെവണ്ണം നിങ്ങളെ സൂക്ഷിച്ചു തന്റെ മഹിമാസന്നിധിയിൽ കളങ്കമില്ലാത്തവനായി ആനന്ദത്തോടെ നിറുത്തുവാൻ കഴിവുള്ളവനാകുന്നു.[82]

മേലുദ്ധരിച്ച വാക്കുകളിൽ "ഞാൻ", "എന്റെ" എന്നിങ്ങനെ സ്വയത്തിനു നല്കിയിട്ടുള്ള പ്രാധാന്യം ശ്രദ്ധിക്കുക. രക്ഷകനെക്കുറിച്ച് ഒരു വാക്കു പോലും അവർ പറയുന്നില്ല. താൻ ആയിരിക്കുന്നതിലും താൻ പ്രവർത്തിക്കുന്നതിലും മാത്രമാണ് സകലവും ആശ്രയിച്ചിരിക്കുന്നത് എന്ന് ആ വ്യക്തി ചിന്തിക്കുന്നു.

# 9

# പ്രവൃത്തികൾക്കുള്ള ദോഷമെന്ത്?

നേരത്തേ പ്രസ്താവിച്ച കാര്യങ്ങളിൽനിന്ന് ഞങ്ങൾ പ്രവൃത്തികളിൽ വിശ്വസിക്കുന്നില്ല. എന്നൊരു ധാരണയുണ്ടാകാം. അതൊരു തെറ്റിദ്ധാരണയാണ്.

നാം പ്രവൃത്തികളാൽ രക്ഷപ്രാപിക്കുന്നില്ല എന്നു പറയുമ്പോൾ, *പുണ്യപ്രവൃത്തികൾ* അഥവാ നമ്മെ രക്ഷിക്കുന്നതിനു ദൈവത്തെ ബാധ്യസ്ഥനാക്കുന്ന തരത്തിലുള്ള പ്രവൃത്തികൾ എന്നാണ് അർഥമാക്കുന്നത്.

അനുതാപം എന്നു പറഞ്ഞാൽ നേരെ തിരിയുക, നിങ്ങളുടെ മുഖം ദൈവത്തിങ്കലേക്കും, നിങ്ങളുടെ പുറം പാപത്തിനും നേരെ തിരിക്കുക എന്നാണർഥം. വിശ്വാസം എന്നാൽ ദൈവത്തിന്റെ വചനം വിശ്വസിക്കുന്നതാണ്, ദൈവത്തിനു വ്യാജം പറയുവാൻ സാധ്യമല്ല. അനുതാപം എന്നത് നിങ്ങൾ അഭിമാനിക്കുന്നതോ പ്രശംസിക്കുന്നതോ അല്ല; വിശ്വാസം നിങ്ങൾ പ്രശംസിക്കുന്നതല്ല. എല്ലാവരും സ്വീകരിക്കേണ്ട വിവേകപൂർണമായ പ്രവൃത്തികൾ മാത്രമാണ്.

ഒരു പാപിക്കു ചെയ്യാൻ കഴിയുന്ന ഒന്നാമത്തെ സൽപ്രവൃത്തി ക്രിസ്തുവിൽ വിശ്വസിക്കുക എന്നതാണ്. "ദൈവത്തിനു പ്രസാദമുള്ള പ്രവൃത്തികളെ പ്രവർത്തിക്കേണ്ടതിനു ഞങ്ങൾ എന്തു സൽപ്രവൃത്തികൾ ചെയ്യണം?" എന്നു യെഹൂദന്മാർ യേശുവിനോടു ചോദിച്ചപ്പോൾ, യേശുവിന്റെ മറുപടി ഇങ്ങനെയായിരുന്നു. "ദൈവത്തിനു പ്രസാദമുള്ള പ്രവൃത്തി അവൻ (ദൈവം) അയച്ചവനിൽ വിശ്വസിക്കുന്നതാണ്."[83] ഇതു ചെയ്യുന്നതുവരെയും അവരുടെ സൽപ്രവൃത്തികൾ ദൈവത്തിന്റെ ദൃഷ്ടിയിൽ ദുഷ്പ്രവൃത്തികളത്രേ. കർത്താവിന്റെ മുമ്പിൽ അവന്റെ സൽപ്രവൃത്തികൾ കേവലം മലിനവസ്ത്രങ്ങൾ പോലെ മാത്രമേയുള്ളൂ.[84] എന്നാൽ ഒരു മനുഷ്യൻ വീണ്ടും ജനിക്കുമ്പോൾ ഇതിനെല്ലാം മാറ്റം വരുന്നു. അതുമുതൽ ദൈവവചനത്തെ അനുസരിച്ചുകൊണ്ട് അവൻ ചെയ്യുന്ന സകല പ്രവൃത്തികളും ഒരു പുതിയ സൽപ്രവൃത്തിയാകുന്നു. അവൻ കർത്താവിനായി ചെയ്യുന്നതെല്ലാം യോഗ്യതയുള്ളതാകുന്നു. തികച്ചും സാധാരണവും കേവലവുമായ പ്രവൃത്തികൾ പോലും ദൈവത്തെ പ്രസാദിപ്പിക്കുന്നതിനായിട്ടാണ് ചെയ്യുന്നതെങ്കിൽ, അത് സൽപ്രവൃത്തികളാകുന്നു. നാം പലപ്പോഴും ജീവകാരുണ്യത്തിന്റെയും ഔദാര്യത്തിന്റെയും പ്രവൃത്തികളെ മാത്രമാണ് സൽപ്രവൃത്തികളായി കണക്കാക്കുന്നത്. നമ്മുടെ അനുദിന ജീവിത പ്രവൃത്തികൾ ദൈവം വിലമതിക്കുന്നു; ക്രിസ്തുവിന്റെ ന്യായാസനത്തിങ്കൽ അതിനു പ്രതിഫലം ലഭിക്കുന്നു.

സൽപ്രവൃത്തികൾ രക്ഷയുടെ ഫലമാണ്; അല്ലാതെ അതിന്റെ വേരോ കാരണമോ അല്ല. ദൈവജനം സൽപ്രവൃത്തികൾ ചെയ്യേണം എന്നത് ബൈബിളിൽ ഉടനീളം കാണുന്ന ഒരു ഉപദേശമാണ്.[85] സൽപ്രവൃത്തികൾ രക്ഷിക്കപ്പെടുന്നതിനു വേണ്ടിയല്ല. തങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നതിനാലത്രെ സൽപ്രവൃത്തികൾ ചെയ്യുന്നത്. നാം സൽപ്രവൃത്തികളാൽ രക്ഷിക്കപ്പെടുന്നില്ല. പിന്നെയോ സൽപ്രവൃത്തികൾക്കായിട്ടു നാം രക്ഷിക്കപ്പെട്ടിരിക്കുന്നു. രക്ഷയുടെ ഫലവും സ്ഥിരീകരണവുമാണ് സൽപ്രവൃത്തികൾ.

ദൈവം യോജിപ്പിക്കുന്നതിനെ നാം വേർപിരിക്കരുത്. ദൈവം വിശ്വാസവും രക്ഷയും തമ്മിലും പ്രവൃത്തികളും പ്രതിഫലവും തമ്മിലും യോജിപ്പിച്ചിരിക്കുന്നു. ഈ രണ്ടു വിവാഹബന്ധങ്ങളെ ഓർത്തുകൊള്ളുക. എല്ലാം ശരിയായി വരും!

# 10

# ഈ ചോദ്യങ്ങൾക്ക് ഉത്തരം പറയുക

## നിങ്ങൾ പാപം ചെയ്താൽ നിങ്ങളുടെ രക്ഷ നഷ്ട പ്പെടും. ശരിയല്ലേ?

സ്വാഭാവികമായും ഈ ചോദ്യം ഉദിക്കുന്നു. ഒരു വിശ്വാസി പാപം ചെയ്യുമ്പോൾ അവന്റെ രക്ഷ നഷ്ടപ്പെടുകയില്ലേ? ഇല്ല. താഴെ പറയുന്ന കാര്യം ശ്രദ്ധിക്കുക:

തന്റെ ആടുകളിൽ ഒന്നുപോലും നശിച്ചു പോകയില്ല എന്നു യേശു പറഞ്ഞു.[86] അതിനുള്ള മറുപടിയാണ് ഇത്.

രക്ഷ ഒരു കൃപാദാനമാണ്. ദൈവം ഒരു ദാനം നൽകുമ്പോൾ അത് താൻ ഒരിക്കലും തിരിച്ചെടുക്കുന്നില്ല.[87]

രക്ഷിക്കുന്ന അതേ കൃപ, സംരക്ഷിക്കുകയും ചെയ്യുന്നു.[88]

ദൈവത്തിന്റെ കൃപാദാനം നിത്യജീവനാണ്.[89] നിത്യമായത് എന്നു പറഞ്ഞാൽ എന്നേക്കുമുള്ളത് എന്നർഥം.

ഒരു വ്യക്തി രക്ഷിക്കപ്പെടുമ്പോൾ, അവൻ അല്ലെങ്കിൽ അവൾ പുതുജനനത്തിൽ ദൈവത്തിന്റെ മകൻ അല്ലെങ്കിൽ മകൾ ആയിത്തീരുന്നു.[90] ഒരിക്കൽ ജനനം നടന്നു കഴിഞ്ഞാൽ

അതിനെ മാറ്റുന്നതിനോ ഇല്ലാതാക്കുന്നതിനോ സാധ്യമല്ല. അത് എന്നേക്കുമുള്ളതാണ്. ബന്ധം എന്നത് ഛേദിക്കാനാവാത്ത ചങ്ങലയാണ്.

ഒരുവൻ നീതീകരിക്കപ്പെട്ടിരിക്കുന്നു എന്നത് നിശ്ചയമായിരിക്കുന്നതുപോലെ, അവൻ ഒരിക്കൽ തേജസ്കരിക്കപ്പെടും എന്നതും ഉറപ്പായതാണ്.[91]

പരിശുദ്ധാത്മാവ് വിശ്വാസിയിൽ എന്നേക്കും വസിക്കുന്നു.[92] അവൻ പാപം ചെയ്യുന്നതുവരെയല്ല. വിശ്വാസിക്ക് ഒരു അച്ചാരം, സ്വർഗത്തിലേക്കുള്ള ഉറപ്പ് എന്ന നിലയിലാണ് പരിശുദ്ധാത്മാവിനെ നല്കിയിരി ക്കുന്നത്.[93] പിന്നീടുള്ള മഹത്വത്തിന്റെ ഉറപ്പ് പരിശുദ്ധാത്മാവാണ്.

വിശ്വാസിയുടെമേൽ നല്കിയിരിക്കുന്ന മുദ്രയാണ് പരിശുദ്ധാത്മാവ്. അവൻ കർത്താവിന്റെ വകയാകുന്നു എന്നതിന്റെ തെളിവാണ്. സ്വർഗത്തിൽ അവന് തേജസ്കരിക്കപ്പെട്ട ശരീരം ലഭിക്കുന്നതുവരെയും അവന്റെ ഉറപ്പ് പരിശുദ്ധാത്മാവാണ്.[94]

നാം ശത്രുക്കളായിരുന്നപ്പോൾ, കർത്താവായ യേശു നമ്മെ ദൈവത്തോടു നിരപ്പിച്ചു. സ്വർഗത്തിൽ ഇപ്പോൾ താൻ ചെയ്യുന്ന തന്റെ ശുശ്രൂഷകൾ അവൻ നമ്മെ എത്രയധികം സുരക്ഷിതരായി സൂക്ഷിക്കും.[95] ഒരിക്കലും നമ്മെ നഷ്ടപ്പെടുവാൻ കഴിയാതവണ്ണം അത്ര വലിയൊരു വിലയാണ് കർത്താവ് നല്കിയത്.

വിശ്വാസിക്കു ശിക്ഷാവിധി ഇല്ല.[96] ഇപ്പോൾ ദൈവം അവന്റെ പിതാവാണ്; ന്യായാധിപതി അല്ല. വിശ്വാസിയുടെ പാപങ്ങൾക്കുള്ള പരിഹാരം ക്രിസ്തു വരുത്തിയിരിക്കുന്നു.[97] വിശ്വാസി ഇനിയൊരിക്കലും അതിന്റെ വില കൊടുക്കേണ്ടതില്ല എന്നർഥം. ഒരു പ്രാവശ്യം കൊടുത്താൽ മതി. അത് നിത്യമായി പരിഹരിച്ചിരിക്കുന്നു.

കർത്താവായ യേശു ആ പ്രവൃത്തി നിവർത്തിച്ചു.[98] പൂർത്തിയാക്കിയ ഒരു വേലയിൽ നിങ്ങൾക്ക് ഒന്നും കൂട്ടിച്ചേർക്കാൻ സാധ്യമല്ല. നിങ്ങൾ അങ്ങനെ ചെയ്യേണ്ടതായും ഇല്ല.

ഈ പ്രപഞ്ചത്തിലുള്ള യാതൊന്നിനും ഒരു വിശ്വാസിയെ ദൈവസ്നേഹത്തിൽനിന്നു വേർപെടുത്തുവാൻ സാധ്യമല്ല.[99]

ഒരു വ്യക്തി രക്ഷിക്കപ്പെട്ടാലും, പാപം നിമിത്തം നഷ്ടപ്പെട്ടുപോകും എന്ന് അർഥം വരുന്ന ചില വചനങ്ങളും വീണ്ടും ജനിച്ച വിശ്വാസികളെക്കുറിച്ചു പറയുന്നതല്ല; നാമധേയ ക്രിസ്ത്യാനികളെക്കുറിച്ചു പറയുന്നതാണ്. മറ്റു ഭാഗങ്ങൾ രക്ഷയെക്കുറിച്ചല്ല, സേവനങ്ങളെക്കുറിച്ചു പറയുന്നതാണ്. മറ്റു ചില ഭാഗങ്ങൾ വിശ്വാസം ത്യജിച്ചവരെക്കുറിച്ച്—ഒരിക്കൽ അവർ ക്രിസ്തുവിലുള്ള വിശ്വാസം *ഏറ്റുപറഞ്ഞു* എങ്കിലും പിന്നീട് ക്രിസ്തുവിനെ തള്ളിപ്പറഞ്ഞവരെക്കുറിച്ചു പറയുന്നു. അവർ ഒരിക്കലും യഥാർഥ മാനസാന്തരനുഭവത്തിൽ വന്നിരുന്നില്ല.

## അതേ, എന്നാൽ ഒരു വിശ്വാസി പാപം ചെയ്യുന്നു എന്നു സങ്കല്പിക്കുക.

ഒരു വിശ്വാസി പാപം ചെയ്താൽ എന്തു സംഭവിക്കുന്നു? അവനു ദൈവവുമായുള്ള കൂട്ടായ്മ ഛേദിക്കപ്പെടുന്നു.[100] ഇപ്പോഴും ദൈവം അവന്റെ പിതാവു തന്നെ.[101] എങ്കിലും ദൈവവുമായുള്ള അവന്റെ *സംസർഗം* നഷ്ടപ്പെടുന്നു.

സഹവിശ്വാസികളുമായുള്ള അവന്റെ കൂട്ടായ്മ നഷ്ടപ്പെടുന്നു.[102]

അവന്റെ രക്ഷയുടെ സന്തോഷം നഷ്ടപ്പെടുന്നു.[103]

അവന്റെ ശക്തി നഷ്ടപ്പെടുന്നു.[104]

അവന്റെ പ്രയോജനകരമായ സാക്ഷ്യം നഷ്ടപ്പെടുന്നു.[105]

അവന്റെ അധരം അടഞ്ഞുപോയി. എങ്കിലും ക്രിസ്തുവിന്റെ സുകൃതത്താൽ അവൻ സ്വർഗത്തിന് അർഹനാണ്. എന്നാൽ ഭൂമിയിൽ ശുശ്രൂഷെക്കു യോഗ്യനല്ല. അവന്റെ പാപം പരസ്യസ്വഭാവമുള്ളതാണെങ്കിൽ, അവൻ കർത്താവായ യേശുവിന്റെ നാമത്തിനു ലജ്ജ വരുത്തുന്നു: രക്ഷകന്റെ ശത്രുക്കൾ യേശുവിന്റെ നാമം ദുഷിക്കാൻ കാരണം കൊടുക്കുന്നു.[106]

അവൻ വ്യാജജീവിതം നയിക്കുകയാണ്. അവന്റെ പ്രവൃത്തികൾ അവന്റെ മനസാന്തരം പരമാർഥമായിരുന്നുവോ എന്നു സംശയിക്കുമാറാക്കുന്നു.[107]

അവന്റെ സംസാരം കപടവും പ്രവൃത്തികൾ കാപട്യം

നിറഞ്ഞതുമാണ്. പ്രാർഥനയിൽ അവനു ദൈവത്തോടു സമീപിക്കുവാൻ കഴിയാതാകുന്നു.[108]

അവന്റെ പ്രവൃത്തികൾ വെന്തുപോകുന്നു. അവനോ രക്ഷിക്കപ്പെടും.[109]

അവന്റെ ആരോഗ്യം നഷ്ടമാകും.[110]

അവൻ തന്റെ ജീവിതക്കപ്പലിനെ ഉടെച്ചുകളയുന്ന അപകടത്തിലാണ്.[111] ഒരു പിന്മാറ്റക്കാരന്റെ ഒരൊറ്റ തീരുമാനം കർത്താവിന്റെ സേവനത്തോടും ശുശ്രൂഷയോടുമുള്ള ബന്ധത്തിൽ അവനെ മുറിക്കുള്ളിൽ അടച്ചുകളയും.

ഭൂമിയിൽ അവന്റെ *ശാരീരിക* ജീവിതം നഷ്ടപ്പെടാം.[112]

ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പിൽ അവനു തന്റെ പ്രതിഫലവും നഷ്ടപ്പെടാം.[113]

ഇതൊക്കെയാണെങ്കിലും അവന്റെ സ്ഥിതി ആശയറ്റ നിലയിൽ അല്ല. ദൈവത്തിങ്കലേക്കു തിരിച്ചുപോകാൻ ഒരു മാർഗമുണ്ട്. അവൻ പാപങ്ങൾ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുന്ന നിമിഷത്തിൽ[114] അവൻ തന്റെ പിതാവായ ദൈവത്തിൽനിന്നു പാപക്ഷമപ്രാപിക്കുന്നു. 1 യോഹന്നാൻ 1:9 ഈ കാര്യത്തെ ഊന്നിപ്പറയുന്നു, "നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു." പാപം ചെയ്തുപോയ വിശുദ്ധന്റെ ഉത്തരവാദിത്വമാണ് പാപങ്ങൾ ഏറ്റുപറയുക എന്നത്. ദൈവസന്നിധിയിൽ ഓരോ പാപവും ഏറ്റുപറഞ്ഞു ഉപേക്ഷിക്കണം. അത് ക്ഷമിക്കുവാൻ അവൻ കർത്താവിനോടു യാചിക്കേണ്ടതില്ല. അവയെക്കുറിച്ച് അവൻ കരഞ്ഞു വിലപിക്കേണ്ടതുമില്ല. കരഞ്ഞു വിലപിക്കുന്നതിൽ തെറ്റില്ല. ഹൃദയത്തിൽനിന്നു പാപങ്ങളെ ഏറ്റുപറയണം.

ദൈവം പാപങ്ങളെ ക്ഷമിക്കുവാൻ വിശ്വസ്തനാണ്. കാരണം പാപങ്ങൾ ക്ഷമിക്കാമെന്നു ദൈവം വാഗ്ദത്തം ചെയ്തിരിക്കുന്നു. ദൈവം പാപങ്ങളെ ക്ഷമിക്കുന്നതിനു നീതിമാനാണ്. കാരണം ക്രിസ്തുവിന്റെ പ്രായശ്ചിത്തമരണം പാപം

ക്ഷമിക്കുന്നതിനു നീതിയുടെ മാർഗം തുറന്നിരിക്കുന്നു.

ദൈവം പാപങ്ങൾ ക്ഷമിക്കുക മാത്രമല്ല, സകല അനീതിയും പോക്കി വിശ്വാസിയെ ശുദ്ധീകരിക്കുന്നു. രേഖകൾ സംശുദ്ധമായി കുറ്റം നീക്കപ്പെട്ടിരിക്കുന്നു. കുറ്റപ്പെടുത്തിക്കൊണ്ടിരിക്കുന്ന മന:സാക്ഷി നിശബ്ദമായി മാനസാന്തരപ്പെടും.

രക്ഷിക്കപ്പെടാതിരുന്ന മനുഷ്യൻ കർത്താവായ യേശുവിൽ വിശ്വസിക്കുമ്പോൾ നീതിപരമായി പാപക്ഷമ അവനു ലഭിക്കുന്നു. വിശ്വാസി തന്റെ പാപങ്ങൾ ഏറ്റുപറയുമ്പോൾ അവനു പിതാവിൽ നിന്നുള്ള പാപക്ഷമ ലഭിക്കുന്നു. ഇവിടെയൊരു മുന്നറിയിപ്പു നല്കട്ടെ. ഒരു വിശ്വാസി തന്റെ പാപങ്ങൾ ഏറ്റുപറയുന്ന നിമിഷത്തിൽ തന്നേ ആ പാപങ്ങൾ ക്ഷമിക്കപ്പെടുന്നു എങ്കിലും തന്റെ പാപത്തിന്റെ ഭവിഷ്യത്തുകൾ നിലനില്ക്കുന്നു. അതിനാൽ പാപം ചെയ്തിട്ടു വെറുതെ പോകുക സാധ്യമല്ല.

## രക്ഷിക്കപ്പെട്ട ഒരു മനുഷ്യൻ പിന്നീട് നഷ്ടപ്പെട്ടു. അതിനെക്കുറിച്ച് എന്തു പറയുന്നു?

ഒരാൾ ഇങ്ങനെ പറയുന്നത് ഞാൻ കേൾക്കുന്നു: "എനിക്ക് ഒരു മനുഷ്യനെ അറിയാം, അവൻ വിശ്വാസിയായിരുന്നു. എന്നാൽ അവൻ പാപത്തിൽ വീണുപോയി. അവൻ പിന്നീട് രക്ഷിക്കപ്പെട്ടതേയില്ല. അതിനെക്കുറിച്ചു നിങ്ങൾ എന്തു പറയുന്നു?

പല വസ്തുതകൾ നാം ശ്രദ്ധിക്കണം. ഒന്നാമതായി, തങ്ങൾ ക്രിസ്ത്യാനികൾ എന്നു പറയുന്നവരും, യഥാർഥമായി വീണ്ടും ജനനം പ്രാപിച്ച വിശ്വാസികളും ഉണ്ട്. നാമധേയ വിശ്വാസികളും പരമാർഥ വിശ്വാസികളും ഉണ്ട്. താൻ രക്ഷിക്കപ്പെട്ടിരിക്കുന്നു എന്ന് ഒരുവൻ പറയുകയും, പിന്നെയും തുടർച്ചയായി പാപത്തിൽ ജീവിക്കുകയും ചെയ്താൽ അവന്റെ രക്ഷയുടെ അവകാശവാദത്തെ സംശയിക്കേണ്ടിയിരിക്കുന്നു. ക്രിസ്തു ഒരുവന്റെ ഹൃദയത്തിൽ വന്നാൽ അത് അവനിൽ വ്യത്യാസം ഉണ്ടാക്കുന്നു.

രണ്ടാമതായി, പിന്മാറിപ്പോയവർ ഉണ്ട്. അവർ യഥാർഥത്തിൽ മാനസാന്തരപ്പെട്ടവർ ആയിരുന്നു. എന്നാൽ കർത്താവിൽനിന്നു തെറ്റിപ്പോയിരുന്നു. പത്രൊസ് ഇതിനൊരു ഉദാഹരണമാണ്. അവൻ പരമാർഥമായി യേശുവിനെ സ്നേഹിച്ചിരുന്നു, എങ്കിലും പാപത്തിൽ വീണുപോയി, പിന്മാറ്റക്കാർ ദൈവത്തിന്റെ ശിക്ഷണത്താൽ പുനഃസ്ഥാപിക്കപ്പെടാം, അല്ലാത്തപക്ഷം അവർ മാറ്റപ്പെടും.

മൂന്നാമത്, വിശ്വാസത്യാഗികളുണ്ട്. യൂദാ ഇതിനൊരു ഉദാഹരണമാണ്. അവർ ഒരിക്കലും വീണ്ടുംജനിച്ചവരല്ല, എന്നാൽ വിശ്വാസികൾ എന്നു ഭാവിച്ചുകൊള്ളും. അതിലധികം പേരും സ്നാനപ്പെട്ടവരും സഭയിൽ അംഗത്വം നേടിയവരും ആണ്. എന്നാൽ പിന്നീട് അവർ മനഃപൂർവം പാപം ചെയ്യുന്നു. അവർ ക്രിസ്തുവിനെ തള്ളിപ്പറയുന്നു. ക്രിസ്തീയ സത്യത്തെയും തള്ളിപ്പറയുന്നു. ഈ വിശ്വാസത്യാഗികളെ മാനസാന്തരത്തിലേക്കു നയിക്കുവാൻ സാധ്യമല്ല.

മേല്പറഞ്ഞ എല്ലാ കാര്യങ്ങളിലും അനുഭവങ്ങളെയോ വികാരങ്ങളെയോ നാം അടിസ്ഥാനമാക്കുവാൻ പാടില്ല. വേദപുസ്തകം എന്തു പറയുന്നു? അതായിരിക്കണം നമ്മുടെ പരിശോധനാവാക്യം. ഒരു യഥാർഥവിശ്വാസിക്കു നിത്യമായ രക്ഷയുണ്ട് എന്ന് വേദപുസ്തകം പറയുന്നു.

## ഇതു വളരെ എളുപ്പമാണല്ലോ. രക്ഷ ഒരു സൗജന്യദാനം ആകുന്നുവെന്നു ചിന്തിക്കുന്നത് യുക്തിക്കു ചേർന്നതല്ല. നിങ്ങളുടെ സുവിശേഷം അത്ര വില കുറഞ്ഞതാണോ?

രക്ഷ നമുക്കു വില കൂടാതെയും സൗജന്യമായും ലഭിച്ചു എങ്കിലും നമ്മുടെ രക്ഷകന് അത് വിലയില്ലാത്തതായിരുന്നില്ല. അവന്റെ സകലവും ഏല്പിച്ചുകൊടുക്കേണ്ടിവന്നു. ദാതാവാണല്ലോ വില കൊടുക്കുന്നത്, സ്വീകരിക്കുന്നവൻ വില കൊടുക്കുന്നില്ല. ആരും തന്നെ ജന്മദിനസമ്മാനമോ ക്രിസ്തുമസ്

സമ്മാനമോ വിവാഹപാരിതോഷികമോ നിരസിക്കാറില്ല. എങ്കിൽ സകലത്തിലും ശ്രേഷ്ഠമായ ഈ ദാനം, രക്ഷ നിരസിക്കുന്നതെന്ത്?

"വളരെ വില കുറഞ്ഞത്" എന്നതിന്റെ പിന്നിൽ മനുഷ്യന്റെ നിഗളമാണുള്ളത്. സ്വർഗത്തിലേക്കുള്ള സ്വന്തം ടിക്കറ്റ് കരസ്ഥമാക്കുവാൻ എന്തെങ്കിലും നന്മകൾ ചെയ്തു കുറെ യോഗ്യത നേടാം എന്നൊരു തെറ്റായ ധാരണ മനുഷ്യനുണ്ട്. എന്നാൽ കൃപ അതിന്റെ സാധ്യകൾ തള്ളിക്കളയുന്നു. അത് അവർക്ക് ഇഷ്ടപ്പെടുന്നില്ല. തന്നിമിത്തം അവർ അത് നിരസിക്കുകയും ചെയ്യുന്നു.

# 11

# കൃപയെ ദുരുപയോഗം ചെയ്യുന്നു, പരിഹസിക്കുന്നു

എല്ലാ നല്ല കാര്യങ്ങളുമെന്നപോലെ കൃപയും ദുരുപയോഗം ചെയ്യപ്പെടാൻ സാധ്യതയുണ്ട്. തീയും വെള്ളവും വലിയ അനുഗ്രഹങ്ങൾ തന്നെ, എന്നാൽ അവയെ ദുർവിനിയോഗം ചെയ്യാനാകുമല്ലോ. വിധിയിലുള്ള വിശ്വാസം പഠിപ്പിക്കാൻ ദൈവത്തിന്റെ സർവവല്ലഭത്വത്തെ ആളുകൾ വളച്ചൊടിക്കും: സംഭവിക്കാനുള്ളത് ഏതായാലും സംഭവിക്കും അതിൽ നിങ്ങൾക്ക് ഒന്നും ചെയ്യാൻ സാധ്യമല്ല എന്ന് അവർ പറയും. ദൈവത്തിന്റെ തിരഞ്ഞെടുപ്പ് എന്ന ഉപദേശം കോട്ടിക്കളഞ്ഞുകൊണ്ട് സുവിശേഷീകരണം സമയവും അധ്വാനവും പാഴാക്കലാണ് എന്ന് അവർ വാദിക്കും.

ദു:ഖകരമെന്നു പറയട്ടെ, സൂക്ഷ്മതയില്ലാത്ത ജീവിതത്തിനു ദൈവത്തിന്റെ കൃപയെ മറയാക്കുന്നവരുണ്ട്. ഒരു വിശ്വാസിക്കു ദൈവം നല്കിയിട്ടുള്ള സ്വാതന്ത്ര്യം എല്ലാവിധ പാപങ്ങളിലും ഉൾപ്പെടുന്നതിന് അവർ മറയായി ഉപയോഗിക്കും. ഉപദേശം തെറ്റാണ് എന്നല്ല ഇതിനർഥം. ചില ആളുകൾ ദൈവികമല്ലാത്ത പെരുമാറ്റത്തെ ഏതുവിധത്തിലും ന്യായീകരിക്കുന്നതിനു

വെമ്പൽകൊള്ളുന്നവരാണ്. അതിനു തിരുവെഴുത്ത് ഉപയോഗിക്കുവാൻ കഴിഞ്ഞാൽ അത് കൂടുതൽ നന്നായി എന്ന് അവർ ചിന്തിക്കുകയും ചെയ്യും.

വിശ്വാസികൾ ന്യായപ്രമാണത്തിൻ കീഴിലല്ല, കൃപയ്ക്കത്രേ അധീനരാകുന്നു എന്നതു ശരി തന്നെ.[115] എന്നാൽ അതുകൊണ്ട് തങ്ങൾക്കു *പ്രമാണമില്ലാതിരിപ്പാൻ* അവകാശമുണ്ട് എന്ന് ആരും *വിചാരിക്കരുത്*. ന്യായപ്രമാണത്തിന്റെ ശിക്ഷയോ ന്യായവിധിയോ അവർക്ക് ഇല്ല, എന്നാൽ ക്രിസ്തുവിന്റെ പ്രമാണത്തിൻ കീഴിലാകുന്നു.[116] അതായത് സ്നേഹച്ചരടുകളാൽ അവർ ക്രിസ്തുവിനോടു ബന്ധിക്കപ്പെട്ടിരിക്കുന്നു. കർത്താവിനു പ്രസാദമുള്ള കാര്യങ്ങൾ മാത്രമേ ചെയ്യാൻ പാടുള്ളൂ എന്ന നിർബന്ധം അവരുടെമേൽ ഉണ്ട്. ഈ ബന്ധം ഈ വരികളിൽ വ്യക്തമാക്കിയിരിക്കുന്നു:

> അങ്ങയുടെ അടിമയായി എന്നെ ബന്ധിക്കുവാൻ
> എനിക്ക് ഒരു ന്യായപ്രമാണം ആവശ്യമോ?
> എന്റെ ഹൃദയം അങ്ങയോട് ബന്ധിതമായിരിക്കുന്നു.
> അതിൽ സന്തോഷിക്കുന്നു: ഒരിക്കലും സ്വതന്ത്രനാകാൻ
> ഞാൻ ആഗ്രഹിക്കുന്നുമില്ല.

കർത്താവ് ഒരുവനെ സ്വതന്ത്രനാക്കിയാൽ അവൻ സാക്ഷാൽ സ്വതന്ത്രനാകുന്നു.[117] ആ സ്വാതന്ത്ര്യം പാപം ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യമല്ല. സ്വാതന്ത്ര്യം ഒരു ലൈസൻസ് അല്ല. ഒരു വിമാനപൈലറ്റിന് ആകാശം മുഴുവൻ നിരീക്ഷിക്കുന്നതിനു സ്വാതന്ത്ര്യമുണ്ട്. പക്ഷേ, സുരക്ഷിതമായി ലക്ഷ്യസ്ഥാനത്ത് എത്തണമെങ്കിൽ പൈലറ്റിനു നല്കിയിട്ടുള്ള ഫ്ളൈറ്റ്പാത്തിലൂടെ (വ്യോമമാർഗം) പോകണം. പൗലൊസ് ഗലാത്യരെയും എല്ലാ വിശ്വാസികളെയും ഇങ്ങനെ പ്രബോധിപ്പിക്കുന്നു: "സഹോദരന്മാരേ, നിങ്ങൾ സ്വാതന്ത്ര്യത്തിനായി വിളിക്കപ്പെട്ടിരിക്കുന്നു. ഈ സ്വാതന്ത്ര്യം ജഡത്തിന് അവസരമാക്കരുത്."[118]

ജോൺ മക്ആർതർ പറയുന്നത് ശ്രദ്ധിക്കുക: ന്യായപ്രമാണത്തിൽനിന്നു സ്വാതന്ത്ര്യം എന്നു പറഞ്ഞാൽ പാപ

ത്തിന്റെ അടിമത്തത്തിൽനിന്നും ന്യായപ്രമാണത്തിന്റെ ശിക്ഷാ വിധിയിൽനിന്നും സ്വാതന്ത്ര്യം എന്നാണർഥം. അല്ലാതെ ധാർമിക അച്ചടക്കത്തിൽനിന്നു സ്വതന്ത്രനാകുക എന്നല്ല. കൃപ നമ്മുടെ ഇഷ്ടം പോലെ പ്രവർത്തിക്കുന്നതിനുള്ള അനുവാദമല്ല, ദൈവത്തിനു പ്രസാദകരമായത് ചെയ്യുന്നതിനു നമുക്കു ശക്തിയുണ്ട് എന്നാണ് അതിനർഥം. പാപം ചെയ്യുന്നതിനു ദൈവം നമുക്കു ലൈസൻസ് നല്കിയിട്ടുണ്ട് എന്നു പറയുന്നത് അതിൽ തന്നേ വൈരുധ്യമാണ്. എന്നാൽ കൃപയുടെ ഉദ്ദേശ്യം തന്നേ നമ്മെ പാപത്തിൽനിന്നു സ്വാതന്ത്രരാക്കുക എന്നതാണ്. കൃപ പ്രാപിച്ച നമുക്കു പാപത്തിൽ തന്നേ ജീവിക്കുന്നതിനു എങ്ങനെ കഴിയും?[119]

സൂക്ഷ്മതയില്ലാത്ത ജീവിതത്തിനു മറയായി ആളുകൾ കൃപയെ ഉപയോഗിക്കുന്നത് എന്തുകൊണ്ട്? അവർ യഥാർഥത്തിൽ രക്ഷിക്കപ്പെട്ടിട്ടില്ലായിരിക്കാം. *മാർഡി ഗ്രാസ്* (തടിയൻ ചൊവ്വ—നൊയമ്പു തുടങ്ങും മുമ്പുള്ള തീറ്റിയും കുടിയും) ആഘോഷിക്കുന്ന പള്ളിഭക്തരായ ആളുകൾ ചൊവ്വാഴ്ച വരെയും മദ്യപാനത്തിലും ജഡികോല്ലാസത്തിലും മദിച്ചു പുളെക്കുന്നു. *ആഷ് വെനസ്ഡേ*യിൽ (ക്ഷാരബുധവാരം) പാപക്ഷമ നേടിക്കൊള്ളാം എന്നാണ് അവർ പ്രതീക്ഷിക്കുന്നത്. നോമ്പുകാലത്ത് സകല പാപങ്ങളിൽനിന്നും ഒഴിഞ്ഞിരിക്കാനാകുമല്ലോ എന്ന് അവർ ചിന്തിക്കുന്നു.

ചിലർ വിശ്വാസികളാകുന്നു എങ്കിലും കൃപയുടെ സത്യോപദേശം അറിയാത്തവരാണ്. ദൈവത്തിന്റെ വിശുദ്ധിയെക്കുറിച്ച് അറിവില്ലാത്തതുകൊണ്ടായിരിക്കാം. അല്ലെങ്കിൽ പാപത്തെക്കുറിച്ചുള്ള അവരുടെ ധാരണ അശേഷം ആഴമില്ലാത്തതാണ്. ഒരു മനുഷ്യൻ രക്ഷിക്കപ്പെട്ടവനായിരുന്നാലും അശേഷം അഭ്യസനം ലഭിക്കാത്തവനുമായിരിക്കാം.

ചിലരെ സംബന്ധിച്ചിടത്തോളം മന:പൂർവമായ അറിവില്ലായ്മയാകാം. തങ്ങളിൽനിന്ന് എന്താണ് ആവശ്യപ്പെടുന്നത് എന്ന് അവർ അറിയുന്നു, എന്നാൽ അവർ ദൈവവുമായുള്ള കൂട്ടായ്

മയ്ക്കു വെളിയിലാണ്. അവൻ പിന്മാറ്റാവസ്ഥയിലാണ്. തങ്ങളുടെ കൊച്ചു കൊച്ചു പാപങ്ങളും ശൈശവത്തിലെ അറിവുകേടുകളും ദൈവം കണക്കാക്കുകയില്ല എന്ന് അവർ സ്വയം സമാധാനിക്കുന്നു.

മറ്റു ചിലർ വിശ്വാസത്യാഗികളാണ്. "നമ്മുടെ ദൈവത്തിന്റെ കൃപയെ ദുഷ്കാമവൃത്തിക്കു ഹേതുവാക്കി ഏകനാഥനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിനെ നിഷേധിക്കുന്ന അഭക്തരായചില മനുഷ്യർ"[120] എന്നാണ് യൂദാ ഇവരെക്കുറിച്ചു പറഞ്ഞിരിക്കുന്നത്.

# 12

# ദൈവം വിശുദ്ധി നല്കുന്നത് എങ്ങനെ

രക്ഷ വിശ്വാസം മുഖാന്തരമുള്ളതാണ് പ്രവൃത്തികളാലല്ല എന്നു നാം കണ്ടുവല്ലോ. "രക്ഷിക്കപ്പെട്ടവർക്കു വിശുദ്ധി ലഭ്യമാകുന്നത് എങ്ങനെ" എന്ന ചോദ്യം ഉദിക്കുന്നു. ഒരു മനുഷ്യൻ വിശ്വാസിയായിത്തീരുമ്പോൾ അവന്റെ ജീവിതത്തിൽ ഒരു മാറ്റം ഉണ്ടാകണം. "ആ മാറ്റം ഉണ്ടാകുന്ന പ്രക്രിയ എന്താണ്?"

വാസ്തവത്തിൽ ഇതിനു രണ്ടു മാർഗങ്ങളേയുള്ളൂ. ഒന്നുകിൽ അത് ന്യായപ്രമാണം മുഖാന്തരമാകണം; അല്ലെങ്കിൽ അത് കൃപ മുഖാന്തരം ആകണം. സ്വർഗത്തിൽ എത്തുന്നതിന് ആളുകൾ ഈ രണ്ടു മാർഗങ്ങളുമാണ് ചിന്തിക്കുന്നത് എന്നതിനാൽ അവരുടെ ജീവിതത്തിൽ വിശുദ്ധി ഉള്ളവാകുന്നതിനും ഈ രണ്ടു മാർഗങ്ങളേയുള്ളൂ.

ഏറ്റവും സ്വാഭാവികവും മാനുഷികവുമായ മാർഗം മനുഷ്യരെ ന്യായപ്രമാണത്തിൻ കീഴിൽ ആക്കുക എന്നതാണ്. ആളുകൾക്ക് ഒരു നിയമസംഹിത നല്കുക, ചെയ്യാവുന്നതും ചെയ്യരുതാത്തതുമായ പ്രമാണങ്ങൾ നല്കുക. സ്വന്തശക്തിയാൽ ഈ ചട്ടങ്ങൾ അനുസരിക്കണം എന്ന് അവരോടു പറയുക. ന്യായ

പ്രമാണത്തിന് അധികാരമുള്ളതിനാൽ അനുസരിക്കാത്തപക്ഷം അവരുടെ രക്ഷനഷ്ടപ്പെടും എന്നും അവരോടു പറയണം. വിശുദ്ധീകരിക്കപ്പെട്ട ജീവിതം നേടുന്നതിനുള്ള ഏറ്റവും ന്യായമായ മാർഗം ഇതുതന്നെ എന്നു തോന്നും. അല്ലാത്തപക്ഷം ജനങ്ങൾ പുറത്തുപോയി എല്ലാ പാപങ്ങളിലും വ്യാപൃതരാകും. ഇതാണ് ഒരു വാദം.

ന്യായപ്രമാണത്തെ വിശുദ്ധിയിലേക്കുള്ള രാജവീഥിയായി നാം സ്വീകരിച്ചാലുള്ള കുഴപ്പം, അതു പ്രവർത്തിക്കുന്നതല്ല എന്നതാണ്. ജനങ്ങൾക്കു സ്വന്തശക്തിയിൽ വിശുദ്ധരായി ജീവിക്കുവാൻ സാധ്യമല്ല. അവർക്കു സ്വയം രക്ഷിക്കുവാൻ കഴികയില്ല എന്നതുപോലെ തന്നെ, "ആത്മാവിൽ ആരംഭിച്ചിട്ട് ഇപ്പോൾ ജഡംകൊണ്ടോ സമാപിക്കുന്നത്?"[121] എന്നു പൗലോസ് ഗലാത്യരോടു ചോദിക്കാനുണ്ടായ കാരണവും ഇതു തന്നെയായിരുന്നു. ന്യായപ്രമാണം എന്തുചെയ്യണമെന്നു ജനത്തോടു കല്പിക്കും; പക്ഷേ, അതിനുള്ള ശക്തി നല്കുന്നില്ല. പ്രമാണം ലംഘിച്ചാൽ ശിക്ഷവിധിക്കുകയും ചെയ്യും. അവരെ വിശുദ്ധിയിലേക്ക് അയക്കേണ്ടതിനു പകരം ന്യായപ്രമാണം വിപരീതഫലമാണ് ഉണ്ടാക്കുന്നത്. വിലക്കപ്പെട്ട കനി മധുരമായിരിക്കുന്നതുപോലെ, ഒരുവനോട് ഇന്നതുചെയ്യരുത് എന്നു പറയുമ്പോൾ, തന്റെ വീണുപോയ അവസ്ഥയിൽ അത് ചെയ്യുന്നതിനുള്ള ഉൾപ്രേരണ അവനിൽ ഉളവാകുന്നു. ന്യായപ്രമാണം ഒരിക്കലും വിശുദ്ധി ഉളവാക്കുന്നില്ല. പാപത്തെ വെളിപ്പെടുത്തുന്നതിനും, പ്രമാണം ലംഘിക്കുന്നവരെ ശിക്ഷ വിധിക്കുന്നതിനും മാത്രമേ ന്യായപ്രമാണത്തിനു കഴിയുകയുള്ളൂ.

വിശുദ്ധി ഉളവാക്കുന്ന ദൈവത്തിന്റെ മാർഗം കൃപയിലൂടെ അത് നല്കുക എന്നതാണ്. ഇതു വിവരിക്കട്ടെ. അർഥത്തിൽ ദൈവം ഇങ്ങനെ പറയുന്നു: "നോക്കുക, ഞാൻ നിന്നെ എന്റെ കൃപയാൽ രക്ഷിച്ചിരിക്കുന്നു. രക്ഷകനോടുള്ള സ്നേഹത്താൽ ഉത്തേജിപ്പിക്കപ്പെട്ടവനായി, നിന്റെ നിയോഗത്തിനനുസരണമായ ഒരു ജീവിതം നയിക്കുക." കൃപെക്കു കീഴിൽ

വിശുദ്ധജീവിതത്തിന്റെ പ്രേരകശക്തി സ്നേഹം ആകുന്നു എന്നത് ശ്രദ്ധിക്കുക. ഭയത്തെക്കാൾ അതിശക്തമായൊരു പ്രേരകശക്തിയാണ് സ്നേഹം. ശിക്ഷയെ ഭയന്ന് ഒരിക്കലും ചെയ്യാത്ത ഒരു കാര്യം, സ്നേഹം നിമിത്തം ആളുകൾ സന്തോഷത്തോടെ ചെയ്യും. രക്ഷകനോടുള്ള സ്നേഹം വിശുദ്ധജീവിതത്തെ ഉളവാക്കുന്നു. ഭയം ഒരിക്കലും അതു ഉളവാക്കുകയില്ല.

ക്രിസ്തുവിന്റെ പ്രവൃത്തിയുടെ അടിസ്ഥാനത്തിൽ ഒരു വിശ്വാസിക്കു കൃപയാണ് ദൈവത്തിന്റെ മുമ്പിൽ സമ്പൂർണമായൊരു സ്ഥിരനില നൽകുന്നത്. ഈ നിലയനുസരിച്ച് അതിനു യോഗ്യമായി നടക്കുന്നതിനു വിശ്വാസിയോടു പറയുന്നു. അവന്റെ നിലയനുസരിച്ചു തന്നെയായിരിക്കണം ജീവിതത്തിൽ അവന്റെ പുരോഗമനം. അവന്റെ സ്ഥിരനിലയനുസരിച്ചു തന്നെയായിരിക്കണം അവന്റെ പ്രായോഗിക ജീവിതം. അവൻ ദൈവത്തിന്റെ മകൻ എന്നു വിളിക്കപ്പെടുന്നതിനാൽ, അവൻ രാജകീയ കുടുംബത്തിലെ ഒരു അംഗത്തെപ്പോലെ നടക്കണം. ജെ.എഫ്. സ്ട്രോംബെക്ക് പറയുന്നു: "കൃപയിൽ താൻ എന്തു ചെയ്തു എന്നു ദൈവം ആദ്യമായി ഓർമിപ്പിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ താൻ നല്കിയ കൃപെക്ക് അനുസരണമായൊരു ജീവിതം നയിക്കുന്നതിന് ആവശ്യപ്പെടുകയും ചെയ്യുന്നു."[122]

ദൈവപൈതലിന്റെ സ്ഥാനം ക്രിസ്തുവിൽ അവനുള്ള സ്ഥാനമാണ്. ദൈവത്തിന്റെ മുമ്പിൽ തന്റെ സ്ഥാനം മനസ്സിലാക്കുന്നതിനുള്ള താക്കോൽ വാക്ക് "ക്രിസ്തുവിൽ" എന്നതാണ്. വിശ്വാസി കർത്താവായ യേശുവിനെ സ്വന്തം രക്ഷകനായി സ്വീകരിച്ചിരിക്കുന്നതിനാൽ ദൈവം അവനെ കാണുന്നത് ഈ വിധത്തിലാണ്. അനുദിന ജീവിതത്തിൽ കൃപ അവൻ പ്രായോഗികമാക്കണം.

നിർഭാഗ്യകരം എന്നു പറയട്ടെ, ഒരു വിശ്വാസിയുടെ നില ഒരിക്കലും ഈ ലോകജീവിതവുമായി *പൊരുത്തപ്പെടുകയില്ല*. എങ്കിലും അത് പൂർണതയിലേക്കു നീങ്ങിക്കൊണ്ടിരിക്കും. സ്വർഗത്തിൽ അവൻ ക്രിസ്തുവിനോടുകൂടെ തേജസ്കരിക്കപ്പെ

ടുമ്പോൾ അത് സമ്പൂർണമാകും. ഭൂമിയിൽ ആയിരിക്കുമ്പോൾ തന്നെ വിശുദ്ധജീവിതത്തിൽ പുരോഗതി ഉണ്ടാകുമെങ്കിൽ അത് ദൈവത്തിന് അധികം മഹത്വകരമായിരിക്കും.

അവന്റെ നിലയെ വിശദീകരിക്കുന്നതും ലക്ഷ്യമാക്കുന്നതുമായ പദങ്ങൾ: വീണ്ടും ജനിച്ചിരിക്കുന്നവനു *പാപക്ഷമ ലഭിച്ചിരിക്കുന്നു, നിരപ്പിക്കപ്പെട്ടിരിക്കുന്നു, വീണ്ടെടുക്കപ്പെട്ടിരിക്കുന്നു. സ്വീകാരം ലഭിച്ചിരിക്കുന്നു, പരിപൂർണരായിരിക്കുന്നു, തികെഞ്ഞവരായിരിക്കുന്നു, നീതീകരിക്കപ്പെട്ടിരിക്കുന്നു, വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു, തേജസ്കരിക്കപ്പെട്ടിരിക്കുന്നു.*

പ്രായോഗിക ജീവതത്തെക്കുറിച്ചുള്ള ചില ക്രിയാ പദങ്ങൾ: *ആയിരിക്കുക, പ്രവർത്തിക്കുക, നടക്കുക, നിറുത്തുക, നല്കുക, സമർപ്പിക്കുക, എണ്ണുക, നില്ക്കുക, അനുവദിക്കുക, ഉരിഞ്ഞുകളയുക, ധരിക്കുക, ചെയ്യേണം, ചെയ്യേണ്ടത്.*

ദൈവത്തിന്റെ മുമ്പിൽ വിശ്വാസിക്കു പൂർണതയുള്ള ഒരു സ്ഥാനം നല്കുക, അതിന് അനുയോജ്യമായി നടക്കുന്നതിന് അവനെ പഠിപ്പിക്കുക. ആദ്യം അഭ്യസിപ്പിക്കുന്നതാണ് ദൈവത്തിന്റെ രീതി. ഇത് ന്യായപ്രമാണത്തിനു നേരെ വിപരീതമാണ്. ന്യായപ്രമാണം പറയുന്നത്, "നിങ്ങൾ ഒരു പ്രത്യേക നിലയിൽ എത്തിയാൽ, നിങ്ങൾക്കു വിശുദ്ധി കൈവരിക്കാൻ കഴിയും" എന്നാണ്. അത് തികച്ചും അസാധ്യം തന്നെ. അത് ഒരിക്കലും സാധിക്കുകയില്ല. കൃപ പറയുന്നു, "നിങ്ങൾക്കു സ്ഥാനം ഒരു സൗജന്യദാനമായി ഞാൻ നല്കുന്നു. അതിനു യോഗ്യമാം വണ്ണം നടക്കുക." നമ്മിൽ അധിവസിക്കുന്ന പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നമുക്ക് അങ്ങനെ നടക്കുവാൻ കഴിയും.

ഈ കഥ നിങ്ങൾ കേട്ടിട്ടുണ്ടാകാം. വിഭാര്യനായ ഒരു മനുഷ്യൻ തന്റെ വീട്ടുകാര്യങ്ങളും കുഞ്ഞുങ്ങളുടെ കാര്യങ്ങളും നോക്കി നടത്തുന്നതിന് ഒരു വേലക്കാരിയെ ശമ്പളം നല്കി നിയമിച്ചു. അദ്ദേഹം റെഫ്രിജറേറ്ററിന്റെ കതകിൽ ഒരു ലിസ്റ്റ് ഒട്ടിച്ചു. അവൾ എല്ലാം ശരിയായി ചെയ്യേണ്ടതിനുള്ള നിയമങ്ങൾ ആയിരുന്നു ആ ലിസ്റ്റ്.

കുറെ ദിനങ്ങൾ കഴിഞ്ഞപ്പോൾ കഥ വേറൊരു ദിശയിലേക്ക് തിരിഞ്ഞു. ആ മനുഷ്യൻ സുന്ദരിയായ ഈ സ്ത്രീയുമായി അനുരാഗത്തിലായി. അവർ വിവാഹിതരായി. ഉടൻ തന്നെ അയാൾ ഫ്രിഡ്ജിന്റെ കതകിൽനിന്ന് ആ നിയമങ്ങൾ എടുത്തുമാറ്റി. അവൾ സകല ജോലികളും പഴയതുപോലെ നന്നായി ചെയ്തു. അധികവും ചെയ്തു. എന്നാൽ ഇപ്പോൾ അവൾ ഇതെല്ലാം ചെയ്യുന്നത് സ്നേഹം നിമിത്തമാണ്. അല്ലാതെ, ജോലി നഷ്ടപ്പെടും എന്ന ഭയം കൊണ്ടല്ല.

ശരിയായി ഗ്രഹിച്ചാൽ, വിശുദ്ധജീവിതത്തിന് ഏറ്റവും ശക്തമായ ഉത്തേജനം സ്നേഹം തന്നെയാണ്. ഇപ്രകാരമാണ് അതിനെക്കുറിച്ചു ചിന്തിക്കേണ്ടത്.

യേശുക്രിസ്തു, യാഗമരണത്താൽ വിശ്വാസിയുടെ സകല പാപങ്ങൾക്കും പരിഹാരം വരുത്തുന്നതിനാണു മരിച്ചത്. യേശുവിന്റെ മരണത്തിനു കാരണമായിരുന്ന അതേ പാപങ്ങളിൽ തുടരുന്നതിന് ഇനി അവർ ആഗ്രഹിക്കുമോ?

സ്വന്തജനത്തിന്റെ ഉത്തമസ്നേഹിതൻ എന്ന് അവൻ സ്വയം തെളിയിച്ചുകഴിഞ്ഞിരിക്കുന്നു. അതിനാൽ തങ്ങൾ പറയുന്നതിലും പ്രവർത്തിക്കുന്നതിലും അവനെ പ്രസാദിപ്പിക്കുക എന്നത് അവർ തങ്ങളുടെ ലക്ഷ്യമാക്കാതിരിക്കുമോ?

അവൻ മരിച്ചപ്പോൾ ആരുടെ പ്രതിനിധിയായിട്ടാണ് അവൻ മരിച്ചത്. അവൻ മരിച്ചപ്പോൾ അവരും മരിച്ചു. അവരുടെ നില പാപത്തിനു മരിച്ചു എന്നതാണ്. പ്രായോഗികതലത്തിൽ അവർ പാപത്തിനു മരിച്ചിരിക്കുന്നു എന്നു തങ്ങളെത്തന്നെ എണ്ണിക്കൊള്ളണം. റോമർ ആറാം അധ്യായത്തിൽ പൗലൊസ് ഈ വസ്തുത വ്യക്തമാക്കുന്നു: “കൃപ പെരുകേണ്ടതിനു പാപം ചെയ്തുകൊണ്ടിരിക്ക എന്നോ?”[123] പൗലൊസ് കർശനമായി അതിനുത്തരം പറയുന്നു: "ഒരു നാളും അരുത് പാപസംബന്ധമായി മരിച്ചവരായ നാം ഇനി അതിൽ ജീവിക്കുന്നത് എങ്ങനെ?”[124]

കൃപയാൽ രക്ഷിക്കപ്പെടുന്നതിനു മുമ്പ് ഒരു മനുഷ്യൻ പാപത്തിന് അടിമയായിരുന്നു. ഇപ്പോൾ അവൻ നീതിക്ക്

അടിമയാകുന്നു. ഈ വിശുദ്ധ അടിമത്തത്തിന് അവൻ സ്വയം സമർപ്പിക്കണം.

ഒരാൾ ഇതിനെക്കുറിച്ച് ഇങ്ങനെ പറഞ്ഞിട്ടുണ്ട്: മഹായാഗത്തിന്റെ മഹത്വത്തെയും പാപത്തിന്റെ വലിപ്പത്തെയും കുറിച്ചു പരിശോധന നടത്തിയശേഷം, പാപത്തെ എന്നേക്കുമായി ഉപേക്ഷിക്കുന്ന കാര്യം തീരുമാനിക്കുക.

ജോൺ ബനിയൻ വളരെ ശക്തമായി ഈ വസ്തുത പ്രസ്താവിച്ചിട്ടുണ്ട്: ‘‘ദൈവത്തിന്റെ നീതിയെ ചോദ്യം ചെയ്യുന്നതും, ദൈവത്തിന്റെ കരുണയെ അപഹസിക്കുന്നതും, ദൈവത്തിന്റെ ദീർഘക്ഷമയെ പുച്ഛിക്കുന്നതും ദൈവത്തിന്റെ ശക്തിയെ നിസ്സാരമക്കുന്നതും ദൈവസ്നേഹത്തിന്റെ നിഷേധമാണ്.’’

പാപത്തിൽനിന്നു ദൈവത്തെ വേർപെടുത്തുന്ന പാലം വലിയ വിലകൊടുത്തു വാങ്ങി, അതിലൂടെ തിരികെ നടന്നു ദൈവസാന്നിധ്യത്തിൽ എത്തിച്ചേരുന്നതിനു തുറന്നുകൊടുത്തു.

## യോഗ്യമാം വണ്ണം നടക്കുന്നത് എന്ത്?

“യോഗ്യമായ നടപ്പ് എന്തെന്ന് എനിക്ക് എങ്ങനെ അറിയാൻ കഴിയും” എന്നു ചോദിച്ചേക്കാം. ദൈവവചനത്തിൽ കൊടുത്തിരിക്കുന്ന പ്രായോഗിക നിർദ്ദേശങ്ങളിൽ അതു കാണാൻകഴിയും. പുതിയനിയമത്തിൽ ഇതുപോലുള്ള നിരവധി നിർദ്ദേശങ്ങൾ കാണാം. ഇവിടെ ഒരു വിശദീകരണം ആവശ്യമുണ്ട്. നല്കിയിട്ടുള്ള കല്പനകൾ ന്യായപ്രമാണമല്ല; അതിൽ ശിക്ഷാവിധിയില്ല. നീതിയുടെ നിർദ്ദേശങ്ങൾ മാത്രമാണ്. “കൃപയാൽ രക്ഷിക്കപ്പെട്ടിരിക്കുന്ന ഒരുവൻ ഏതുവിധമാണ് യോഗ്യമാംവണ്ണം നടക്കുന്നത്” എന്ന ചോദ്യത്തിന് ഇത് ഉത്തരം നല്കുന്നു. തിരുവെഴുത്തുകളിൽ കാണുന്ന വചനഭാഗങ്ങൾ ശ്രദ്ധിക്കുക.[125]

“കോപിച്ചാൽ പാപം ചെയ്യാതിരിപ്പിൻ...”

“ആകയാൽ ഭോഷ്ക് ഉപേക്ഷിച്ച് ഓരോരുത്തൻ കൂട്ടുകാരനോട് സത്യം സംസാരിപ്പിൻ.”

"കള്ളൻ ഇനി കക്കാതെ മുട്ടുള്ളവനു ദാനം ചെയ്യാൻ ഉണ്ടാകേണ്ടതിനു കൈകൊണ്ട് നല്ലതു പ്രവർത്തിച്ച് അധ്വാനിക്കയത്രേ വേണ്ടത്."

"നല്ല വാക്കല്ലാതെ ആകാത്തത് ഒന്നും നിങ്ങളുടെ വായിൽ നിന്നു പുറപ്പെടരുത്."

"ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കരുത്. എല്ലാ കൈപ്പും ക്രോധവും കുറ്റവും ദൂഷണവും സകല ദുർഗുണവുമായി നിങ്ങളെ വിട്ട് ഒഴിഞ്ഞുപോകട്ടെ."

"നിങ്ങൾ തമ്മിൽ ദയയും മനസ്സലിവുമുള്ളവരായി, ദൈവം ക്രിസ്തുവിൽ നിങ്ങളോടു ക്ഷമിച്ചതുപോലെ അന്യോന്യം ക്ഷമിപ്പിൻ."

നമുക്കു രക്ഷ നല്കിയ അതേ കൃപ നമ്മെ വീണ്ടും ഇങ്ങനെ ഉപദേശിക്കുന്നു, "ഭക്തികേടും പ്രപഞ്ചമോഹങ്ങളും വർജിച്ചിട്ട് ഈ ലോകത്തിൽ നീതിയോടും ദൈവഭക്തിയോടും കൂടെ ജീവിക്കണം."[126]

സ്ട്രോംബെക്ക് പറയുന്നു: "ഇന്നത്തെ ക്രിസ്തീയ ജീവിതത്തിന്റെയും പെരുമാറ്റത്തിന്റെയും താണനിലവാരം, കൃപയുടെ ഭാഗികമായ അഭ്യസനത്തിന്റെ ഫലമായുള്ളതാണ്. കൃപ എന്നു പറഞ്ഞാൽ അത് പാപം ചെയ്യുന്നതിനുള്ള നിയന്ത്രണമില്ലാത്ത സ്വാതന്ത്ര്യം ആണ് എന്ന തെറ്റായ ധാരണ അനേകർക്കുണ്ട്; ആ ധാരണ മാറ്റപ്പെടണമെങ്കിൽ കൃപയെക്കുറിച്ചു സമഗ്രമായി പ്രസംഗിക്കുകയും അതിന്റെ സമ്പൂർണാർഥത്തിൽ ജനം ഗ്രഹിക്കുകയും ചെയ്യണം."[127]

# 13

# കൃപ കൃപ മാത്രം

ക്രിസ്തീയ ജീവിതം ആരംഭം മുതൽ സമാപനം വരെ കൃപ, കൃപ മാത്രമാകുന്നു. സർവകൃപാലുവായ ദൈവം തന്നെ സ്നേഹിക്കുന്നവരുടെമേൽ തന്റെ കൃപാവർഷം ഒരിക്കലും അവസാനിപ്പിക്കുന്നില്ല. ചിലപ്പോൾ ദൈവത്തിന്റെ കരുണ കാഴ്ചക്കു മറഞ്ഞിരിക്കും, എന്നാൽ തിരിഞ്ഞുനോക്കുമ്പോൾ, നമ്മോടു ദയ കാണിപ്പാൻ ദൈവം ഒരിക്കലും മറന്നുപോയിട്ടില്ല എന്നു മനസ്സിലാകും.

വിശ്വാസികൾ തങ്ങളുടെ സംരക്ഷണത്തിൽ ദിവ്യകൃപദർശിക്കുന്നു. സകല രോഗാണുക്കളുടെയും ക്ഷുദ്രജീവികളുടെയും സാന്നിധ്യവും, അത്യാഹിത സാധ്യതകളും പരിഗണിക്കുമ്പോൾ മാത്രമല്ല, യാത്രാദുരിതങ്ങളും ദുഷ്ടന്മാരുടെയും അക്രമികളുടെയും സാന്നിധ്യവും കൂടെ ചിന്തിക്കുമ്പോൾ, നമ്മുടെ ജീവിതം മുന്നോട്ടു പോകുന്നതു തന്നെ ഒരത്ഭുതമല്ലാതെ മറ്റൊന്നുമല്ല.

മാർഗദർശനത്തിൽ കർത്താവിന്റെ കൃപയെക്കുറിച്ചു ചിന്തിക്കുക. വഴി പറഞ്ഞുതരുന്നതിനു വളരെയധികം ആളുകൾ കണ്ടേക്കാം; എന്നാൽ ദൈവം അതിസൂക്ഷ്മതയോടും

സമ്പൂർണ വൈദഗ്ധ്യത്തോടും കൂടെയാണ് മാർഗദർശനം നല്കുന്നത്.

കരുണയോടും ന്യായത്തോടും കൂടെ
എന്റെ സമയമെന്ന വല അവൻ നെയ്തു
നമുക്ക് ഓരോരുത്തർക്കും ഗാനാലാപം
ചെയ്യാൻ കഴിയും:
എന്റെ യേശു എല്ലാം നന്നായി ചെയ്തു!

ചിലപ്പോൾ വഴിത്താരയില്ലാത്ത ഒരു മരുഭൂമിയിലൂടെയായിരിക്കും നമ്മുടെ യാത്ര. മറ്റു ചിലപ്പോൾ അത് കുഴിബോംബുകൾ നിറഞ്ഞ നിലത്തുകൂടെയായിരിക്കും. എങ്കിലും ജീവിതത്തിന്റെ എല്ലാ അധ്യായങ്ങളിലും താൻ "രക്തമൊഴുക്കി സമ്പാദിച്ച തന്റെ ആടുകളെ മാധുര്യപൂർണമായ കരുതലോടെ നല്ല ഇടയൻ നടത്തുന്നു."

ദൈവിക കരുതലിന്റെ ദിവ്യകൃപയെ ചിന്തിക്കുക. ക്രിസ്തുയേശുവിൽ തന്റെ പ്രിയപ്പെട്ടവർക്കു, തന്റെ മഹിമയുടെ അത്യന്തധനപ്രകാരം ഔദാര്യവാനായ ദൈവം സകലവും കരുതുന്നു. മേൽത്തരമായ ഗോതമ്പുകൊണ്ടും, പാറയിലെ തേൻകൊണ്ടും അവൻ അവരെ പോഷിപ്പിക്കുന്നു.[128] അവൻ തക്കസമയത്ത് അവർക്ക് ആഹാരം നല്കുന്നു.

ദൈവത്തിന്റെ കരുതൽ സകല സാഹചര്യങ്ങളുടെയും സമ്പൂർണമായ നിയന്ത്രണത്തിലും നമുക്കു കാണാം. ഓരോ സംഭവത്തിനും അവിടത്തെ തെറ്റിക്കൂടാത്ത സമയക്രമം ഉണ്ട്. തന്റെ മഹാകൃപയിൽ യാതൊരു കാര്യവും സന്ദർഭവശാൽ സംഭവിക്കാതെ അവിടന്നു നിയന്ത്രിച്ചുകൊള്ളും എന്ന് ഉറപ്പാണ്. തന്നെ സ്നേഹിക്കുന്നവർക്കു സകലവും നന്മെക്കായി കൂടി വ്യാപരിക്കുമാറാക്കുന്നു. തന്റെ മക്കൾ ദൈവത്തിന്റെ കണ്ണിലെ കൃഷ്ണമണിപോലെയാണ്. അവർക്കെതിരെ ഉണ്ടാക്കുന്ന യാതൊരു ആയുധവും ഫലിക്കുകയില്ല. അവർക്കെതിരെ ഉയരുന്ന എല്ലാ നാവിനെയും ദൈവം ന്യായംവിധിക്കും.[129] അവൻ ദുഷ്ടന്മാരുടെ ദുഷ്ടതയെ നിഷ്ഫലമാക്കുന്നു. തന്റെ ജനത്തിന്റെ നന്മെക്കായും തന്റെ മഹത്വത്തിനായും സകലവും പരിണമിപ്പിക്കുന്നു.

സർവോപരി ദൈവത്തിന്റെ പാപക്ഷമ എത്ര ശോഭയേറിയതാണ്. അതിന്റെ വ്യാപ്തി ആർക്കും അളക്കുവാൻ കഴിയുകയില്ല. ദാവീദ്‌രാജാവിനെ ഓർക്കുക. അവൻ ബേത്ത്ശേബയുമായി വ്യഭിചാരം ചെയ്തു. അവളുടെ ഭർത്താവ് ഊരിയാവ് ആ സമയം യുദ്ധക്കളത്തിലായിരുന്നു. ദാവീദ് വിശ്വസ്തനായ ഈ സൈനികനെ യുദ്ധരംഗത്തുനിന്നു തിരികെ വിളിച്ചിട്ട്, തന്റെ ദുഷ്പ്രവൃത്തിയുടെ ഫലമായി ജനിക്കുന്ന കുഞ്ഞിന്റെ പിതൃത്വം ഊരിയാവിന് ആയിരിക്കത്തക്കവണ്ണം സാഹചര്യം ഒരുക്കുന്നതിനു ശ്രമിച്ചു. അതിൽ പരാജയപ്പെട്ടപ്പോൾ യുദ്ധരംഗത്ത് ശത്രുവിന്റെ കഠിനാക്രമണത്തിന് ഇരയാകത്തക്കവണ്ണം ഊരിയാവിനെ നിറുത്തുന്നതിനു ദുരാലോചന നടത്തി. അവിടെ അവന്റെ മരണം ഉറപ്പുവരുത്തി. രാജാവിന്റെ ദുർമാർഗവും ചതിയും അതീവ ഗുരുതരമായിരുന്നു. ഒരു രാജാവിന് അശേഷം യോഗ്യമല്ലാത്തതായിരുന്നു ദാവീദിന്റെ മേല്പറഞ്ഞ പ്രവൃത്തികൾ. എങ്കിലും അവൻ തന്റെ പാപത്തെക്കുറിച്ച് അനുതപിച്ചപ്പോൾ, അവൻ തന്നെ സ്വതന്ത്രനാക്കുന്ന കാരുണ്യശബ്ദം കേട്ടു, ‘‘യഹോവ നിന്റെ പാപം മോചിച്ചിരിക്കുന്നു.’’ ഈ പ്രകൃത്യതീതമായ പാപക്ഷമയുടെ ആശ്ചര്യകരമായ ദിവ്യകൃപയാണ് സാമുവൽ ഡേവിസിനെ ഇങ്ങനെ ഗാനമാലപിക്കാൻ പ്രേരിപ്പിച്ചത്:

അത്ഭുതങ്ങളുടെ മഹാ ദൈവമേ,
അങ്ങയുടെ സകല വഴികളും അങ്ങയുടെ
ദിവ്യഗുണങ്ങൾ വെളിപ്പെടുത്തുന്നു.
എങ്കിലും അങ്ങയുടെ സകല അത്ഭുതങ്ങൾക്കും മീതെ
അങ്ങയുടെ കൃപകളുടെ മഹാമഹത്വം പ്രകാശിപ്പിക്കുന്നു.
പാപക്ഷമ നല്കുന്ന ദൈവം
അങ്ങയെപ്പോലെ മറ്റാരുള്ളൂ?
അങ്ങയെപ്പോലെ ഇത്ര ധന്യവും സൗജന്യവുമായ
കൃപ മറ്റാർക്കാണുള്ളത്?
മഹാ അകൃത്യങ്ങളെയും ക്ഷമിക്കുവാൻ!
കുറ്റക്കാരും കൃമികളുമായവരോടു ക്ഷമിക്കുവാൻ!

മറ്റേതൊരു ദൈവമുള്ളൂ?
ഇത് അങ്ങയുടെ ദിവ്യസ്വഭാവമാണല്ലോ
ഈ ബഹുമതി മറ്റാർക്കും അങ്ങു വിട്ടുകൊടുക്കുകയില്ല
പാപക്ഷമ നല്കുന്ന ദൈവം അങ്ങയെപ്പോലെ മറ്റാരുള്ളൂ?
അങ്ങയെപ്പോലെ ഇത്ര ധന്യവും
സൗജന്യവുമായ കൃപ മാറ്റാർക്കാണുള്ളത്?

ആവശ്യത്തിന്റെ ഓരോ നാഴികയിലും നമ്മുടെ ദൈവം തന്റെ ജനത്തിന് അവരെ നിലനിർത്തുന്ന കൃപ നല്കുന്നു. ശസ്ത്രക്രിയെക്കു വിധേയരാകുമ്പോൾ വിശ്വാസികൾക്ക് സകല ബുദ്ധിയെയും കവിയുന്ന ദൈവസമാധാനം അനുഭവസ്ഥമാകുന്നു. രോഗത്തിൽ ശാശ്വതസമാധാനം അനുഭവസ്ഥമാകുന്നു. രോഗത്തിൽ ശാശ്വതഭുജങ്ങളിൽനിന്നു മാത്രം വരുന്ന ശക്തി അവർ അനുഭവിക്കുന്നു. നിറതോക്കിന്റെ മുമ്പിലും എരിഞ്ഞുയരുന്ന അഗ്നികുണ്ഠത്തിൻ മുമ്പിലും രക്തസാക്ഷികൾക്കു മേലോകത്തിൽനിന്നുള്ള ധൈര്യം അനുഭവമാകുന്നു. ഭൂമിയിൽ തങ്ങളുടെ പ്രവൃത്തികൾ സമാപിക്കുന്ന തന്റെ പ്രിയരായവർക്കു മരണനിമിഷത്തിൽ ആ സമയംവരെ അവർ അനുഭവിച്ചിട്ടില്ലാത്ത ആർദ്രകൃപ ദൈവം നല്കുന്നു.

ദൈവത്തിന്റെ കൃപാർദ്രതയുടെ അതിമഹത്തായ പ്രദർശനം ഇതായിരുന്നു. സകല കണക്കുകൂട്ടലുകൾക്കുമപ്പുറം മഹാസമ്പന്നനായിരുന്നവൻ അയോഗ്യരായ പാപികളെ സങ്കല്പാതീതമാംവിധം സമ്പന്നരാക്കുവാൻ, കണക്കുകൂട്ടാൻ കഴിയാത്തത്ര ദരിദ്രനായിത്തീർന്നവരിൽ നാം ദർശിക്കുന്നു.

പറഞ്ഞുതീരാത്ത ദിവ്യകൃപയാണ് കാൽവരിയിൽനിന്ന് ഈ പ്രാർഥന ഉരുവിട്ടത്. "പിതാവേ, ഇവർ ചെയ്യുന്നത് ഇന്നത് എന്ന് അറിയായ്കാൽ ഇവരോടു ക്ഷമിക്കേണമേ."[130]

മനുഷ്യാവതാരമെടുത്ത തന്റെ പുത്രൻ ഏതാനും ദിനങ്ങൾക്കു മുമ്പ് കൊല്ലപ്പെട്ട അതേ നഗരത്തിലേക്കു തന്റെ പരിശുദ്ധാത്മാവിനെ അയക്കുവാൻ പിതാവിനെ പ്രേരിപ്പിച്ചതും അവിടത്തെ ദിവ്യകൃപ തന്നെയായിരുന്നു.

തന്റെ നിസ്തുലകൃപയെ വെളിപ്പെടുത്തിയ മഹാദൈവത്തെക്കുറിച്ചു സങ്കീർത്തനക്കാരൻ പറയുന്ന ആലങ്കാരിക പ്രസ്താവന ശ്രദ്ധിക്കുക: "ദൈവമേ, നിന്റെ വിചാരങ്ങൾ എത്ര ഘനമായവ. അവയുടെ ആകെത്തുകയും എത്ര വലിയത്. അവയെ എണ്ണിയാൽ കടൽക്കരയിലെ മണലിനെക്കാൾ അധികം.[131] യഹോവേ, നിന്റെ ദയ ആകാശത്തോളവും നിന്റെ വിശ്വസ്തത മേഘങ്ങളോളവും എത്തുന്നു.[132] തങ്ങളുടെ പാപങ്ങൾക്ക് ഒത്തവണ്ണം തങ്ങളോടു ചെയ്യാതെയും, അകൃത്യങ്ങൾക്കു തക്കവണ്ണം ശിക്ഷിക്കാതെയും ഇരിക്കുന്ന ദൈവത്തെക്കുറിച്ചു വിശ്വാസികൾ എത്രയോ സന്തോഷമുള്ളവരാണ്.[133] "അവന്റെ കരുണ തീർന്നുപോയിട്ടില്ലല്ലോ. അത് രാവിലെതോറും പുതിയതും അവന്റെ വിശ്വസ്തത വലിയതും ആകുന്നു."[134]

പ്രാകൃത ജീവീതത്തിൽനിന്ന് ആത്മീയ ജീവിതത്തിലേക്കും, അതിൽനിന്നു നിത്യജീവനിലേക്കും നയിക്കുന്നത് പരിമിതിയില്ലാത്ത ദിവ്യകൃപതന്നെ. സ്തോത്രത്തിനും എന്നുമെന്നേക്കുമുള്ള സ്തുതിക്കും വിഷയമായിരിക്കുന്നതും ആ ദിവ്യകൃപയത്രേ.

# 14

# പുനരവലോകനം

ദൈവത്തിന്റെ ആശ്ചര്യകരമായ ദിവ്യകൃപയുടെ ഉന്നതപ്രഭ കളെ നമുക്കു പുനരവലോകനം ചെയ്യാം.

ഒന്നാമത്തെ ചോദ്യം ഇതായിരുന്നല്ലോ. വിശുദ്ധനും നീ തിമാനുമായ ദൈവത്തിനു പാപികളോടു ക്ഷമിക്കുന്നതിനും അപ്പോൾ തന്നെ നീതിമാനായിരിക്കുന്നതിനും എങ്ങനെ കഴി ഞ്ഞു? ദൈവം ഒരു രക്ഷാപദ്ധതി തയ്യാറാക്കിയപ്പോൾ ഇതൊരു പ്രശ്നമായിരുന്നല്ലോ.

പ്രതിപുരുഷൻ എന്ന ഏകപദമാണ് ഇതിന് ഉത്തരം. പാപിക ളുടെ പകരക്കാരനായി കാൽവരിക്രൂശിൽ മരിക്കുന്നതിനു തന്റെ പുത്രനായ യേശുക്രിസ്തുവിനെ ദൈവം ഈ ലോകത്തിൽ അയച്ചു. കർത്താവായ യേശു എന്ന ദൈവപുത്രൻ പാപത്തിന്റെ വില പൂർണമായും കൊടുത്തു. തന്നിൽ വിശ്വസിക്കുന്ന എല്ലാ വർക്കും സൗജന്യദാനമായി നിത്യജീവൻ നല്കുന്നു.

ഇത് കൃപ മാത്രമാണ്. ഇതിനു വിപരീതമായതു മാത്രം അർഹി ച്ചിരുന്നവർക്ക് അർഹതയില്ലാത്ത പ്രീതി ദൈവം നൽകിയതാ ണ് കൃപ. കൃപ എന്താണെന്നു ശരിയായി ഗ്രഹിക്കണമെങ്കിൽ, ആസ്വദിച്ചറിയണമെങ്കിൽ യേശു ആരാകുന്നു എന്നും, യേശു എന്തു ചെയ്തു എന്നും, ആർക്കു വേണ്ടിയാണോ യേശു ഇത്

ചെയ്തത്, അവർ ആരാണെന്നും, വിശ്വാസത്താൽ യേശുവിനെ കൈക്കൊള്ളുന്നവരിലേക്കു പ്രവഹിക്കുന്ന അനുഗ്രഹങ്ങൾ എന്താണെന്നും നാം തിരിച്ചറിയണം. ഇതല്ലാതെ, മറ്റൊരു മതം മാത്രമേ ലോകത്തിലുള്ളൂ. അതിനു 'മറ്റൊരു സുവിശേഷം' എന്നാണു പറയുന്നത്. സ്വന്തം നന്മയാലും നേട്ടങ്ങളാലും ആളുകൾ സ്വർഗത്തിൽ എത്തുന്നു എന്നു മറ്റൊരു സുവിശേഷം പഠിപ്പിക്കുന്നു. മനുഷ്യന്റെ നിഗളത്തെ താലോലിക്കുന്നു എന്നതിനാൽ ഇത് മനുഷ്യർക്കു സ്വീകാര്യവും ജനപ്രീതിയുമുള്ള മതമാണ്. വലിയ അവകാശവാദങ്ങൾ നടത്തുന്നുണ്ടെങ്കിലും രക്ഷയുടെ ഉറപ്പോ സുരക്ഷിതത്വമോ നിത്യജീവനോ ഈ മതം ഉറപ്പിച്ചുപറയുന്നില്ല.

കൃപയാൽ രക്ഷിക്കപ്പെട്ടവർ തങ്ങളുടെ സകല മഹത്വവും ബഹുമാനവും കർത്താവായ യേശുവിന് നൽകുന്നു. പ്രവൃത്തികളാൽ രക്ഷ എന്ന് അവകാശപ്പെടുന്നവർ മഹത്വം തങ്ങൾക്കു തന്നെ അവകാശമാക്കും. അതിന്റെ ഒരു ഭാഗത്തിനെങ്കിലും തങ്ങൾ അർഹരാണ് എന്ന് പറയുന്നു. ഒരു മനുഷ്യൻ സ്വർഗത്തെക്കുറിച്ചുള്ള തന്റെ പ്രത്യാശയെ അടിസ്ഥാനമാക്കിയിരിക്കുന്നത് എന്തിന്മേലാണെന്ന് ഇതിൽനിന്നു നമുക്കു മനസ്സിലാക്കാം.

രക്ഷ സൽപ്രവൃത്തികളാൽ ലഭിക്കുന്നതല്ല എന്നു നാം പറയുമ്പോൾ, നാം സൽപ്രവൃത്തികൾക്ക് എതിരാണ് എന്നല്ല അർഥമാക്കുന്നത്. സൽപ്രവൃത്തികൾ രക്ഷെക്കു മുഖാന്തരമാകുന്നില്ല, സൽപ്രവൃത്തികൾ രക്ഷയുടെ ഫലങ്ങളാണ്. സൽപ്രവൃത്തിക*ളാൽ* നാം രക്ഷിക്കപ്പെടുന്നില്ല; നാം സൽപ്രവൃത്തിക*ൾക്കായിട്ടു* രക്ഷിക്കപ്പെട്ടിരിക്കുന്നു. സൽപ്രവൃത്തികൾ കാരണമല്ല, ഫലമാണ്. സൽപ്രവൃത്തികൾ ആരംഭമല്ല, പിൻവരുന്ന ഫലമാണ്.

ഒരു ചോദ്യം ഉയരുന്നു. രക്ഷിക്കപ്പെട്ടതിനുശേഷം ഒരു മനുഷ്യൻ പാപം ചെയ്യുന്നു എങ്കിൽ അവനു തന്റെ രക്ഷ നഷ്ടമാകുമോ? തിരുവെഴുത്തിന്റെ സാക്ഷ്യവും കൃപയുടെ യഥാർഥസ്വഭാവവും "ഇല്ല" എന്ന ഉത്തരമാണു നല്കുന്നത്.

പാപം കൂട്ടായ്മ നഷ്ടപ്പെടുത്തുന്നു. ബന്ധം വിച്ഛേദിക്കുന്നില്ല. കൂട്ടായ്മ നേർമയുള്ള ഒരു നൂലാണ്. അതേസമയം ബന്ധം പൊട്ടിക്കാനാവാത്ത ഒരു ചങ്ങലയാണ്. ഒരു വിശ്വാസി തന്റെ പാപം ഏറ്റുപറയുമ്പോൾ അവന്റെ പാപങ്ങൾ ക്ഷമിക്കപ്പെടുന്നു. കർത്താവുമായുള്ള അവന്റെ കൂട്ടായ്മ പുനഃസ്ഥാപിക്കപ്പെടുന്നു.

ക്രിസ്ത്യാനിയാണ്/വിശ്വാസിയാണ് എന്ന് അവകാശപ്പെടുന്ന എല്ലാവരും വാസ്തവത്തിൽ രക്ഷിക്കപ്പെട്ടവരല്ല. ആരുടെയെങ്കിലും ജീവിതത്തിൽ പാപം ആധിപത്യശക്തിയായി വാഴുന്നു എങ്കിൽ, ഒരുവൻ അല്ലെങ്കിൽ ഒരുവൾ പാപത്തിൽ തന്നെ ജീവിക്കുന്നു എങ്കിൽ, ആ വ്യക്തിയുടെ മാനസാന്തരത്തെക്കുറിച്ചു ന്യായമായും സംശയിക്കണം. അയാൾ രക്ഷിക്കപ്പെട്ടു എന്നു ഭാവിക്കുന്നവൻ മാത്രമാണ്. വാസ്തവമായി രക്ഷകരസ്ഥമാക്കിയവൻ അല്ല. ഒരുവന്റെ ജീവിതത്തിൽ ക്രിസ്തു വരുമ്പോൾ ക്രിസ്തു ഒരു വ്യത്യാസം ഉണ്ടാക്കുന്നു.

കൃപയുടെ സുവിശേഷം വളരെ വില കുറഞ്ഞതാണ് എന്നു പറയുന്നവരോട് ദാനം നൽകുന്ന വ്യക്തിയാണ് അതിന്റെ വില കൊടുത്തത് അല്ലാതെ ദാനം സ്വീകരിക്കുന്ന ആളല്ല എന്നാണ് നമുക്കു പറയാനുള്ള മറുപടി. ഒരു ദാനത്തിന്റെ സ്വഭാവം തന്നേ, അതു നല്കുന്ന ആൾ വില കൊടുക്കുന്നു. സ്വീകരിക്കുന്ന ആൾ അല്ല വിലകൊടുക്കുന്നത്. കൃപാദാതാവായ ദൈവം സൗജന്യദാനമായി രക്ഷ നല്കുന്നതിനു വില കൊടുത്തു.

എല്ലാ നല്ല വസ്തുക്കളെയും എന്ന പോലെ കൃപയെയും ദുരുപയോഗം ചെയ്യാം. ദുഷ്ടതയിലും പാപത്തിലും പങ്കാളികളാകുന്നതിന് ഒരു മറയായി ആളുകൾ കൃപയെ ഉപയോഗിക്കും. പ്രശ്നം വ്യക്തിയിലാണ്. അല്ലാതെ കൃപയുടെ ഉപദേശത്തിൽ അല്ല.

ന്യായപ്രമാണമല്ല കൃപയാണ് വിശുദ്ധജീവിതത്തിനുള്ള ഏറ്റവും ശക്തമായ ഉത്തേജനം. ന്യായപ്രമാണം സമ്പൂർണ അനുസരണം ആവശ്യപ്പെടുന്നു; പ്രമാണം ലംഘിച്ചാൽ ശിക്ഷാവിധിയുണ്ട് എന്ന് ഭീഷണിപ്പെടുത്തുന്നു. ക്രിസ്തു സകലവും

നിർവഹിച്ചുകഴിഞ്ഞു എന്ന് കൃപ പറയുന്നു. വിശുദ്ധജീവിതം നയിക്കണം എന്ന് കൃപ ആവശ്യപ്പെടുന്നു. കൃപയുടെ ദൈവം വിശ്വാസിയെ സമ്പൂർണപ്രീതിയിലും അംഗീകാരത്തിലും നിറുത്തിയിരിക്കുന്നു; ആ നിലയ്ക്കനുസൃതമായ വിശുദ്ധജീവിതം ദൈവം ആവശ്യപ്പെടുന്നു. യോഗ്യമാം വണ്ണമുള്ള നടപ്പ് എന്താണ് എന്ന് പുതിയനിയമം ഉപദേശിക്കുന്നു.

ദൈവപൈതലിന്റെ ജീവിതം ദൈവിക കൃപയുടെ പ്രദർശനമാണ്; ആരംഭം മുതൽ സമാപനം വരെ അങ്ങനെ തന്നെ. ദൈവം മനുഷ്യനോട് ഒന്നും കടപ്പെട്ടിരിക്കുന്നില്ല. എങ്കിലും, സങ്കല്പത്തിനതീതമായ അനുഗ്രഹങ്ങൾ അവന്റെമേൽ വർഷിക്കുന്നു. അത് ദൈവത്തിന്റെ വെളിപ്പാടാണ്. ശിക്ഷാവിധിയല്ലാതെ മറ്റൊന്നും അർഹിക്കാത്ത മനുഷ്യർക്കു, തന്റെ അത്യുന്നതമായതിനെ കർത്താവ് നല്കുന്നതിന്റെ സ്നേഹാർദ്ര വൃത്താന്തമാണിത്.

തന്റെ ആശ്ചര്യകരമായ ദിവ്യകൃപ കാണിക്കേണ്ടതിനു ദൈവം ഇന്നും സ്ത്രീപുരുഷന്മാരെ അന്വേഷിച്ചുകൊണ്ടിരിക്കുന്നു. നൂറ്റാണ്ടുകളായി മനുഷ്യൻ കാണിച്ചുപോരുന്ന അവഗണന, നിസ്സംഗത, വൈമനസ്യം, നിരസനം ഇവയിലൊന്നും പിൻതിരിയാതെ ദൈവം തന്റെ സർവകൃപയിലും കാണാതെപോയ ആടുകളെ അന്വേഷിച്ചുകൊണ്ടിരിക്കുന്നു. ആ സദ്വർത്തമാനം രാവും പകലും ദൈവം അയച്ചുകൊണ്ടിരിക്കുന്നു. തങ്ങൾ കുറ്റം ചെയ്തവരാണ് എന്നു സമ്മതിക്കുന്നവരെയും, തങ്ങളെത്തന്നെ രക്ഷിപ്പാനുള്ള ശ്രമം ഉപേക്ഷിക്കുന്നവരെയും യേശുവിനെ കർത്താവും രക്ഷിതാവുമായി അംഗീകരിക്കുന്നവരെയും ദൈവം അന്വേഷിച്ചുകൊണ്ടിരിക്കുന്നു. ഇതെത്രയോ ലളിതം!

ഇത് ഓർക്കുക! കർത്താവായ യേശുവിലുള്ള യഥാർഥ വിശ്വാസത്തിന്റെ ഒരു നേരിയ തീപ്പൊരിയെങ്കിലും ഏതെങ്കിലുമൊരു മനുഷ്യനിൽ കണ്ടാൽ, ആ മനുഷ്യനെ ദൈവം നീതിമാനായി കണക്കാക്കുന്നു. എച്ച്.എ. അയൺസൈഡ് ഇങ്ങനെ പറഞ്ഞിരിക്കുന്നു: "ഒരു വ്യക്തിയെക്കുറിച്ച് ദൈവം അത്രയധികം വിചാരമുള്ളവനാകുന്നു; തന്റെ പുത്രന്റെ

യാഗമരണത്തെക്കുറിച്ചും ദൈവം ചിന്തിക്കുന്നു. പുത്രനിൽ വിശ്വസിക്കുന്ന ഏതൊരു ചെറിയ മനുഷ്യനെയും ദൈവം സ്വർഗത്തിൽ കൈക്കൊള്ളും. എന്തൊരു നിസ്തുലമായ ദിവ്യ കൃപ![135]

സമാപന അധ്യായം ഇതുവരെയും എഴുതപ്പെട്ടിട്ടില്ല. "ക്രിസ്തുയേശുവിൽ നമ്മെക്കുറിച്ചുള്ള വാത്സല്യത്തിൽ തന്റെ കൃപയുടെ അത്യന്തധനത്തെ വരുംകാലങ്ങളിൽ കാണിക്കേണ്ടതിന്"[136] ദൈവം നിത്യതയോളം ജാഗരിച്ചിരിക്കുന്നു. കാണാതെ പോയ ആടുകളെ അന്വേഷിച്ചു കണ്ടെത്തുന്നതിന് ഈ പാപനിബിഡ വനാന്തരത്തിലേക്കു തന്റെ പുത്രനെ അയച്ച ദൈവത്തിന്റെ അത്ഭുതകരമായ രക്ഷാപദ്ധതി ആ നിത്യതയിൽ ചുരുളഴിക്കപ്പെടും. കാൽവരിയിൽ ക്രിസ്തുവിന്റെ അത്ഭുതകരമായ പ്രവൃത്തി മുഖാന്തരം നമുക്കു ലഭിച്ച സകല അനുഗ്രഹങ്ങളുടെയും രഹസ്യം അന്നു വെളിപ്പെടും!

ബൈബിൾ കൃപാശീർവാദ പ്രസ്താവനയോടെയാണു സമാപിക്കുന്നത്. ഈ ചെറുപുസ്തകവും അതേ ആശീർവാദത്തോടെ ഞങ്ങൾ സമാപിപ്പിക്കട്ടെ.

"കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ. ആമേൻ!"

## എന്റെ മറവിടം

പരമോന്നത സ്നേഹമേ, വീണുപോയ മനുഷ്യനെ
ആദ്യമായി രക്ഷിച്ച സ്നേഹമേ, ജയിച്ചാലും!
എന്റെ ആത്മാവിന്നൊരു മറവിടം നല്കിയ
സ്വാതന്ത്ര്യത്തിൻ നിസ്തുല നിത്യകൃപയേ, ജയിച്ചാലും!

ആകാശത്തെ സൃഷ്ടിച്ച ആ മഹാദൈവത്തിന്നെതിരെ
ഞാൻ കരങ്ങളുയർത്തി പോരാട്ടം നടത്തി
തന്റെ കൃപയെ ഞാൻ നിരസിച്ചു
ഒരു മറവിടം ചോദിക്കുവാൻ ഞാൻ കൂട്ടാക്കിയില്ല.

ആ മിസ്രയീമ്യ കൂരിരുട്ടിൽ ഞാൻ കുരുങ്ങിക്കിടന്നു
വെളിച്ചത്തെക്കൾ അധികം ഞാൻ ഇരുട്ടിനെ സ്നേഹിച്ചു

ഭ്രാന്തനെപ്പോലെ ഞാൻ പാപത്തിലോടി
ഒരു മറവിടമില്ലാതെ ഞാൻ ഓടിക്കൊണ്ടിരുന്നു
നിത്യമായ ദൈവാലോചന ഇതായിരുന്നു:
സർവശക്തമായ സ്നേഹമേ, അവനെ ബന്ധിക്കൂ
എന്റെ അരിഷ്ടതയുടെ അമ്പുകൾ ഞാൻ അറിഞ്ഞു.
എനിക്കൊരു മറവിടം കണ്ടെത്താനായില്ല.
ധാർമികരോഷംകൊണ്ടു നീതി നിലകൊണ്ട
സീനായിയുടെ അഗ്നിമലയിലേക്കു ഞാൻ പറന്നു
എന്നാൽ നീതി കഠിനമുഖത്തോടെ വിളിച്ചുപറഞ്ഞു,
ആ പർവതം നിന്റെ മറവിടമല്ല.
അധികം താമസിയാതെ ഒരു സ്വർഗീയ സ്വരം ഞാൻ കേട്ടു
കരുണയുടെ ദൂതൻ പ്രത്യക്ഷനായി
പ്രസന്നവദനനായി അവൻ എന്നെ നടത്തി
യേശു എന്ന മറവിടത്തിലേക്ക് എന്നെ നടത്തി.
യേശുവിങ്കൽ സർവശക്തന്റെ പ്രതികാരം വന്നു
അതൊരു ലോകത്തെ നരകത്തിലാഴ്ത്തുമായിരുന്നു!
അവൻ അത് സഹിച്ചു. അങ്ങനെ അവൻ
അവരുടെ മറവിടമായിത്തീർന്നു.
ഇടിയും ചുഴലിക്കൊടുങ്കാറ്റുകളും ഏഴു മടങ്ങു വർധിക്കട്ടെ
ധ്രുവാന്തരങ്ങളെ അത് കുലുക്കിമറിക്കട്ടെ
യാതൊരു ഇടിമിന്നലും എന്റെ മുഖത്തിലില്ല
യേശു എന്റെ മറവിടമത്രേ!
ഏതാനും സൂര്യന്മാർ കൂടെ അസ്തമിക്കുമ്പോൾ
ഞാൻ മനോഹര കനാൻതീരത്തണയും
അവിടെ ഞാൻ ആശ്ചര്യകൃപയുടെ ഗാനമാലപിക്കും
അവിടെ എന്റെ മഹത്വപൂർണമായ
മറവിടം ഞാൻ കണ്ടെത്തും.

1780 സെപ്തംബർ 23-നു പിടിക്കപ്പെട്ടപ്പോൾ മേജർ ജോൺ ആൻഡ്രെയുടെ പക്കൽ ഈ മനോഹരമായ കവിത ഉണ്ടായിരുന്നു. അദ്ദേഹം തന്നെയാണോ ഇതു രചിച്ചത് എന്ന റിയില്ല.

# റഫറൻസുകൾ


**അധ്യായം 2**

1. 1 തിമൊഥെയോസ് 2:5
2. യോഹന്നാൻ 1:1
3. 2 കൊരിന്ത്യർ 5:21
   1 പത്രൊസ് 2:22
   1 യോഹന്നാൻ 3:5
4. 1 യോഹന്നാൻ 1:7
5. സങ്കീർത്തനം 40:8
   എബ്രായർ 12:2
6. യെശയ്യാവ് 53:4-6
7. യോഹന്നാൻ 1:29
8. ഗലാത്യർ 2:20
9. 1 പത്രൊസ് 2:24
10. 1 യോഹന്നാൻ 2:2
11. യോഹന്നാൻ 3:16
12. 1 യോഹന്നാൻ 2:2
13. റോമർ 3:23
14. മത്തായി 11:28
15. വെളിപ്പാട് 22:17
16. ചക്ക് സ്മിത്ത്, His Workmanship, Servants of the King, Bromley, Kent, England: STL Books, 1989, pp.139-40
17. യോഹന്നാൻ 3:36
18. സങ്കീർത്തനം 85:10
19. The Applause of Heaven, Dallas: Word Publishing, 1990, pp.175-76
20. John F. MacArthur Jr., Faith Works, Dallas: Word Publishing,1993, p.99
21. Quoted in Baptist Biblical Heritage, April 1994, p.1

**അധ്യായം 3**

22. എബ്രായർ 4:10
23. യോഹ. 1:12; 3:15-16; 3:36; 5:24; 6:40,47; 7:37-38; 11:25-26; 20:31; പ്രവൃത്തി 16:31; റോമർ 10:9; ഗലാത്യർ 3:22-26; എഫെ. 2:8; 1 യോഹന്നാൻ 5:10-13.

**അധ്യായം 4**

24. എഫെസ്യർ 2:8-9
25. സങ്കീർത്തനം 40:1-3
26. Surprised by Joy (New York: Harcourt Brace Jovanovich, Publishers, 1984), p.229
27. മത്തായി 20:1-16
28. 1 തെസ്സലോനിക്യർ 4:1; റോമർ 6:12; 12:1 (ഈ വാക്യങ്ങളിൽ കൃപയുടെ പ്രദർശനമുണ്ട്)

**അധ്യായം 5**

29. യെശയ്യാവ് 40:12
30. Quoted in Baptist Biblical Heritage, April 1994, p.1
31. യിരെമ്യാവ് 17:9
32. റോമർ 3:23
33. എഫെസ്യർ 2:2,3,12
34. Our Daily Bread, April 20, 1994.
35. Quoted in The Power of Story, Leighton Ford, Colorado Springs: Navpress, 1994, p.112
36. The Heart of the Gospel, Wheaton, Ill.: Crossway, 1991, 165-66
37. റോമർ 6:23
38. യോഹന്നാൻ 10:10
39. കൊലൊസ്യർ 1:27
40. എഫെസ്യർ 1:7
41. കൊലൊസ്യർ 2:14
42. 1 പത്രൊസ് 1:18
43. എഫെസ്യർ 2:5
44. എഫെസ്യർ 1:6
45. കൊലൊസ്യർ 2:10
46. യോഹന്നാൻ 17:23
47. റോമർ 5:1
48. എബ്രായർ 10:10
49. എബ്രായർ 4:14–16; റോമർ 8:34; യോഹന്നാൻ 14:16; 1 യോഹന്നാൻ 2:1
50. യോഹന്നാൻ 14:16–17
51. 1 കൊരിന്ത്യർ 12:13
52. എഫെസ്യർ 1:13
53. എഫെസ്യർ 1:14
54.1 യോഹന്നാൻ 2:27
55. എഫെസ്യർ 2:18
56. എബ്രായർ 10:19
57. ഫിലിപ്പിയർ 3:20
58. യോഹന്നാൻ 1:12
59. ഗലാത്യർ 4:6
60. റോമർ 8:17
61. 1 പത്രൊസ് 2:5,9
62. റോമർ 8:37
63. 1 യോഹന്നാൻ 3:2
64. എഫെസ്യർ 1:3
65. സി.എച്ച്. സ്പർജൻ, Sermons on the Book of Daniel, Grand Rapids: Zondervan Publishing House, 1996, p.54
66. Persuasion, London: MacDonald and Jane's 1974, p.273
67. റോമർ 5:20

**അധ്യായം 6**

68. സദൃശ്യവാക്യം 14:12
69. റോമർ 11:6
70. ലൂക്കോസ് 18:18
71. റോമർ3:20,28; 4:5; ഗലാത്യർ

2:16; 3:10,11; എഫെസ്യർ 2:9; 2 തിമൊഥെ. 1:9; തീത്തോസ് 3:5

72. റോമർ 3:20,28; 4:1-12; ഗലാത്യർ 2:16-17; 3:10-14; എഫെസ്യർ 2:8-9; 2 തിമൊഥെയോസ് 1:9; തീത്തോസ് 3:5
73. റോമർ 4:16
74. ഗലാത്യർ 4:28-31

**അധ്യായം 7**

75. രൂത്ത് 2:10
76. 2 ശമുവേൽ 7:18
77. 2 ശമുവേൽ 9:8
78. എഫെസ്യർ 3:8-9
79. From Victorious Christians You Should Know, Warren W. Wiersbe (Grand Rapids: Baker Book House, 1984) pp.63-64
80. മനുഷ്യന്റെ സ്വതന്ത്ര ഇച്ഛയാണ് രക്ഷക്ക് അടിസ്ഥാനമെന്ന് അർമേനിയൻചിന്താഗതിക്കാർ വിശ്വസിക്കുന്നു. കാൽവിനിസ്റ്റുകൾ ദൈവം തന്റെ പരമാധികാരത്തിൽ നടത്തുന്ന തിരഞ്ഞെടുപ്പാണ് രക്ഷക്ക് അടിസ്ഥാനമെന്ന് വിശ്വസിക്കുന്നു.

**അധ്യായം 8**

81. The Bible Exposition Commentary, Vol.2, Wheaton, Il.: Victor Books, 1989, p.84
82. യൂദാ 24

**അധ്യായം 9**

83. യോഹന്നാൻ 6:28,29
84. യെശയ്യാവ് 64:6
85. യോഹന്നാൻ 12:26; 1 കൊരിന്ത്യർ 3:8; എഫെസ്യർ 2:10; 6:8; തീത്തോസ് 3:8; എബ്രായർ 6:10; വെളിപ്പാട് 22:12

**അധ്യായം 10**

86. യോഹന്നാൻ 10:27,28
87. റോമർ 11:29
88. 1 പത്രൊസ് 1:5; യൂദ 1,24
89. റോമർ 6:23
90. യോഹന്നാൻ 1:12
91. റോമർ 8:30
92. യോഹന്നാൻ 14:16
93. 2 കൊരിന്ത്യർ 1:22; 5:5; എഫെസ്യർ 1:14
94. 2 കൊരിന്ത്യർ 1:22; എഫെസ്യർ 1:13; 4:30
95. റോമർ 5:10
96. യോഹന്നാൻ 5:24
97. 1 കൊരിന്ത്യർ 15:3
98. യോഹന്നാൻ 19:30

99. റോമർ 8:38-39
100. 1 യോഹന്നാൻ 1:6
101. 1 യോഹന്നാൻ 2:1
102. 1 യോഹന്നാൻ 1:7
103. സങ്കീർത്തനം 51:12
104. സങ്കീർത്തനം 32:4
105. ഉല്പത്തി 19:14
106. 2 ശമുവേൽ 12:14
107. 2 തിമൊഥെയോസ് 2:19
108. സങ്കീർത്തനം 66:18
109. 1 കൊരിന്ത്യർ 3:15
110. 1 കൊരിന്ത്യർ 11:30
111. 1 കൊരിന്ത്യർ 9:27
112. 1 കൊരിന്ത്യർ 11:30
113. 1 കൊരിന്ത്യർ 3:15
114. സദൃശ്യവാക്യം 28:13

**അധ്യായം 11**

115. റോമർ 6:14
116. 1 കൊരിന്ത്യർ 9:21
117. യോഹന്നാൻ 8:36
118. ഗലാത്യർ 5:13
119. John F. MacArthur, Jr., Faith Works, Dallas: Word Publishing, 1993, p. 130
120. യൂദാ:4

**അധ്യായം 12**

121. ഗലാത്യർ 3:3
122. J.F. Strombeck, Disciplined By Grace, Grace and Truth, Moline, Ill.: 1946,p.102
123. റോമർ 6:1
124. റോമർ 6:2
125. എഫെസ്യർ 4:25-32
126. തീത്തോസ് 2:12
127. J.F. Strombeck, Disciplined By Grace, p.20

**അധ്യായം 13**

128. സങ്കീർത്തനം 81:16
129. യെശയ്യാവ് 54:17
130. ലൂക്കോസ് 23:34
131. സങ്കീർത്തനം 139:17-18
132. സങ്കീർത്തനം 36:5
133. സങ്കീർത്തനം 103:10
134. വിലാപങ്ങൾ 3:22-23

**അധ്യായം 14**

135. 1. H.A. Ironside, The Levitical Offerings, Neptune, NJ: Loizeaux Bros., 1982, p.64
136. എഫെസ്യർ 2:7